# അധ്യായം നാല്

# ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ്

ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റുത്സവം വിവിധ അനുഷ്ഠാനങ്ങളും ആചാരങ്ങളും അനുഷ്ഠാനാവതരണങ്ങളും ഉൾക്കൊള്ളുന്ന ഒരു അവതരണശൃംഖലയാണ്. ഇത് ചരിത്രങ്ങളിലൂടെ തുടർന്നുവരുന്ന ഒരു പാരമ്പര്യമായി കാണാം. ഈപ്രദേശത്തുള്ള നിരവധി ജാതിക്കൂട്ടായ്മകൾ അവകാശത്തോടുകൂടി ആചരിക്കുകയും പങ്കെടുക്കുകയുംചെയ്യുന്ന ഈപരമ്പര ചന്ദനശ്ശേരിക്കാവിലുള്ള വിശ്വാസത്തിലൂന്നിയാണ് നിറവേറപ്പെടുന്നത്.

## 4.1 ചന്ദനശ്ശേരിക്കാവ്

പാലാ-രാമപുരംറൂട്ടിൽ കോട്ടയംജില്ലയിലെ ഉഴവൂർബ്ലോക്കിൽ വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ തെക്കുകിഴക്കായി കുത്താട്ടുകുളം ടൗണിൽനിന്നും അഞ്ചുകിലോമീറ്റർ വടക്കുകിഴക്കായി പൂവക്കുളം എന്ന സ്ഥലത്താണ് ഉഗ്രമൂർത്തിയായ ഭദ്രകാളീപ്രതിഷ്ഠയുള്ള[1] ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്.



**ചന്ദനശ്ശേരിക്കാവ്**

#### 4.1.1 ഭൂപ്രകൃതി

പടിഞ്ഞാറോട്ട് ദർശനമായിട്ടുള്ള ഈക്ഷേത്രത്തിന്റെ വടക്കും കിഴക്കും പ്രദേശങ്ങൾ ക്ഷേത്രനിരപ്പിൽനിന്ന് ഉയർന്നതാണ്. തെക്കുഭാഗം ഫലഭൂയിഷ്ഠമായ വയലുകളും പടിഞ്ഞാറ് കുളവും പാല, ആൽ തുടങ്ങിയ വൃക്ഷങ്ങളുമുണ്ട്. ആരെയും ആകർഷിക്കുന്നതാണ് കാവും അതിന്റെ പരിസരവും.

#### 4.1.2 ഐതിഹ്യം

അഞ്ഞൂറുവർഷങ്ങൾക്കുമുൻപ് പൂവക്കുളംഗ്രാമത്തിൽ ഒരു യോഗീശ്വരൻ അധിവസിച്ചിരുന്നെന്നും അദ്ദേഹത്തിന്റെ അധീനതയിൽ ഉണ്ടായിരുന്ന ഈപ്രദേശമാകെ പടർന്നുപിടിച്ച വസൂരിരോഗത്തെ അകറ്റുന്നതിനും മറ്റ് അമാനുഷികശക്തികളിൽനിന്നും നാടിനെ രക്ഷിക്കുന്നതിനുമായി ഇവിടെ ഉഗ്രമൂർത്തിയായ ഭദ്രകാളീപ്രതിഷ്ഠ നടത്തിയെന്നും ക്ഷേത്രച്ചുമതല പൂവക്കുളത്തെ പുരാതനബ്രാഹ്മണകുടുംബങ്ങളെ ഏൽപിച്ചുവെന്നുമാണ് ഐതിഹ്യം.[2]

#### 4.1.3 കുഞ്ചരക്കാട്ടില്ലം

തൃശൂർജില്ലയിൽ മാളയ്ക്കടുത്ത് ഐരാണിക്കുളത്താണ് കുഞ്ചരക്കാട്ടുമന. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ചന്ദനശ്ശേരിക്കാവിന്റെ ചുമതല ഏറ്റെടുക്കാൻ അവകാശികളില്ലാതെവന്നപ്പോൾ ഐരാണിക്കുളത്തുനിന്നും ഇവർ ഇവിടെ എത്തിച്ചേർന്നതാണ്. പിന്നീട് ഈക്ഷേത്രത്തിലെ പൂജാദികർമങ്ങളും മറ്റുചുമതലകളും കുഞ്ചരക്കാട്ടില്ലക്കാരാണ് നിർവഹിച്ചുവരുന്നത്.

### 4.1.4 ക്ഷേത്രപ്രതിഷ്ഠ

ശ്രീപരമേശ്വരന്റെ തൃക്കണ്ണിൽനിന്നും ജന്മമെടുത്ത് ദാരികനിഗ്രഹം നടത്തിയ ഉഗ്രമൂർത്തിയും സർവമംഗളരൂപിണിയുമായ ശ്രീഭദ്രകാളിയാണ് ഇവിടുത്തെ പ്രതിഷ്ഠ. നാലുകൈകളിലായി വാൾ, ശൂലം, വെണ്മഴു, ദാരികശിരസ്സ് എന്നിവയോടുകൂടിയാണ് 'ഭദ്രകാളി' നിലകൊള്ളുന്നത്. അസുരനിഗ്രഹാനന്തരം അവരുടെ കൈകൾകൊണ്ടുള്ള ഉടയാടയും തലകൾകൊണ്ടുള്ള ഹാരവും അണിഞ്ഞിരിക്കുന്നു. ആനത്തലയാണ് കർണാഭരണം. ബ്രഹ്മരക്ഷസ്സ്, യക്ഷി എന്നീ ഉപദേവതകളുമുണ്ട്. ക്ഷേത്രത്തിനുപുറത്ത് വടക്കുകിഴക്കായി ക്ഷേത്രത്തിൽ പണ്ടുണ്ടായിരുന്ന വെളിച്ചപ്പാടിനെയും പ്രതിഷ്ഠിച്ചിരിക്കുന്നു.




### 4.1.5 ക്ഷേത്രാചാരങ്ങൾ

നിത്യപൂജയുള്ള ക്ഷേത്രമാണിതെന്ന് പറയാമെങ്കിലും ദിവസവും രാവിലെമാത്രമെ ഇവിടെ പൂജയുള്ളു. മീനമാസത്തിലെ ഉത്സവനാളുകളിൽ വിശേഷാൽപൂജകളും വഴിപാടുകളും ഉണ്ടായിരിക്കും. മലയാളമാസത്തിലെ ഭരണിനാൾ വിശേഷമാണ്. കൂടാതെ മേടംപത്ത് (പത്താമുദയം),

നവരാത്രിപൂജ, വിദ്യാരംഭം എന്നിവയും വളരെ പ്രധാനപ്പെട്ടതാണ്. ബലിക്കൽപ്പുരയിലെ കെടാവിളക്ക് ഇവിടുത്തെ സവിശേഷതയാണ്.

**4.1.6 വഴിപാടുകൾ**

ഗുരുതി, മാല, രക്തപുഷ്പാഞ്ജലി, നെയ്‌വിളക്ക്, കടുംപായസം, അറുനാഴിപായസം എന്നിവയാണ് പ്രധാനവഴിപാടുകൾ, മണ്ഡല മാസക്കാലത്ത് ക്ഷേത്രത്തിൽ പ്രത്യേക ദീപാരാധന, കളമെഴുത്തുംപാട്ടും എന്നിവ ഭക്തർ വഴിപാടായി നടത്തുന്നു. കൂടാതെ എല്ലാമാസവും ഭരണി നാളിൽനടക്കുന്ന സമൂഹാരാധനയിൽ ഈപ്രദേശത്തെ എല്ലാജനങ്ങളും ജാതിമതഭേദമെന്യേ പങ്കെടുക്കുന്നു. യക്ഷിക്കും ബ്രഹ്മരക്ഷസ്സിനും വെളിച്ചപ്പാടിനും മാസത്തിലൊരിക്കൽ ഞറുക്കിലനിവേദ്യവും നടത്തുന്നു.

**4.1.7 ഉത്സവം**

മീനമാസത്തിലെ അശ്വതി, ഭരണി, കാർത്തിക നാളുകളിലാണ് ഉത്സവം നടക്കുന്നത്. ഈക്ഷേത്രത്തിൽ കൊടിയേറ്റോ കൊടിമരമോ ഇല്ല. അനുഷ്ഠാനകലകൾക്കാണ് ഇവിടെ പ്രാധാന്യം. അനുഷ്ഠാനങ്ങളുടെയും അനുഷ്ഠാനാവതരണങ്ങളുടെയും ഒരു ശൃംഖല ക്ഷേത്രോത്സവത്തിന്റെ ഭാഗമായി നടക്കുന്നു. ഇവയുടെയെല്ലാം മുഖ്യഅവതരണമായിട്ടാണ് 'മുടിയേറ്റ്' ഈ ശൃംഖലയിൽ നിലകൊള്ളുന്നത്. മുടിയേറ്റ്, ഐവർകളി, മുടിയാട്ടം, കളമെഴുത്തുംപാട്ടും, ഗരുഡൻതൂക്കം, തുടങ്ങിയ അനുഷ്ഠാന കലകൾ ആണ് ഇവിടെ നടത്തുന്നത്. അശ്വതിനാളിൽ അരങ്ങേറുന്ന മുടിയേറ്റിന്റെ അനുബന്ധ അനുഷ്ഠാനങ്ങളും അനുഷ്ഠാനകലകളുമായിട്ടാണ് ഐവർകളി, മുടിയാട്ടം, ചുറ്റുവിളക്ക്, താലപ്പൊലി, കളമെഴുത്തുംപാട്ടും, ഇളംപാനഎഴുന്നെള്ളിപ്പ്, ഭരണിയൂട്ട്, കലംകരി, പൊങ്കാല, ഗരുഡൻതൂക്കം,

ഗുരുതി എന്നിവ നടത്തുന്നത്. പതിനഞ്ച് വർഷങ്ങളായിട്ട് ഇവിടെ മുടിയാട്ടം നടത്തുന്നില്ല. ഭരണിനാളിൽ നടത്തുന്ന ഭരണിയൂട്ടിൽ നൂറുകണക്കിന് ഭക്തർ പങ്കെടുക്കുന്നു. കഴിഞ്ഞ മൂന്നുവർഷമായി യുവജനങ്ങളുടെ അഭിപ്രായം മാനിച്ച് നാടകംപോലുള്ള കലാപരിപാടികൾ ഭരണിനാളിൽ നടത്തി വരുന്നുണ്ടെങ്കിലും മുടിയേറ്റിനുള്ള ജനപങ്കാളിത്തം ഇവയ്ക്കൊന്നുമില്ല.

### 4.1.8 സമീപവാസികൾ

വ്യത്യസ്തശ്രേണികളിലും ജാതി-മതവിഭാഗങ്ങളിലുംപെട്ട ജനങ്ങൾ ഇവിടെ താമസിക്കുന്നു. പ്രധാനതൊഴിൽ കൃഷിയാണെങ്കിലും കുലത്തൊഴിൽമുതൽ ഗവണ്മെന്റ്ജോലിവരെ ചെയ്യുന്നവർ ഇവിടെയുണ്ട്. സാമ്പത്തികമായി തീരെപിന്നോക്കം നിൽക്കുന്നവരല്ലെങ്കിലും സാമ്പത്തിക മായി വളരെഉയർന്ന നിലയിലുള്ളവർ ഇവിടെ ഇല്ലെന്നുപറയാം. നാനാജാതി മതസ്ഥരായജനങ്ങൾ സമ്പത്തിന്റെയോ വിദ്യാഭ്യാസത്തിന്റെയോ ഏറ്റക്കുറച്ചിലെന്യേ ഈ ക്ഷേത്രോത്സവത്തിൽ പങ്കാളികളാകുന്നു.

വർഷംതോറും നടത്തിവരാറുള്ള ഉത്സവാഘോഷങ്ങൾ ചന്ദനശ്ശേ രിക്കാവിൽ 'മുടിയേറ്റുത്സവം' എന്നപേരിലാണ് അറിയപ്പെടുന്നത്. എല്ലാവർഷവും മീനത്തിലെ അശ്വതി, ഭരണി, കാർത്തിക നാളുകളിലാണ് ഇവിടെ ഉത്സവം നടത്തുക. മുടിയേറ്റ് അരങ്ങേറുന്നത് അശ്വതിനാളിലാണ്. 2008–2009കാലംവരെ ക്ഷേത്രോത്സവത്തിന്റെ നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉണ്ടായിരുന്നില്ല. എന്നാൽ 2009മുതൽ ഇതിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പൊതുജനങ്ങളിൽനിന്നും ഉത്സവാഘോഷക്കമ്മിറ്റി രൂപീകരിച്ചുവരുന്നു. ഇവരുടെ മേൽനോട്ടത്തിലാണ് മൂന്നുദിവസം

നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ നടക്കുന്നത്. 2011-ലെ മുടിയേറ്റു ത്സവത്തിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

പതിവുപോലെ ഉത്സവാഘോഷങ്ങളുടെ അറിയിപ്പ് ഈ വർഷവും (2011) നോട്ടീസ് മുഖാന്തരം പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ട്. ഒന്നാം ഉത്സവമായ അശ്വതിനാളിൽ രാവിലെ അഞ്ചുമണിയോടെ ക്ഷേത്രത്തിലെ പതിവുപൂജകളിലും മുടിയേറ്റുത്സവവുമായി ബന്ധപ്പെട്ട മറ്റുവിശേഷാൽ പൂജകളിലും പങ്കെടുക്കുന്നതിനായി ധാരാളം ഭക്തജനങ്ങൾ എത്തിച്ചേർ ന്നിട്ടുണ്ട്. ഉച്ചപൂജ കഴിഞ്ഞ് പതിനൊന്നരമണിയോടെ നടയടച്ചു. ഉച്ചകഴിഞ്ഞ് മുടിയേറ്റുസംഘാംഗങ്ങൾ ക്ഷേത്രത്തിന്റെ വടക്കുവശത്തായി കെട്ടി ഉയർത്തിയ പന്തലിൽ ഉടുത്തുകെട്ടുകളുടെ മിനുക്കുപണിയിൽ പ്രവേശിച്ചു. കളമെഴുത്തോടെയാണ് മുടിയേറ്റിന്റെ ചടങ്ങുകൾ ആരംഭിക്കുന്നത്. ഇതിനുള്ള ഒരുക്കങ്ങൾ വലിയമ്പലത്തിൽ നടക്കുന്നു.

## 4.2 കളമെഴുത്തുംപാട്ടും

അതിപ്രാചീനമായ കേരളീയഅനുഷ്ഠാനകലയാണ് കളമെഴുത്തും പാട്ടും. കേരളത്തിലെ മിക്കക്ഷേത്രങ്ങളിലും കാവുകളിലും കളമെഴുത്തിന് പ്രാധാന്യമുണ്ട്. കളമെഴുത്ത് തനിച്ചും കളമെഴുത്തുംപാട്ടും ഒരുമിച്ചും നടത്താറുണ്ട്. കൂടാതെ അനുഷ്ഠാനകലകളായ മുടിയേറ്റ്, തീയാട്ട്, പാന, പുള്ളുവൻപാട്ട്, കെന്ത്രോൻപാട്ട്, ഗന്ധർവൻതുള്ളൽ, മലയൻകെട്ട്, ബലിക്കള, ഭഗവതിപ്പാട്ട്, കളത്തിലരിപ്പാട്ട്, തുടങ്ങിയവയുടെ അനുബന്ധ കലയായും കളമെഴുത്തുംപാട്ടും നടത്തുന്നു. പാരമ്പര്യമായി പകർന്നുകിട്ടിയ ചിത്രമെഴുത്തിന്റെ സങ്കേതങ്ങളുംമറ്റും കളമെഴുത്തിൽ പ്രകടമാക്കുന്നു. കൂട്ടായ്മയുടെ ഐശ്വര്യത്തിനും സമൃദ്ധിക്കുംവേണ്ടി ക്ഷേത്രങ്ങൾക്കും കാവുകൾക്കും പുറമെ തറവാടുകളിലും കളമെഴുത്തും പാട്ടും നടത്താറുണ്ട്.

ധൂളീചിത്രം എന്നപേരിൽ സംസ്കൃതഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നത് ചിത്രകലയുടെ കൈവഴികളിലൊന്നായ കളമെഴുത്തിനെക്കുറിച്ചാണ്. ഭാരതത്തിൽ അങ്ങോളമിങ്ങോളം ധൂളീചിത്രത്തിന് പ്രാധാന്യമുണ്ടായിരുന്നുവെന്നതിന് തെളിവാണ് ബംഗാളിലെ 'അൽപ്പന', മഹാരാഷ്ട്രയിലെ 'രംഗോളി', രാജസ്ഥാനിലെ 'മൻദന', ഉത്തരപ്രദേശിലെ 'ചൗക്ക് ചൂർണ്ണ', ഗുജറാത്തിലെ 'സതിയ', തെക്കെ ഇന്ത്യയിൽ പ്രചാരത്തിലുള്ള 'കോലം'തുടങ്ങിയവ. കേരളീയ പുരാതനപാരമ്പര്യകലയായ ചിത്രമെഴുത്തിന് വിഗ്രഹാരാധനയേക്കാൾ പഴക്കമുണ്ട്. എങ്കിലും കേരളത്തിലെ കളമെഴുത്തിനുള്ളത്ര അനുഷ്ഠാനപാരമ്പര്യം ഇവയ്ക്കൊന്നുമില്ല. (വിജയകുമാർ മേനോൻ., 2000 : 106). പരമ്പരാഗതമായ ചിത്രകലയ്ക്ക് കേരളത്തിൽ അഞ്ചു കൈവഴികളുണ്ട്. (1) കോലമെഴുത്ത് (2) ചുവർചിത്രരചന (3) മുഖത്തെഴുത്ത് (4) മുഖാവരണങ്ങൾ (5) കളമെഴുത്ത്.

പ്രകൃതിയിൽനിന്നെടുക്കുന്ന വ്യത്യസ്തങ്ങളായ പഞ്ചവർണപ്പൊടികൾകൊണ്ട് നിലത്തൊരുക്കുന്ന ഭദ്രകാളീരൂപം ചിത്രമെഴുത്തിലുള്ള മലയാളിയുടെ വൈദഗ്ധ്യത്തിനു തെളിവാണ്. അതോടൊപ്പം നിലവിളക്കിന്റെ ശോഭയിൽ തെളിയുന്ന ഈരൂപം പരമ്പരാഗതമായി ചിത്രകലയോടുള്ള അവന്റെ മനോഭാവത്തിന്റെ സ്മൃതിപടവുമാണ്. ക്ഷിപ്രപ്രസാദിയും ക്ഷിപ്രകോപിയുമായ ഭദ്രകാളിയെ പ്രസാദിപ്പിക്കാൻ അനുഷ്ഠാനകാര്യത്തിൽ യാതൊരുസന്ധിയുമില്ലാതെ കൃത്യമായ പൂജാവിധികളോടെയാണ് കളം ഒരുക്കുന്നത്.

അമ്മദൈവാരാധന, ഉർവരാരാധന, ശൈവാരാധന, ആയുധപൂജ തുടങ്ങിയ ആരാധനാരീതികളുടെയും സംഗീതം, സാഹിത്യം, ചിത്രമെഴുത്ത്,

തുടങ്ങിയവയുടെയും സംഗമമാണ് കളമെഴുത്തുംപാട്ടും (മുണ്ടേക്കാട്, ബാബു., 2002 : 20). മണ്ണാൻ, പാണൻ, മലയൻ, വേലൻ, വണ്ണാൻ, പുള്ളുവൻ, മുന്നൂറ്റാൻ, തീയമ്പാടിനമ്പ്യാർ, തീയാട്ടുണ്ണികൾ, തെയ്യംപാടിക്കുറുപ്പ്, കല്ലാറ്റകുറുപ്പ്, തുടങ്ങിയ സമുദായക്കാരാണ് പ്രധാനമായും കളമെഴുതുന്നത്. ബ്രാഹ്മണർ പൂജാദികർമങ്ങളോടൊപ്പം ഇടുന്ന 'പത്മങ്ങൾ' കളമെഴുത്തിൽ പ്പെടുന്നു. ഇന്ന്, മുകളിൽപറഞ്ഞ സമുദായങ്ങൾകൂടാതെ നായർ, ഈഴവർ തുടങ്ങി എല്ലാ സമുദായങ്ങളിൽപ്പെട്ടവരും കളമെഴുതുന്നുണ്ട്. മുൻപ് പാരമ്പര്യമായി കൈമാറിവന്നിരുന്ന ഈ അനുഷ്ഠാനകല ഇന്ന് സമുദായിക ഭേദമെന്യേ താൽപര്യമുള്ളവരെ അഭ്യസിപ്പിക്കുന്നതിനായി കളരികൾ നിലവിലുണ്ട്. കൊരട്ടിയിലുള്ള കിഴക്കേവാരണാട്ട് 'ശ്രീഭദ്രാമുടിയേറ്റ്' സംഘംവക കളരിയിൽ ചുട്ടിയിടലും കളമെഴുത്തും അഭ്യസിപ്പിക്കുന്നുണ്ട്. മുടിയേറ്റിന്റെ കളമെഴുതുന്ന കുറുപ്പിനെ ചേലനാട്ട് അച്യുതമേനോൻ കേരളീയചിത്രകലയുടെ പിതാവെന്ന് വിശേഷിപ്പിക്കുന്നു (1943 : 59). കളമെഴുത്തിലുടെ കുറുപ്പന്മാരാണ് മലയാളിയുടെ മനസ്സിൽ അമ്മദൈവമായ ഭദ്രകാളിയ്ക്ക് നിയതമായ ഒരുരൂപം കുറിച്ചിട്ടത്.

**4.2.1 പുരാവൃത്തം**

ദാരികനിഗ്രഹത്തിനുശേഷം കോപമടങ്ങാതെ ദാരികശിരസ്സുമായി കൈലാസത്തിലെത്തിയ കാളിയെ ശാന്തയാക്കാൻ ശിവന്റെ നിർദേശ മനുസരിച്ച് സുബ്രഹ്മണ്യൻ ദേവിവരുന്നവഴിയിൽ പഞ്ചവർണപ്പൊടികൊണ്ട് സർവാഭരണായുധഭൂഷിതയായി താണ്ഡവമാടുന്ന കാളിയുടെരൂപം കുറിക്കുന്നു. സഞ്ചാരപഥത്തിൽ തന്റെ പ്രതിഛായകണ്ട് കാളിയുടെ കോപമ ടങ്ങുന്നു. ഇതാണ് കളമെഴുത്തിനുപിന്നിലുള്ള പുരാവൃത്തം.

### 4.2.2 കളമെഴുത്ത്

നിലമടിച്ച് ചാണകവുംമറ്റും തളിച്ച് ശുദ്ധമാക്കിയ തറയിൽ ഉച്ചപ്പാട്ടോടുകൂടിയാണ് കളംവരതുടങ്ങുക. കളംവരയ്ക്കാനൊരുങ്ങുന്ന നിലത്തിന്റെ മധ്യഭാഗത്തായി ഉമിക്കരികൊണ്ട് കീഴ്മേലായി ഒരുനേർവര വരയ്ക്കുന്നു. ഈ വരയുടെ ഏറ്റവുംമുകളിലായി തല രൂപപ്പെടുത്തുന്നു. നവതാലം എന്ന പരമ്പരാഗതരീതിയനുസരിച്ച് അംശീകരിച്ചാണ് കളമെഴുതുന്നതെങ്കിലും കൃത്യമായി അളന്നെടുക്കാതെ ഒരു ഊഹമനുസരിച്ച് (കൈക്കണക്ക്) ആണ് കളമെഴുതുന്നത്. ഉമിക്കരിയും അരിപ്പൊടിയുംകൊണ്ട് ഭദ്രകാളിയുടെ രേഖാചിത്രം വരച്ചതിനുശേഷം വാകപ്പൊടി, മഞ്ഞൾപ്പൊടി തുടങ്ങിയ പഞ്ചവർണപ്പൊടികൾകൊണ്ട് കളംപൂർത്തിയാക്കുന്നു. കേശാദിപാദക്രമത്തിലാണ് കളമെഴുതുന്നത്. നിലത്തുനിന്ന് ഉയർന്നുനിൽക്കുന്ന സ്തനം, നാസിക, കണ്ണ് എന്നിവ ത്രിമാനരൂപത്തിലാണ് ഒരുക്കുന്നത്. സ്തനങ്ങൾരണ്ടും ആദ്യംനെല്ലും അതിനുമേൽ അരിയുമിട്ട് ഉയർത്തിയതിനുശേഷം വർണപ്പൊടികൾ വിതറുന്നു. സ്തനങ്ങൾ ഒരുക്കുന്നതിന് ഒരുപറനെല്ലും ഒരുപറഅരിയുംവരെ വേണ്ടിവരാറുണ്ട് (അറുപത്തിനാല് കൈകളുള്ള ദേവിയെ എഴുതുമ്പോൾ അഞ്ചുപറ നെല്ലും അഞ്ചുപറ അരിയും വരെ സ്തനങ്ങൾ ഒരുക്കാൻ എടുക്കുന്നു).

പ്രകൃതിദത്തമായ പഞ്ചവർണപ്പൊടികളാണ് ഇതിനുപയോഗിക്കുന്നത്. പച്ചയ്ക്ക് വാകയുടെയോ മഞ്ചാടിയുടെയോ ഇല ഉണക്കിപ്പൊടിച്ചും മഞ്ഞയ്ക്ക് മഞ്ഞൾപ്പൊടിയും കറുപ്പിന് ഉമിക്കരിയും വെള്ളയ്ക്ക് അരിപ്പൊടിയും ചുവപ്പിന് മഞ്ഞൾപ്പൊടിയിൽ ആവശ്യത്തിന് ചുണ്ണാമ്പു ചേർത്ത് കരിക്കിൻവെള്ളം തളിച്ച് യോജിപ്പിച്ചെടുത്തതും ഉപയോഗിക്കുന്നു.

ഭദ്രകാളിയുടെ ശരീരഭാഗങ്ങൾക്ക് പച്ചയും വീരാളിപ്പട്ടിന് ചുവപ്പും അതിനു മുകളിൽ മനോധർമ്മമനുസരിച്ച് മഞ്ഞയും വെള്ളയും ഇട്ട് മോടി പിടിപ്പിക്കുന്നു. കൈവിരലുകൾകൊണ്ട് അതീവശ്രദ്ധയോടെമെനയുന്ന കളം പഞ്ചവർണ പ്പൊടിയിൽ അത്യാകർഷകമാവുന്നു. നാലുമുതൽ പതിനാറുകൈകൾ വരെയുള്ള കളങ്ങളാണ് മുടിയേറ്റിന് വരയ്ക്കുന്നത്. കളംവര പൂർത്തിയാക്കിയ തിനുശേഷം വാൽക്കണ്ണാടികൊണ്ടോ സ്വർണസൂചികൊണ്ടോ നേത്രോ ന്മീലനം നടത്തുന്നു. വാൾ, വെണ്മഴു, ശൂലം എന്നിങ്ങനെയുള്ള ആയുധ ങ്ങളും ദാരികശിരസ്സുമേന്തിയ ദേവിയുടെചിത്രം ആരിലും ഭയവും ഭക്തിയും ജനിപ്പിക്കും.

പടിഞ്ഞാറോട്ടോ വടക്കോട്ടോ ദർശനം വരത്തക്കരീതിയിലാണ് കളമെഴുത്തെങ്കിലും ശീർഷകം കിഴക്ക് വരത്തക്കരീതിയിലാണ് അധികം കളങ്ങളുമെഴുതാറ്. കളമെഴുത്ത് പൂർത്തിയായിക്കഴിഞ്ഞാൽ വെച്ചൊരുക്ക്, സന്ധ്യക്കൊട്ട്, എതിരേൽപ്പ്, കളംഏറ്റുവാങ്ങൽ, കളംപൂജ, കളംപാട്ട്, തിരിയു ഴിച്ചിൽ, കളംമായ്ക്കൽ എന്നീചടങ്ങുകൾ ആചാരാനുഷ്ഠാനങ്ങളോടെ കളംവരച്ച കുറുപ്പോ ക്ഷേത്രമേൽശാന്തിയോ നിർവഹിക്കുന്നു.

### 4.2.3 സന്ധ്യക്കൊട്ട്

കളമെഴുത്തുംപാട്ടും നടക്കുന്നു എന്നതിന്റെ മുന്നറിയിപ്പാണ് സന്ധ്യക്കൊട്ട്. ചെണ്ട, വീക്കൻചെണ്ട, ഇലത്താളം എന്നിവ ഉപയോഗിച്ചാണ് സന്ധ്യക്കൊട്ട് നടത്തുന്നത്.

### 4.2.4 വെച്ചൊരുക്ക്

കളംവര പൂർത്തിയായതിനുശേഷം എട്ടുകൈകളുള്ള ദേവിയ്ക്ക് എട്ടുവശത്തും നിവേദ്യമായി വാഴയിലയിൽ നെല്ല്, അരി, നാളികേരം,

കവുങ്ങിൻപൂക്കുല, നിലവിളക്ക് എന്നിവവെച്ച് ഒരുക്കുന്നു. കൈയുടെ എണ്ണമനുസരിച്ചാണ് ഇവവെയ്ക്കുക. ഇതിന് വെച്ചൊരുക്ക് എന്നുപറയുന്നു. പുതിയക്ഷേത്രപ്രതിഷ്ഠനടത്തിയതിന് തുല്യമായ പ്രധാന്യമാണ് പൂർത്തിയായ ഭദ്രകാളിക്കളത്തിനുള്ളത്. അതുപോലെ ഉപദേവതാപ്രതിഷ്ഠ യ്ക്കുതുല്യമാണ് എട്ടുദിക്കിലുമായിവെയ്ക്കുന്ന നിവേദ്യം (ഇത് അഷ്ടദിക്പാലക സങ്കൽപത്തിലുമാകാം).

### 4.2.5 എതിരേൽപ്പ്

ക്ഷേത്രത്തിലൂള്ള ദേവിയുടെചൈതന്യത്തെ മേൽശാന്തി ആവാഹിച്ച് പുറത്തേക്കെഴുന്നെള്ളിക്കുന്നു. തുടർന്ന് നിർദിഷ്ടസ്ഥാ നത്തിരുത്തി പൂജകഴിച്ച് വാദ്യമേളങ്ങളുടെഅകമ്പടിയോടെ ക്ഷേത്രത്തി നുചുറ്റും പ്രദക്ഷിണംവെച്ച് കളത്തിലേക്കെഴുന്നെള്ളിച്ചിരുത്തുന്നു.

### 4.2.6 കളംപൂജ

കളത്തിലാവാഹിച്ചിരുത്തിയ ദേവിയ്ക്ക് പ്രത്യേകം പൂജചെയ്ത് നിവേദ്യംവെയ്ക്കുന്നു. ഇത് കളംവരച്ച കുറുപ്പോ ക്ഷേത്രത്തിലെ മേൽ ശാന്തിയോ ആയിരിക്കും ചെയ്യുക.

### 4.2.7 കളംഏറ്റുവാങ്ങൽ

ദീപാരാധനയ്ക്കുശേഷം കളമെഴുത്ത് വഴിപാടായിനടത്തിയ ഭക്തനോ, ക്ഷേത്രഭരണാധികാരികളോ കളത്തിൽ ദക്ഷിണസമർപിച്ച് കളം ഏറ്റുവാങ്ങുന്നു.

### 4.2.8 തിരിയുഴിച്ചിൽ

എണ്ണയിൽ നനച്ചതിരി ഒരു തളികയിൽ ഒരുക്കിവെച്ചിരിക്കുന്നു. ഇത് കത്തിച്ച് കളത്തെയും വഴിപാടുകാരനെയും ഉഴിയുന്നു.

#### 4.2.9 കളംപാട്ട്

തിരിയുഴിച്ചിൽ കഴിയുന്നതോടെ കളംപാട്ട് ആരംഭിക്കുന്നു. ഗണപതിസ്തുതിയോടെയാണ് കളംപാട്ട് ആരംഭിക്കുന്നത്. തുടർന്ന് സരസ്വതി, ശിവൻ തുടങ്ങിയ ദേവതമാരെ സ്തുതിക്കുന്ന തോറ്റങ്ങൾ പാടിയതിനുശേഷം ദേവിയുടെ പാദാദികേശവും കേശാദിപാദവും വർണിക്കുന്ന തോറ്റങ്ങൾ ആലപിക്കുന്നു. കളംപാട്ടിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ നന്തുണിയും ഇലത്താളവും വീക്കൻചെണ്ടയുമാണ്.

#### 4.2.10 കളംമായ്ക്കൽ

കളമെഴുത്തുംപാട്ടിന്റെ ഏറ്റവുംഅവസാനത്തെ ചടങ്ങാണിത്. പന്തലൊരുക്കുന്നതിനുപയോഗിച്ച കുരുത്തോല, കവുങ്ങിൻപൂക്കുല ഇവയി ലേതെങ്കിലും ഉപയോഗിച്ചാണ് കളംമായ്ക്കുന്നത്. പാദംമുതൽ മുകളി ലേയ്ക്കാണ് മായ്ക്കുന്നത്. ചില സ്ഥലങ്ങളിൽ കേശംമുതൽ താഴേയ്ക്കും മായ്ക്കാറുണ്ട്. നിലംവിട്ട് ഉയർന്നുനിൽക്കുന്നഭാഗങ്ങൾ പൂക്കുലയോ കുരുത്തോലയോ ഉപയോഗിച്ച് മായ്ക്കാറില്ല. അവസാനം ഈഭാഗങ്ങൾ വലതു കൈകൊണ്ട് മായ്ക്കുന്നു. മുഖമെഴുതിയ പഞ്ചവർണപ്പൊടി ഭക്തർക്ക് പ്രസാദമായി നൽകുന്നു. വെച്ചൊരുക്കിനുപയോഗിച്ച നെല്ലും അരിയും നാളികേരവും കളംവരച്ചവർക്ക് അവകാശപ്പെട്ടതാണ്.

പൊതുവെ കാണുന്ന അനുഷ്ഠാനക്രമമാണ് ഇവിടെവിശദീക രിച്ചത്. എന്നാൽ പ്രാദേശികഭേദമനുസരിച്ച് ഈക്രമത്തിന് വ്യത്യാസംവരാം. വ്യത്യസ്തസംസ്കാരങ്ങളുടെ കൂടിച്ചേരലാണ് കളമെഴുത്തുംപാട്ടിലും കാണുന്നത്. കളംപൂർത്തിയാക്കിയശേഷം ദേവിയുടെ രണ്ട്പാദങ്ങളുടെയും താഴെയായി അഞ്ചുമുനയുള്ള ഒരു നക്ഷത്രം വരച്ച് ഇത് മഞ്ഞൾപ്പൊടിയും

അരിപ്പൊടിയുംകൊണ്ട് അലങ്കരിക്കുന്നു. ഈ കളത്തിന് ‘കൈലാസം‘ എന്നാണ് പറയുന്നത്. അമ്മയുടെകളം വരയ്ക്കുമ്പോൾ എവിടെയെങ്കിലും എന്തെങ്കിലും പാകപ്പിഴ സംഭവിച്ചിട്ടുണ്ടങ്കിൽ ‘കൈലാസം’ ഇട്ടാൽ ആ ദോഷങ്ങളെല്ലാം മാറിപ്പോകുമെന്നാണ് വിശ്വാസം[3]. കളംമായ്ക്കുമ്പോൾ ആദ്യംമായ്ക്കുന്നത് ‘കൈലാസ’മാണ്. കാവിനെയും കുറുപ്പിനെയും ആശ്ര യിച്ചാണ് കളമെഴുത്തുനിൽക്കുന്നത്. ഭദ്രകാളിയെക്കൂടാതെ അയ്യപ്പൻ, വേട്ടക്കൊരുമകൻ, ത്രിപുരാന്തകൻ, ആരിമ്പമ്പി, കരിമകൻ, എറഞ്ഞുപുരാൻ, പരേണൻ, അന്തിമലയാര്, അന്തിമഹാകാളൻ, ബ്രഹ്മരാക്ഷസൻ, നീലവട്ടാരി, കുരുതിരാമൻ, രുധിരമഹാകാളി, അസുരമഹാകാളൻ, ക്ഷേത്രപാലൻ, ഗന്ധർവൻ, വീരഭദ്രൻ, നാഗം, ഭൂതക്കളം തുടങ്ങിയ കളങ്ങളും വരയ്ക്കാറുണ്ട് (മുണ്ടേക്കാട്, ബാബു., 2002 : 58-65).

പഞ്ചവർണപ്പൊടികൾകൊണ്ടുള്ള എഴുത്തായതിനാൽ നിലത്ത ല്ലാതെ ഭിത്തിയിലോ കാൻവാസിലോ വരയ്ക്കാൻസാധ്യമല്ല. നാടൻ മനസ്സുകളെ കൂടുതൽ ആകർഷിക്കുന്ന വർണപ്രപഞ്ചം സൃഷ്ടിക്കുന്ന കളമെഴുത്തിനെ ഒഴിവാക്കിനിർത്തിക്കൊണ്ടുള്ള നാടൻകലാപഠനം അസാധ്യമാണ്. നമ്മുടെ പാരമ്പര്യവും സംസ്കാരത്തനിമയും കലാ വൈഭവവും വിളിച്ചറിയിക്കുന്ന കളമെഴുത്തുംപാട്ടും വ്യത്യസ്തകലകളുടെ സംഗമമാണ്.

മറ്റുക്ഷേത്രങ്ങളിൽ മുടിയേറ്റിനുമുൻപുമാത്രം കളമെഴുത്തും പാട്ടും നടത്തുമ്പോൾ ചന്ദനശ്ശേരിക്കാവിൽ മുടിയേറ്റുകഴിഞ്ഞ് ഭരണിനാളിലും കളമെഴുത്തുംപാട്ടും നടക്കുന്നു. ഇത് പുരാവൃത്തത്തിൽ ദാരികവധംകഴിഞ്ഞ് കലിഅടങ്ങാതെ വരുന്നകാളിയുടെ കലിശമിപ്പിക്കുന്നതിനായി സുബ്രഹ്മ ണ്യൻ കോറിയിട്ട കളത്തിന്റെ സങ്കൽപമാണ്. കാലാനുസൃതമായമാറ്റങ്ങൾക്ക്

വിധേയമാകാതെ നിലനിൽക്കുന്ന മുടിയേറ്റിന്റെ പ്രാചീനരൂപമാണ് ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു.

കളം വരയ്ക്കുന്നത് ശ്രീകോവിലിന്റെ വടക്ക്പടിഞ്ഞാറു വശത്തുള്ള വലിയമ്പലത്തിലാണ്. കളമെഴുതുന്നസ്ഥലം ശുദ്ധീകരിച്ച് അതിനുമുകളിലായി നാലുവശവും കയർവലിച്ചുകെട്ടി മാറ്റ്വിരിച്ച് അതിൽ കുരുത്തോല, മാവില, ആലില, വെറ്റില, പൂമാല എന്നിവകൊണ്ട് അലങ്കരിക്കുന്നു.




തുടർന്ന് മേൽശാന്തി ശ്രീകോവിലിനുള്ളിൽനിന്നും തെളിച്ചുകൊടുത്ത വിളക്കുവെച്ച്, ഒരു വാഴയിലയിൽ നെല്ലും അതിനുമുകളിൽ മറ്റൊരിലയിൽ അരിയും അതിനുമുകളിൽ നാളികേരവുംവെച്ച്, കവുങ്ങിൻ പൂക്കുലകൊണ്ട് അലങ്കരിക്കുന്നു. കിഴക്കുപടിഞ്ഞാറായിട്ടെഴുതുന്നദേവീ ചിത്രത്തിന്റെ തലയ്ക്കലായിട്ട് ഈ നിവേദ്യം വെയ്ക്കുന്നു[4]. ചന്ദനശ്ശേരിക്കാവിലമ്മ പടിഞ്ഞാറേയ്ക്കുദർശനമുള്ള ഉഗ്രമൂർത്തിയാണ്. അമ്മയ്ക്ക് അഭിമുഖമായിട്ടിരുന്നാണ് കളമെഴുതുന്നത്. എട്ടുകൈകളോടുകൂടിയതും ത്രിനയനയുമായ ഭദ്രകാളീരൂപമാണ് എഴുതുന്നത്. സാധാരണ നാലുമുതൽ അറുപത്തിനാല് കൈകൾവരെയുള്ള കളങ്ങളാണ് വരയ്ക്കുന്നത്. വൈക്ക

ത്തമ്പലത്തിൽ പന്ത്രണ്ടുവർഷത്തിലൊരിക്കൽനടക്കുന്ന 'വടക്കുപുറം പാട്ടി'ന് അറുപത്തിനാലുകൈകളുള്ള കളമാണ് വരയ്ക്കുന്നത്.

മറ്റുക്ഷേത്രങ്ങളിൽ കുറുപ്പിന്റെ മുടിയേറ്റിന് കുറുപ്പ് തന്നെയാണ് കളമെഴുത്തും കളംപൂജയും നടത്തുന്നത്. എന്നാൽ ചന്ദനശ്ശേരിക്കാവിൽ മാരാന്മാരാണ് കളമെഴുതുന്നത്. കാലാകാലങ്ങളായി പൂവത്തൂർകരയിലെ മുണ്ടയ്ക്കൽതറവാട്ടുകാരുടെ അവകാശമാണ് ഇവിടുത്തെ കളമെഴുത്ത്. കഴിഞ്ഞപത്തുവർഷമായി രാമകൃഷ്ണമാരാരാണ് കളമെഴുതുന്നത്. കളം വരയ്ക്കുന്നതിന്റെ ക്രമം ഇങ്ങനെയാണ്. ആദ്യം ഉമിക്കരികൊണ്ട് കിഴക്കുപടിഞ്ഞാറായി ഒരുനേർവരയിടുന്നു. തുടർന്ന് വരയുടെമുകളിലായി (കിഴക്കുഭാഗം) ഉമിക്കരികൊണ്ട് ദേവിയുടെ മുഖത്തിന്റെ ഒരുരൂപരേഖ എഴുതുന്നു. തുടർന്ന് മറ്റുഭാഗങ്ങൾ ഓരോന്നായിവരയ്ക്കുന്നു. മുഖത്തിന്റെ മൂന്നിരട്ടിവലിപ്പമാണ് പൊക്കിൾവരെയുള്ളഭാഗം. ഇത് അളന്നല്ല വരയ്ക്കുന്നത്. പൂർണമായും ഒരുമനക്കണക്കാണ്. ആറുമണിയോടെ ക്ഷേത്രത്തിന്റെ മുൻവശത്തുള്ള കൽവിളക്കും ചുറ്റുവിളക്കും ഭക്ത ജനങ്ങളുടെ സഹകരണത്തോടെ തെളിയ്ക്കാൻ ആരംഭിച്ചു.

പൂർത്തിയാക്കിയകളം പഞ്ചവർണപ്പൊടികൊണ്ട് അലങ്കരിക്കുന്നു. കാണുന്ന ശരീരഭാഗങ്ങളിൽ (വസ്ത്രങ്ങളില്ലാത്ത) പച്ചയും മറ്റുഭാഗങ്ങളിൽ പുറമെനിന്ന് നോക്കുമ്പോൾ ഉമിക്കരിയോടുചേർന്ന് വെള്ള, കറുപ്പ്, ചുവപ്പ്, മഞ്ഞ എന്ന ക്രമത്തിലാണ് നിറമണിയുന്നത്. നിലംവിട്ട ഉയർന്നുനിൽക്കുന്ന ശരീരഭാഗങ്ങളായ സ്തനങ്ങൾ, നാസിക, എന്നിവ നെല്ലും അരിയും കൊണ്ടാണ് രൂപപ്പെടുത്തുന്നത്. സ്തനങ്ങളിൽ വലതുവശം നെല്ലും ഇടതുവശം അരിയുമാണ് ഉപയോഗിക്കുന്നത്. പണ്ട് ഇതിന് ഒരുപറനെല്ലും അരിയുംവരെ ഉപയോഗിച്ചിരുന്നു. ഏറ്റവും അവസാനമാണ്ദൃഷ്ടി (കൃഷ്ണമണി) യിടുന്നത്.




**ഭദ്രകാളിയുടെ കളമെഴുത്ത്**

കളംവരയ്ക്കാൻഉപയോഗിക്കുന്നപഞ്ചവർണപ്പൊടികൾ കറുപ്പു നിറത്തിന് ഉമിക്കരി, പച്ചനിറത്തിന് വാകപ്പൊടി, മഞ്ഞനിറത്തിന് മഞ്ഞൾപ്പൊടി, വെള്ളനിറത്തിന് അരിപ്പൊടി, ചുവപ്പുനിറത്തിന് മഞ്ഞളും ചുണ്ണാമ്പും കൂട്ടിച്ചേർത്തത് എന്നിവയെടുക്കുന്നു. പ്രകൃതിയുംമനുഷ്യനും തമ്മിലുള്ള വേർപെടുത്താനാവാത്ത ബന്ധത്തിന്റെ പ്രതീകങ്ങളാണ് പ്രകൃതിദത്തമായ പഞ്ചവർണപ്പൊടികൾ. കറുപ്പിന്റെ പശ്ചാത്തലത്തിൽ വരയ്ക്കുന്ന ഉഗ്രമൂർത്തിയായ ഭദ്രകാളി തമസ്സിന്റെ-ദുഷ്ടതയുടെമേൽ ആധിപത്യം സ്ഥാപിക്കുന്ന ശക്തിയുടെ പ്രതീകമാകാം. ദാരികവധം

കഴിഞ്ഞെത്തുന്ന ഗൗരവഭാവത്തിലുള്ള ഭദ്രകാളിയുടെരൂപമാണ് പഞ്ച വർണപ്പൊടികൾകൊണ്ട് വരയ്ക്കുന്നത്.

കൈകളിൽ വിവിധതരത്തിലുള്ള ആയുധങ്ങൾ, ദാരികശിരസ്സ് എന്നിവ വരയ്ക്കുന്നു. അന്തിമഹാകാളൻപോലുള്ള ക്ഷേത്രങ്ങളിലും വൈക്കത്തെ വടക്കുപുറത്തുപാട്ടിന്റെ പന്ത്രണ്ടാംദിവസവും വേതാളത്തിന്റെ പുറത്തിരിക്കുന്ന അറുപത്തിനാലുകൈകളോടുകൂടിയ കാളിയെയാണ് വരയ്ക്കുന്നത്. മൂന്നുമണിയോടെ ആരംഭിച്ച കളമെഴുത്ത് ദീപാരാധനയ്ക്കു മുൻപായി പൂർത്തിയാക്കുന്നു. ഈസമയം ചുറ്റുവിളക്കിന്റെ ശോഭ ക്ഷേത്രവും ക്ഷേത്രപരിസരവും നിറഞ്ഞു.



**പൂർത്തിയാക്കിയകളം**

ദീപാരാധനയ്ക്കുമുൻപായി ക്ഷേത്രാങ്കണത്തിലേക്ക് താലപ്പൊലിയേന്തിയ സ്ത്രീകളും കുട്ടികളും എത്തിച്ചേർന്നുകൊണ്ടിരുന്നു. തുടർന്ന് ദീപാരാധന യ്ക്കായി നടയടച്ചു. ദീപാരാധനകഴിഞ്ഞതോടെ 'കാപ്പു'[5] കെട്ടാൻ പോകുന്നു എന്ന് പൂജാരി അറിയിക്കുന്നു. 'കാപ്പ്' കെട്ടിക്കഴിഞ്ഞതോടെ 'സന്ധ്യക്കൊട്ട്'[6] ആരംഭിക്കുന്നു. ക്ഷേത്രത്തിനുപുറത്ത് നടനേരെ നിന്നാണ് കൊട്ടുന്നത്. ചെണ്ട, വീക്കൻചെണ്ട, ചേങ്കില എന്നീ വാദ്യോപകരണങ്ങളാണ് ഇതിനുപയോഗിക്കുന്നത്. ഏഴുപേരാണ് ഈ വാദ്യമേളസംഘത്തിൽ ഉണ്ടാവുക. ഏതാണ്ട് മുപ്പത്-നാൽപ്പത്തിയഞ്ച് മിനിറ്റ് നീണ്ടു നിൽക്കു ന്നതാണ് 'സന്ധ്യക്കൊട്ട്'. 'കാപ്പ്' കെട്ടിയശേഷം മേൽശാന്തി അത്താഴപൂജ യ്ക്കുമുൻപായി 'എതിരേൽപ്പും' 'കളംപൂജ'യും നടത്തുന്നു. ദേവീചൈത ന്യത്തെ ശ്രീകോവിലിൽനിന്നും ആവാഹിച്ച് പുറത്തേയ്ക്ക് എഴുന്നെള്ളിച്ച് നിർദിഷ്ടസ്ഥാനത്തിരുത്തുന്നു. തുടർന്ന് പൂജകഴിച്ച് വാദ്യമേളങ്ങളുടെ അകമ്പടിയോടെ ക്ഷേത്രത്തിന് പ്രദക്ഷിണംവെച്ച് കളത്തിലിരുത്തുന്നു. ഇതാണ് എതിരേൽപ്പ്. തുടർന്ന് മേൽശാന്തി കളംപൂജിക്കുന്നു.



**സന്ധ്യക്കൊട്ട്**

ചിലസ്ഥലങ്ങളിൽ കളംവരയ്ക്കുന്ന കുറുപ്പന്മാർ തന്നെയാണ് കളംപൂജ നടത്തുന്നത്. ഒരു തളികയിൽ പൂക്കുലഅരിഞ്ഞത്, നെല്ല്, അരി എന്നിവയും അതോടൊപ്പം എണ്ണയിൽനനച്ച കുറച്ച് തിരിയും തിരിയു

ഴിച്ചിലിനായി ഒരുക്കിവെച്ചിരിക്കുന്നു. പൂജാരി തിരികത്തിച്ച് കളവും ക്ഷേത്രവും തുടർന്ന് ഭക്തജനങ്ങളെയും ഉഴിയുന്നു. ഉഴിഞ്ഞതിരി തൊട്ടുവന്ദിച്ചുകൊണ്ട് ജനങ്ങൾ പ്രസാദംസ്വീകരിക്കുന്നു. ഇതാണ് 'തിരിയുഴിച്ചിൽ'. ഇതിനുശേഷം മേൽശാന്തി ക്ഷേത്രത്തിലേയ്ക്കുപോകുന്നു. കളംവരച്ച രാമകൃഷ്ണമാരാർ വീക്കൻചെണ്ട, ചേങ്കില എന്നിവയുടെ അകമ്പടിയോടെ ഭദ്രകാളിസ്തുതി നടത്തുന്നു. ഇതാണ് കളംപാട്ട്. ഇതിൽ ആദ്യം പന്തലൊരുക്കുന്നവിധവും തുടർന്ന് ദേവിയുടെ പാദാദികേശവും കേശാദിപാദവും വർണിക്കുന്ന തോറ്റങ്ങൾപാടുന്നു. ഈ തോറ്റങ്ങളിലൂടെ ദേവിയെപുന:സൃഷ്ടിക്കുകയാണിവിടെ. കളമെഴുത്തിന് എങ്ങിനെ പന്തലൊരുക്കണമെന്ന് വിവരിക്കുന്ന തോറ്റത്തിന്റെ അവസാനം ദേവീകടാക്ഷത്തിനായി പ്രാർഥിക്കുകയും ചെയ്യുന്നു.



**കളംപൂജ**



**തിരിയുഴിച്ചിൽ**

' പൂക്കുലമാല മാർന്തളിർ ചെമ്പരുത്തിപ്പൂമലരും
കുരുത്തെങ്ങിനോല നല്ല വൻപുള്ളമാലതൂക്കി
നാക്കിലതന്നിൽ വെള്ളരി വെള്ള വെറ്റില നല്ലതേങ്ങാ
നിനക്കുചേരും വിളക്കോടു പീഠം ഏറിനകൂറ
വാളോ പാട്ടിനാലലങ്കരിച്ച കളത്തിൽ
വന്നുടനാടുമമ്മേ ഒരു തുണചെയ്കവേണമിവർക്ക്

നമ്മവരുത്തി നന്നായ് ഓതിയുണർന്നോ

വേദവ്യോ കൈതൊഴുന്നേൻ

ഒന്നല്ലോ ........ മൂലതായേ........ ' എന്ന തോറ്റം വീക്കൻചെണ്ടയുടെയും ചേങ്കിലയുടെയും അകമ്പടിയോടെ കളമെഴുതിയ ആൾ ഭക്തിപൂർവം ത്രിപുടതാളത്തിൽ ആലപിക്കുന്നു. തുടർന്ന്,

'ചെമ്പൊന്നിൻ പുറവടിവിരലൊ കൈ തൊഴുന്നേൻ ' എന്നു തുടങ്ങുന്ന 'പാദാദികേശം' 'കാരിരുൾ നിറമൊത്ത തിരുമുടി തൊഴുന്നേൻ' എന്നുതുടങ്ങുന്ന 'കേശാദിപാദം' എന്നീ തോറ്റങ്ങൾ ഭക്തിസാന്ദ്രമായി ആലപിച്ചശേഷം എട്ടുമണിയോടെ കളംമായ്ക്കാനാരംഭിയ്ക്കുന്നു. കെട്ടിവിതാനിച്ചതിൽ തൂക്കിയിട്ടിരിക്കുന്ന കുരുത്തോല രണ്ടുകൈകൊണ്ട് കൂട്ടിപ്പിടിച്ചാണ് കളംമായ്ക്കുന്നത്. പാദംമുതലാണ് മായ്ച്ചുതുടങ്ങുന്നത്.



**കളംപാട്ട്**



**കളംമായ്ക്കൽ**

മുഖവും സ്തനങ്ങളുമൊഴിച്ചുള്ള ഭാഗങ്ങൾ മായ്ക്കുന്നു. സ്തനങ്ങൾ തീർക്കാനെടുത്ത നെല്ലും അരിയും കൂടാതെ ദേവിയ്ക്കുചുറ്റും നിവേദ്യമായിവെച്ച നെല്ലും അരിയും നാളികേരവും കളമെഴുതിയ വ്യക്തിക്ക് അവകാശപ്പെട്ടതാണ്.ആദ്യകാലത്ത് കലാകാരന്മാർക്ക് പ്രതിഫലമായി ഇവമാത്രമാണ് ലഭിച്ചിരുന്നത്. ഒരു സ്തനമൊരുക്കാൻ ഒരുപറനെല്ലുവരെ ആദ്യകാലത്ത് ഉപയോഗിച്ചിരുന്നു. മുഖമെഴുതിയപൊടി പ്രസാദമായി ഭക്തജനങ്ങൾക്ക് നൽകുന്നു. ഈ പ്രസാദം കളമെഴുതിയ ആൾക്ക് ദക്ഷിണനൽകി

സ്വീകരിക്കുന്നു. കളംമായ്ക്കൽ കഴിഞ്ഞതോടെ മുടിയേറ്റ് കലാകാരന്മാർ ഭക്ഷണം കഴിക്കുന്നതിനായി നാലമ്പലത്തിലേയ്ക്കും മുടിയേറ്റുസംഘക്കാർ ഒമ്പതുമണിയോടെ ചുട്ടികുത്തുന്നതിനുംമററുമായി അണിയറയിലേയ്ക്കും പോകുന്നു.

കളമെഴുത്തുംപാട്ടും നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ക്ഷേത്രത്തിൽ നടക്കുന്ന രണ്ട് അനുഷ്ഠാനങ്ങളാണ് സമൃദ്ധിയുടെ പ്രതീകങ്ങളായ ചുറ്റുവിളക്കും താലപ്പൊലിയും. ഈ അനുഷ്ഠാനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നു.

## 4.3 ചുറ്റുവിളക്ക്

ക്ഷേത്രത്തിനുചുറ്റുമുള്ള വിളക്കുകൾ മുഴുവനും എണ്ണയും തിരിയുമിട്ട് തെളിയ്ക്കുന്നതാണിത്. ഇതും ഉർവരതയുമായി ബന്ധപ്പെട്ട ഒരനുഷ്ഠാനമാണ്. താലപ്പൊലിയിൽ ധാന്യങ്ങൾപൊലിക്കുമ്പോൾ ഇവിടെ വെളിച്ചമാണ് പൊലിക്കുന്നത്. വെളിച്ചം സത്യമാണ്. ചുറ്റുവിളക്കിടുന്ന ദിവസം കാവുംപ്രദേശവും ശുദ്ധമായ പ്രകാശത്താൽ നിറയുന്നു. ചുറ്റു വിളക്ക് വഴിപാടായി കഴിക്കുന്ന വരും അവരുടെ കുടുംബക്കാരു മാണ് പ്രധാനമായും ചുറ്റുവിളക്ക് തെളിക്കുന്നതിന് നേതൃത്വം കൊടുക്കുക. ദീപാരാധനയ്ക്കു



**ചുറ്റുവിളക്ക്**

മുൻപായി ചുറ്റുവിളക്ക് തെളിച്ചുകഴിയും. എണ്ണയും വിളക്കും വെളിച്ചവും ഐശ്വര്യവും സമൃദ്ധിയും പ്രദാനംചെയ്യുന്നു. ഇത്തരത്തിലുള്ള

ക്ഷേത്രത്തിലെമൂർത്തി വാഴുന്നപ്രദേശം ഐശ്വര്യപൂർണമായിരിക്കും. വെളിച്ചത്തിന്റെ പൊലിമയാണ് ചുറ്റുവിളക്ക്.

## 4.4 താലപ്പൊലി

ഉർവരതയുമായി ബന്ധപ്പെട്ട ഒരാഘോഷമാണിത്. ദീപാരാധനയ്ക്കുമുൻപായി ക്ഷേത്രത്തിന്റെ പരിസരത്തുള്ള ഭവനങ്ങളിൽനിന്നും വഴിപാടായിട്ടാണ് താലപ്പൊലി ക്ഷേത്രത്തിലെത്തുക. ഒറ്റയ്ക്കും കൂട്ടമായും താലപ്പൊലി ക്ഷേത്രത്തിൽ എത്താറുണ്ട്. വാദ്യമേളങ്ങളുടെയും, ഗജവീരന്മാരുടെയും കരിമരുന്നുപ്രയോഗത്തിന്റെയും അകമ്പടിയോടെ കാവിലേയ്ക്കു വരുന്ന താലപ്പൊലിയിൽ സ്ത്രീകൾക്കാണ് കൂടുതൽ പ്രാതിനിധ്യം എന്നു പറയാമെങ്കിലും സ്ത്രീകളുടെ വായ്ക്കുരവയോടൊപ്പം പുരുഷന്മാരുടെ ആർപ്പുവിളിയും ഈ അനുഷ്ഠാനത്തിന്റെ പൂർണതയ്ക്ക് മാറ്റുകൂട്ടുന്നു.



**താലപ്പൊലി**

ദീപാരാധനയ്ക്കുമുൻപായി കാവിലെത്തിച്ചേരുന്ന താലപ്പൊലി ഘോഷയാത്ര ക്ഷേത്രത്തിനുചുറ്റും പ്രദക്ഷിണംവെച്ച് ക്ഷേത്രത്തിൽക്കടന്ന് തളികയിലുള്ളധാന്യം ദേവിയുടെമുൻപിൽ സമർപിക്കുന്നു. ഇത് ദേവിയുടെ മുൻപിൽ എത്രത്തോളം പൊലിച്ചുയരുന്നുവോ അത്രത്തോളം സമൃദ്ധി ആ നാടിനുണ്ടാകും. ഒരു തളികയിൽ നെല്ല്, അരി, ഇവയിലേതെങ്കിലും നിറച്ച് അതിന്റെ നടുക്കായി ഒരു നാളികേരം രണ്ടായി ഉടച്ച്, നാളികേരമുറിക്കുള്ളിൽ

എണ്ണ ഒഴിച്ച് തിരിയിട്ടുകത്തിച്ച് പൂക്കൾകൊണ്ട് അലങ്കരിക്കുന്നതാണ് താലം. കരക്കാരുടെ വിളവെടുപ്പിന്റെപങ്ക് താലത്തിലാക്കി അത്യാഘോഷപൂർവം ദേവിയ്ക്ക് സമർപ്പിക്കുന്നതാണ് (ദേവിയുടെ മുൻപിൽ പൊലിക്കുന്നത്) താലപ്പൊലി.

മുടിയേറ്റുസംഘം വേഷമിടുന്നതിന് അണിയറയിൽ പ്രവേശിച്ചതോടെ പന്തത്തിന്റെയും തെള്ളിയുടെയും കരിമരുന്നുപ്രയോഗത്തിന്റെയും അകമ്പടിയോടുകൂടി ആർപ്പുവിളികളും കുരവയുമൊക്കെയായി ഐവർകളിസംഘം കാവിലേയ്ക്ക് അടുത്തുകൊണ്ടിരുന്നു. കാവിന്റെ പലഭാഗത്തായി നിന്നിരുന്ന ഭക്തജനങ്ങൾ ഈ ദൂരക്കാഴ്ച കാണുന്നതിനായി കാവിന്റെ തെക്കുഭാഗത്തേയ്ക്ക് വന്നുകൊണ്ടിരുന്നു.

## 4.5 ഐവർകളി

കേരളത്തിൽ പലപ്രദേശങ്ങളിലും അവതരിപ്പിച്ചുവന്നിരുന്ന അനുഷ്ഠാനകലയാണ് ഐവർകളി. ഐവർനാടകം, പാണ്ഡവർകളി, തട്ടിന്മേൽക്കളി, കണ്ണിൽക്കുത്തിക്കളി, എന്നിങ്ങനെ പലപേരുകളിൽ ഇത് അറിയപ്പെടുന്നുണ്ടെങ്കിലും ഐവർകളി എന്നപേരിനാണ് കൂടുതൽ പ്രചാരം. പരമ്പരാഗതമായി വിശ്വകർമജരായ ഐങ്കുടിക്കമ്മാളരാണ് ഇത് അവതരിപ്പിച്ചുവരുന്നത്. കൂടാതെ ഈഴവർ, സാംബവർ, പുലയർ, വേട്ടുവർ എന്നീ സമുദായക്കാരും ഇത് അവതരിപ്പിക്കുന്നു.

ഐവർകളിയുടെ ഉത്ഭവത്തെക്കുറിച്ചും പേരിനെക്കുറിച്ചും വ്യത്യസ്തമായ ഐതിഹ്യങ്ങളാണുള്ളത്. അഞ്ച് സമുദായക്കാരായ ആശാരി, മൂശാരി, കരുവാൻ, തട്ടാൻ, കമ്മാളർ, എന്നിവർ അവതരിപ്പിക്കുന്നതിനാലാണ് ഐവർകളി എന്നപേര് വന്നതെന്നാണ് വി.എം.കുട്ടിക്കൃഷ്ണമേനോൻ

അഭിപ്രായപ്പെടുന്നത് (1957 : 33). മഹാഭാരതത്തിൽ കർണ്ണനുമായി ബന്ധ പ്പെടുത്തിയും ഒരു ഐതിഹ്യമുണ്ട്. കുരുക്ഷേത്രയുദ്ധത്തിൽ കർണ്ണൻ മരിച്ചതറിഞ്ഞ് കാളീഭക്തയായ കുന്തീദേവി കാളിയുടെ തിരുനടയിലെത്തി തന്റെമകനെ അർജുനൻ ചതിച്ചുകൊന്നു എന്ന് ദുഖത്തോടെ അറിയിക്കുന്നു. തന്റെഭക്തയുടെ സങ്കടനിവാരണത്തിന് പകരംചോദിക്കുന്നതിനായി കാളി പുറപ്പെടുന്നു. ഇത് അറിഞ്ഞ ശ്രീകൃഷ്ണൻ കാളിയെ പിന്തിരിപ്പിക്കുന്ന തിനുവേണ്ടി വിശ്വകർമാവിന്റെ സഹായം ആവശ്യപ്പെട്ടു. വിശ്വകർമാവ് തന്റെമക്കളായ മനു, മയ, ത്വഷ്ട, ശിൽപി, വിശ്വഞ്ജൻ എന്നിവരോടൊപ്പം ദേവിയുടെ നടയിൽചെന്ന് പാണ്ഡവന്മാരുടെ വേഷത്തിൽ ഐവർകളി അവതരിപ്പിച്ചു. ഭാരതയുദ്ധത്തിന്റെ മഹത്വം മനസ്സിലാക്കിയ കാളി ഇതിൽനിന്നും പിന്തിരിഞ്ഞു. പഞ്ചപാണ്ഡവന്മാരുടെകഥ പാടികളിക്കുന്നതു കൊണ്ടാണ് ഐവർകളി എന്നപേരുണ്ടായതെന്നും അഞ്ച് വാനരന്മാരുടെ കഥ പറയുന്നതുകൊണ്ടാണ് ഐവർനാടകം എന്നപേരുവന്നതെന്നും പണ്ഡിറ്റ് കെ.പി.കറുപ്പൻ അഭിപ്രായപ്പെടുന്നു എന്ന് ചുമ്മാർ ചൂണ്ടൽ രേഖപ്പെടുത്തിയിരിക്കുന്നു (1979 : 133).

കുഭം, മീനം മാസങ്ങളിലെ ഭരണിനാളുകളിൽ ദേവീക്ഷേ ത്രങ്ങളിലാണ് ഐവർകളി നടക്കുന്നത്. ഉയർത്തിക്കെട്ടിയ തട്ടിനുമുകളിൽ പന്തലുണ്ടാക്കി അതിൽ കുരുത്തോലകൊണ്ട് വിതാനിക്കുന്നു. തട്ടിന്റെ പുറത്തുള്ള കളിയായതിനാൽ തട്ടിന്മേൽക്കളിയെന്നും പറയുന്നു. സ്ഥിരമായി ഐവർകളിത്തറകളുള്ള ക്ഷേത്രങ്ങളുണ്ട്. തറകൾ ഇല്ലാത്ത ക്ഷേത്രങ്ങളിൽ മരപ്പലക വിരിച്ചുണ്ടാക്കുന്ന തട്ടിനുമുകളിൽ നിലവിളക്ക് കത്തിച്ചുവെച്ച് ചുറ്റുംനിന്നുകൊണ്ടാണ് കളിക്കുന്നത്. 'കളിയാശാൻ' സ്തുതിഗീതം ചൊല്ലികൊടുക്കുമ്പോൾ മറ്റുള്ളവർ അത് ഏറ്റുചൊല്ലുകയും അതിനൊപ്പിച്ച്

ചുവടുവെയ്ക്കുകയും ചെയ്യുന്നു. സന്ധ്യയ്ക്കുശേഷം തുടങ്ങുന്ന കളി പുലർച്ചെവരെ തുടരുന്നു.

ചന്ദനശ്ശേരിക്കാവിൽ സ്ഥിരമായ തറയില്ലാത്തതിനാൽ ആഞ്ഞിലിയുടെ രണ്ടടി വീതിയും പത്തടി നീളവുമുള്ള നാല് പലകയാണ് ഇതിനുപയോഗിക്കുന്നത്. എല്ലാവർഷവും കളികഴിയുമ്പോൾ ഈ പലക ഇളംകാവിനടുത്തുള്ള കുളത്തിലിടുന്നു. വർഷംമുഴുവൻ വെള്ളത്തിൽകിടക്കുന്ന ഈപലക ഉപയോഗിച്ചുണ്ടാക്കിയ തട്ടിലാണ് ഐവർകളി അരങ്ങേറുന്നത്. തട്ടിനുമുകളിൽ അഞ്ചുതിരിയിട്ടുകത്തിച്ച വിളക്കിനുമുൻപിൽ നാക്കിലയിൽ അരി, പൂവ്, നാളികേരം, മലർ എന്നിവ ഒരുക്കിവെയ്ക്കുന്നു. വിളക്കിനുചുറ്റും കളിക്കാർ നിരന്ന് നിന്നതിനുശേഷം ആദ്യം കൈതൊഴുതുപിടിച്ചുകൊണ്ട് വിളക്കിനുചുറ്റും നടക്കുന്നു. തുടർന്ന് വിളക്കിനെയും കളിയാശാനെയും നമസ്കരിക്കുന്നു. അതിനുശേഷം കളിയാശാൻ വന്ദനസ്തുതികൾ പാടിക്കൊടുക്കുന്നു. ഇഷ്ടദേവതാ വന്ദനം, ഗുരുവന്ദനം എന്നിവ കഴിഞ്ഞാണ് കളിയാരംഭിക്കുന്നത്. തുടർന്ന് കളിയാശാൻ ഒന്നുമുതൽ പത്തുവരെയുള്ള കവിത്തം ചൊല്ലിക്കൊടുക്കുന്നു.

ഗാനപ്രധാനമായ ഐവർകളിയിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ കുഴിത്താളവും കോൽമണിയുമാണ്. കൂട്ടത്തിൽ ഇലത്താളവും ഉപയോഗിക്കുന്നു. ആശാന്റെ കൈയിലായിരിക്കും വാദ്യോപകരണങ്ങൾ (ഗാനങ്ങൾ നാടോടിഗാനങ്ങളുടെ രീതിയിൽ രചിച്ചതാണ്)

വട്ടക്കളി, പരിചകളി, കോൽകളി എന്നിങ്ങനെ മൂന്നായി ഐവർകളിയിലെ നൃത്തത്തെതിരിക്കാം. നിലവിളക്കിനുചുറ്റുംനടന്ന് ചുവടുവെച്ചുകൊണ്ടുള്ള കളിയാണ് വട്ടക്കളി. പരിചമുട്ടുകളിയിലും കോൽക്കളിയിലും ദ്രുതതാളത്തിലുള്ള ചുവടുകളാണ്‌വെയ്ക്കുന്നത്. ഇത്

കേരളത്തിന്റെ ആയോധനകലയായ പരിചമുട്ടുകളിയെ അനുസ്മരിപ്പിക്കുന്നു. അധ്വാനിക്കുന്ന അടിസ്ഥാനവർഗത്തിന്റെ കളിയാണ് ഐവർകളി. തികഞ്ഞ വ്രതാനുഷ്ഠാനത്തോടെയാണ് ഇത് അവതരിപ്പിക്കുന്നത്. ഐവർകളിയിലെ കലാകാരന്മാർക്ക് ലളിതമായ വേഷവിധാനമാണുള്ളത്. വെള്ളവസ്ത്രങ്ങൾ ധരിച്ച് നെറ്റിയിലും കൈകളിലും മാറത്തും ചന്ദനംപൂശിയിരിക്കുന്നു. ഗണപതിസ്തുതിയോടെയാണ് ഐവർകളി ആരംഭിക്കുന്നത്.

'വെണ്മി കലയണിന്തോൻ

.............അരമെന്നു നാമം പൂണ്ടോൻ...'

ഇങ്ങനെ പോകുന്നു സ്തുതി. കളിക്കാരുടെ വാശിയുള്ളതും ഉറച്ചതുമായ ചുവടുവെയ്പ്പുകൾ ചവിട്ടുനാടകത്തെ അനുസ്മരിപ്പിക്കുന്നു. ചന്ദനശ്ശേരിക്കാവിൽ ഐവർകളി നടത്തുന്നത് പ്രധാനമായും രണ്ട് കുടുംബക്കാരാണ്. പുള്ളോലിക്കൽ കുടുംബവും കണ്ണഞ്ചിറ കുടുംബവും. ഇപ്പോൾ പുള്ളോലിക്കൽ ശ്രീധരന്റെ നേതൃത്വത്തിലാണ് ഐവർകളി നടത്തുന്നത്. കുറഞ്ഞത് ഏഴുദിവസത്തെ വ്രതം എടുത്തതിനുശേഷം മാത്രമെ തട്ടിൽകയറൂ എന്നാണ് ആശാൻ പറഞ്ഞത്. ദേവിയ്ക്ക് ഏറ്റവും പ്രിയപ്പെട്ടതും ശക്തിയുള്ളതുമായ വഴിപാടായിട്ടാണ് ചന്ദനശ്ശേരിക്കാവിൽ ഐവർകളി നടത്തുന്നത്. കാവിന്റെ വടക്കുപടിഞ്ഞാറുവശത്ത് ഒരടിഉയരത്തിൽ ആഞ്ഞിലിപ്പലകകൊണ്ടുണ്ടാക്കിയ തട്ടിലാണ് ഐവർകളി നടക്കുന്നത്. കളിതുടങ്ങിയാൽ ദേവി അതുകാണുന്നതിനായി കാവിന്റെ വടക്കുപടിഞ്ഞാറുവശത്തുള്ള ഇളംകാവിലെ ആലിന്റെമുകളിൽ വന്നിരിക്കു മെന്നാണ് വിശ്വാസം[7]. ദേവീസ്തുതികളാണ് ഇവിടെ പാടുന്നത്. ദാരികവധം കഴിഞ്ഞ് (മുടിയേറ്റ്) കാളിയുടെ മുടിപറിച്ചതിനുശേഷമാണ് ഐവർകളി അവസാനിപ്പിക്കുക.മംഗളംപാടി കളിനിർത്തിയതിനുശേഷം ആശാൻ

കോഴിയെ ഗുരുതികൊടുക്കുന്നു. ഇത് ദാരികവധത്തെയാണ് സൂചിപ്പിക്കുന്നത്. ഗുരുതിക്കുശേഷം മൂന്നുചുവട് പുറകോട്ട്വെച്ച് തട്ടിൽ നിന്നിറങ്ങി പലക വലിക്കുന്നു. കാളിയുടെമുടി എടുക്കുന്നതിനുമുമ്പ് ഗുരുതികൊടുത്താൽ കാളിയുടെ കലിശമിക്കില്ലെന്നും കോഴിഗുരുതി കൊടുത്തുകഴിഞ്ഞാൽ ആശാനടക്കം ആരും ഐവർകളിത്തട്ടിൽ നിൽക്കാൻ പാടില്ലെന്നും ഇവർ വിശ്വസിക്കുന്നു. കാരണം ഈസമയം കളിത്തട്ടിൽ കാളിയുടെ സാന്നിധ്യം ഉണ്ടാകുമെന്നും ആരെങ്കിലും തട്ടിൽനിന്നാൽ ദേവി എടുത്തെറിയുമെന്നുമാണ് ഇവരുടെ വിശ്വാസം. അതുകൊണ്ടാണ് കോഴിഗുരുതി കഴിഞ്ഞാൽ ഉടനെതന്നെ തട്ടിന്റെപലക വലിക്കുന്നത്.

ദേവിയ്ക്ക് ഏറ്റവുംപ്രിയപ്പെട്ട ഐവർകളിയും കോഴിഗുരുതിയും കൊടുക്കുകവഴി ഇവിടുത്തെ മുടിയേറ്റിന് മറ്റുക്ഷേത്രങ്ങളിലേതിനേക്കാൾ പൂർണതയും ദേവിയ്ക്ക് തൃപ്തിയും വരുന്നു.



**ഐവർകളി**

ഈഴവകുടുംബങ്ങളിൽനിന്നുള്ള വഴിപാടായിട്ടാണ് ഐവർകളി ചന്ദനശ്ശേരിക്കാവിൽ നടത്തുന്നത്. വഴിപാടുകാരന്റെവീട്ടിൽ ഐവർകളി സംഘം കുറഞ്ഞത് പന്ത്രണ്ടുദിവസം വ്രതാനുഷ്ഠാനങ്ങളോടെ പരിശീല

നത്തിൽ ഏർപ്പെടുന്നു. പരിശീലനം തുടങ്ങുന്ന ദിവസംമുതൽ തട്ടിൽകയറി ഐവർകളി കഴിയുന്നതുവരെയുള്ള എല്ലാചെലവും വഴിപാടുകാരൻ വഹിക്കുന്നു. കൂടാതെ പരിശീലനം കാണുവാനെത്തുന്ന നാട്ടുകാരുടെ ഭക്ഷണത്തിനുള്ള ചെലവും വഴിപാടുകാരന്റെവകയാണ്. അന്യംനിന്നു പോയിക്കൊണ്ടിരിക്കുന്ന അനുഷ്ഠാനകലകളുടെ കൂട്ടത്തിലാണ് ഇന്നും ഐവർകളിയ്ക്ക് സ്ഥാനം.

ഐവർകളിസംഘക്കാർ ഒമ്പതുമണിയോടെ കാവിലെത്തി ച്ചേർന്നു. താലപ്പൊലിയേന്തിയ സ്ത്രീകളും കുട്ടികളും ഇവരെ അനുഗമിക്കു ന്നുണ്ട്. ഏറ്റവും മുൻപിലായി ഒരാൾ കോൽവിളക്ക് പിടിച്ചിരിക്കുന്നു. കളിയാശാൻ  പഴവർഗങ്ങളും നാളികേരവും പൂവുംനിറച്ച തളികയും പിടിച്ചിരിക്കുന്നു. വെടിക്കെട്ടോടെയാണ് ഇവരെ കാവിലേയ്ക്ക് എതിരേറ്റത്. ഇവർക്കു പിന്നിലായി പന്ത്രണ്ട്വയസ്സിനുതാഴെ പ്രായമുള്ള പന്ത്രണ്ട് ആൺകുട്ടികളും ഇരുപത്തിയഞ്ചിനും അൻപതിനുമിടയിൽ പ്രായമുള്ള പത്തോളം പുരുഷന്മാരുമുണ്ട്. ഇവരിൽ അഞ്ച് ആൺകുട്ടികളും അഞ്ച് പുരുഷന്മാരും വെള്ള മുണ്ടുടുത്ത് രണ്ടാംമുണ്ടുകൊണ്ട് തലയിൽ കെട്ടിയിരിക്കുന്നു. കൊട്ടും കുരവയും ആർപ്പുവിളികളുമായി ഈ സംഘം ക്ഷേത്രത്തിനുചുറ്റും വലംവെച്ച് ഉള്ളിൽക്കടന്ന് ആശാന്റെ കൈയിലുള്ള പഴത്താലം മേൽശാന്തിയെ ഏൽപിക്കുന്നു. തുടർന്ന് ദേവിയ്ക്ക് 'നടപ്പണം' സമർപിച്ച് ദർശനംനടത്തി പുറത്തുകടക്കുന്നു. പണ്ടുകാലംമുതൽ നിലനിന്നിരുന്ന ഒരു ചടങ്ങാണ് ഐവർകളിക്കാർ ദേവിയ്ക്ക് 'നടപ്പണം' സമർപിക്കുക എന്നത്. എട്ടുരൂപയാണ് നടപ്പണമായി കൊടുക്കുന്നത്. സംഘാംഗങ്ങൾ ഒരുമിച്ചുചെന്നാണ് ഇത് സമർപിക്കുന്നത്. ക്ഷേത്രത്തിൽ നിന്നും ഐവർകളിക്കാർക്ക് വെളുപ്പിന് നാലുമണിവരെ വിളക്ക് തെളിക്കുന്ന

തിനുള്ള എണ്ണകൊടുക്കാറുണ്ട്[8]. മേൽശാന്തി ശ്രീകോവിലിനുള്ളിൽനിന്നും തെളിച്ചുകൊണ്ടുവന്ന നിലവിളക്ക് ഐവർകളിത്തട്ടിന്റെ മധ്യത്തിലായി വെയ്ക്കുന്നു. ആശാനും സംഘവും തട്ടിൽ തൊട്ടുവന്ദിച്ച് കയറി വിളക്കിനു ചുറ്റുമായി നിൽക്കുന്നു. ഇലയിൽ അവിൽ, മലർ, പഴം, നാളികേരം, ശർക്കര എന്നിവ ഗണപതിയെ സങ്കൽപിച്ചുവെച്ച് ആശാൻ പൂജചെയ്യുന്നു.

പുള്ളോലിക്കൽ ശ്രീധരനാണ് ഐവർകളിയുടെ ആശാൻ. കഴിഞ്ഞ അറുപതുവർഷമായി ഇദ്ദേഹം ഐവർകളിയിൽ പങ്കെടുക്കുന്നു. ഈഴവസമുദായക്കാരുടെ അവകാശമാണ് ഈ കാവിലെ ഐവർകളി. ഒമ്പതരമണിയോടെ ഐവർകളി ആരംഭിക്കുന്നു. കളി ആരംഭിക്കുന്നതോടെ കളിക്കാർ എല്ലാവരും വിളക്കിനെവന്ദിച്ചശേഷം ആശാനെ നമസ്കരിക്കുന്നു. അനന്തരം ആശാൻ പാടിക്കൊടുക്കുകയും മറ്റുള്ളവർ ഏറ്റുപാടിക്കൊണ്ട് ചുവടുവെയ്ക്കുകയും ചെയ്യുന്നു. ഗണപതി, സുബ്രഹ്മണ്യൻ, ശിവൻ, തുടങ്ങിയ ഇഷ്ടദേവതാ വന്ദനത്തോടെയാണ് കളി ആരംഭിക്കുന്നത്. പുലർച്ചെ നാലുമണിവരെ കളി തുടർന്നുകൊണ്ടിരിക്കുന്നു. കോൽമണിയും ഇലത്താളവുമാണ് ഇതിനുപയോഗിക്കുന്ന വാദ്യോപകരണങ്ങൾ.

### 4.6 മുടിയേറ്റ്

ഭക്ഷണത്തിനുശേഷം ക്ഷേത്രത്തിന്റെ വടക്കുവശത്തായി കെട്ടിയുയർത്തിയ പന്തലിൽ അവതാരകന്മാർ (Performers) ചുട്ടികുത്തുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചു. ചുട്ടികുത്തുന്നതിനുള്ള 'അണിയറ'[9]യിൽ വെള്ളംതളിച്ച ശുദ്ധമാക്കിയതറയിൽ ദേവിയെ സങ്കൽപിച്ച് വിളക്ക് കൊളുത്തിവെയ്ക്കുന്നു. കളമെഴുതിയ വലിയമ്പലത്തിൽ കൊളുത്തി വെച്ചവിളക്കിൽനിന്നും കാളിവേഷംകെട്ടുന്ന കലാകാരൻ കത്തിച്ചു

കൊണ്ടുവന്ന തിരികൊണ്ടാണ് വിളക്ക് കൊളുത്തുന്നത്. തുടർന്ന് വിളക്കത്ത് അരി, നെല്ല്, നാളികേരം ഇവ തൂശനിലയിൽവെച്ച്, ഗണപതിയെ സങ്കൽപിച്ച് കാളിവേഷം കെട്ടുന്നയാൾ പൂജചെയ്യുന്നു. അനന്തരം മുഖത്തുതേപ്പ് ആരംഭിക്കുന്നു. അണിയറയിൽ ഒരുവശത്തായി കാളിയുടെ 'മുടി' പട്ടിൽ പൊതിഞ്ഞു വെച്ചിരിക്കുന്നു. 'തലത്തുണി'[10] കൊണ്ട് മുടിയിലുള്ള ഭദ്രകാളിയുടെ മുഖംമറച്ചതിനുശേഷമാണ് പട്ടുകൊണ്ട് മുടിമുഴുവനായി പൊതിയുന്നത്[11]. കാളിവേഷം കെട്ടുന്നയാൾ 'മുടി' തലയിൽനിന്നും എടുത്താൽ ഉടനെതന്നെ 'തലത്തുണി' കൊണ്ട് ഭദ്രകാളിയുടെ മുഖം മറയ്ക്കും. ഒരു അഴയിൽ ഉടുത്തുകെട്ടിനുള്ള വസ്ത്രങ്ങളും ദാരിക-ദാനവേന്ദ്രന്മാരുടെ കിരീടവും തൂക്കിയിട്ടിരിക്കുന്നു. മറുവശത്ത് രണ്ടുപേർചേർന്ന് രണ്ട് ഡബിൾമുണ്ടുവീതം ഞൊറിഞ്ഞെടുത്ത് ചരടിൽകെട്ടി അഴയിൽ തൂക്കിയിടുന്നു. ആദ്യം കാളിയുടെ മുഖത്തുതേപ്പ് ആണ് നടത്തുന്നത്. വിളക്കിലെകരിയാണ് മുഖത്തുതേപ്പിന് ഉപയോഗിക്കുന്നത്.



**കാളി അണിയറയിൽ**

വേഷമിടുന്നവർ കണ്ണാടിനോക്കി സ്വയംതേയ്ക്കുകയാണ് ചെയ്യുന്നത്. മുഖത്തുതേപ്പ് കഴിഞ്ഞ് ചുട്ടികുത്തുന്നതിനായി കാളിവേഷക്കാരൻ നിലത്ത് കിടക്കുന്നു. ചുട്ടിസ്വയം ഇടാനാവില്ല, ആരെങ്കിലും ഇട്ടുകൊടുക്കണം. അരിമാവും ചുണ്ണാമ്പും കൂട്ടിച്ചേർത്ത മിശ്രിതം ഒരുവശം ചതച്ചതും മറുവശം കൂർപ്പിച്ചതും ചൂടാക്കിയതുമായ ഈർക്കിൽകൊണ്ട്

ഇട്ടുകൊടുക്കുന്നു. വസൂരിക്കലയെ ഓർമിപ്പിക്കുന്നരീതിയിലുള്ള ചുട്ടിയാണിടുന്നത്. കണ്ണിനുചുറ്റും കറുപ്പുനിറംതന്നെയാണ്. കൂടാതെ ഈ ചുട്ടിയുടെ മുകളിൽ ഇടയ്ക്കിടയ്ക്ക് വസൂരിക്കല പഴുത്തുപൊട്ടിയതുപോലെ മഞ്ഞയും ചുവപ്പും നിറം കൊടുത്തിരിക്കുന്നു. കാളിയുടെ മുഖത്തുതേപ്പ് കഴിയുന്നതോടെ ദാരിക-ദാനവേന്ദ്രന്മാർ മുഖത്തുതേപ്പാരംഭിക്കുന്നു. ഇവരുടെ മുഖത്ത് ചുവപ്പും പച്ചയുംചായമാണ് തേയ്ക്കുന്നത്. കണ്ണിനുചുറ്റും വിളക്കിലെകരിയും തേയ്ക്കുന്നു.കാളി-ദാരികപുരാവൃത്തത്തെ ആസ്പദമാക്കിയുള്ള മുടിയെടുപ്പ്, കാളിയൂട്ട്, കാളിദാരികൻ, മുടിപ്പേച്ച്, കോലംകളി, കാളിത്തീയാട്ട്, ദാരികവധം, കാളകളി, നിണബലി തുടങ്ങിയ അനുഷ്ഠാനാവതരണങ്ങളിൽ കാണുന്ന മുഖത്തെഴുത്തും ഇതിനുപയോഗിക്കുന്ന പ്രകൃതിദത്തമായ വസ്തുക്കളും തന്നെയാണ് മുടിയേറ്റിനും ഉപയോഗിക്കുന്നത്. ചുട്ടിയിട്ടുകഴിഞ്ഞ കാളിയുടെ തലയിൽ ഒരുചുവന്നപട്ട് കെട്ടുന്നു. മാറ്റുകൊണ്ട് തറ്റുടുത്ത് അതിനുമുകളിൽ പട്ടുടുത്ത് പുറകുവശത്തായി പൊതിമാറ്റ്[12] കെട്ടുന്നു. അരയ്ക്കുമുകളിൽ ചുവന്നവസ്ത്രവും ഉത്തരീയവും ധരിച്ച് അതിനുമുകളിൽ ആടയടാഭരണങ്ങൾ അണിയുന്നു.

കാതിലും കൈയിലും കഴുത്തിലും അണിയുന്ന ആഭരണങ്ങൾക്ക് കഥകളിവേഷക്കാരുടെ ആഭരണങ്ങളോട് സാദൃശ്യമുണ്ട്. കൂടാതെ മാറിൽ മുലവാറും പൂമാലയും അണിയുന്നു. അരയിൽ വേതാളത്തിന്റെ രൂപംപതിച്ച പടിയരഞ്ഞാണമാണ് അണിയുന്നത്. ഇതിനുകാരണം വാഹനമായ വേതാളത്തിന്റെ പുറത്താണ് കാളിയുടെസഞ്ചാരം എന്നസങ്കൽപമാണ്. കാളിയുടെ പ്രധാന ആയുധം വാളാണ്.

കാളിയുടെ മുടിയാണ് (കിരീടം) മുടിയേറ്റിന്റെ ചാരുത. വരിക്കപ്ലാവിന്റെകാതൽ മണ്ണിൽനിർത്തി തികഞ്ഞ വ്രതാനുഷ്ഠാനത്തോടെയാണ് 'മുടി'

കൊത്തുന്നത്. അർധവൃത്താകൃതിയിലുള്ള മുടിയിൽ കാളീമുഖം, നാഗങ്ങൾ, ആന, വേതാളം, മറ്റുപുരാവൃത്തപ്രധാനമായരൂപങ്ങൾ എന്നിവ കൊത്തിവെയ്ക്കുന്നു. 'മുടി'യുടെ പണിപൂർത്തിയായശേഷമേ ഇത് തായ്ത്തടിയിൽനിന്നും മുറിച്ചുമാറ്റുന്നുള്ളു. ഏതാണ്ട് മൂന്ന്-മൂന്നരയടി വീതിയും ഉയരവുമുള്ള മുടി ഒരാൾക്ക് തനിച്ചുപൊക്കാൻ പ്രയാസമാണ്. എന്നാൽ കാളിവേഷംകെട്ടുന്നയാൾ വളരെലാഘവത്തോടെ ഇത് തലയിലേന്തുന്നു. ക്ഷേത്രത്തിൽനിന്നും കാളിയെ ആവാഹിക്കുന്നതോടെ സാക്ഷാൽ കാളിതന്നെയായിമാറുന്ന കലാകാരൻ പിന്നീട് സംഭവിക്കുന്നതൊന്നും അറിയുന്നില്ല എന്നാണവർ പറഞ്ഞത്[13]. എത്ര ദുസ്സഹവും ഭാരമേറിയതുമായ എന്തിനെയും നിഷ്പ്രയാസം ഉയർത്താനും ഇതുമൂലം കഴിയുന്നു. മുടിയുടെ മധ്യത്തിൽ താഴെയായി കൊത്തിയിരിക്കുന്ന കറുപ്പുനിറത്തിലുള്ള ഉഗ്രമൂർത്തിയായ കാളിയുടെരൂപം ആരിലും ഭയഭക്തികൾ ജനിപ്പിക്കും. കുരുത്തോലകൊണ്ടാണ് കാളിയുടെ 'മുടി' യുടെ പുറകുവശം അലങ്കരിക്കുന്നത്. ഇതാണ് കാളിയുടെ തലമുടി. മുടിയിൽ ചെത്തിപ്പൂമാലകളും അലങ്കാരമായി ചാർത്തുന്നു. ദാരികൻ മുഖത്ത് ചായംതേച്ചുകഴിയുന്നതോടെ ചുട്ടികുത്താനാരംഭിക്കുന്നു; ഒപ്പം സഹോദരനായ ദാനവേന്ദ്രനും. ചുട്ടിയിട്ടുകഴിഞ്ഞതോടെ ദാരികൻ തറ്റുടുത്ത് അതിനുമുകളിൽ ചുവന്നവസ്ത്രവും അതിനുമുകളിലായി 'പൊതിമാറ്റും' കെട്ടുന്നു. കൂടാതെ ചുവന്നഉടുപ്പ്, അരഞ്ഞാണം, വള, തോൾപൂട്ട്, കഴുത്തിലും കൈയിലും പൂമാല എന്നിവയാണ് ദാരികന്റെ വേഷം. തലയിൽ കൃഷ്ണമുടിയും[14] വെയ്ക്കുന്നു. ഈ മുടി പൂക്കൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു. കഴുത്തിൽക്കൂടി മുമ്പിലേക്കിട്ട വെളുത്ത ഉത്തരീയം കൈയിൽ ഞൊറിഞ്ഞുപിടിച്ചിരിക്കുന്നു. ഇതേ വേഷവിധാനങ്ങൾ തന്നെയാണ്

ദാനവേന്ദ്രനും. കാളി ഒരുങ്ങിക്കഴിഞ്ഞതോടെ ശ്രീകോവിലിൽ നിന്നും മേൽശാന്തി വിളക്കുതെളിച്ചുകൊണ്ടുവന്ന് മുടിയേറ്റ് നടക്കുന്ന ക്ഷേത്രത്തിന്റെ തെക്കുപടിഞ്ഞാറുവശത്തുവെച്ചിട്ടുള്ള ആട്ടവിളക്ക് തെളിക്കുന്നു. അനന്തരം അരങ്ങുകേളി നടക്കുന്നു. അഞ്ചു ചെണ്ടയും ഒരു വീക്കൻചെണ്ടയും ഒരു ചേങ്കിലയുമാണ് ഇതിനുപയോഗിക്കുന്ന വാദ്യോപകരണങ്ങൾ. മുടിയേറ്റ് തുടങ്ങാറായി എന്ന് കരക്കാരെ കൊട്ടിയറിയിക്കുന്നതാണിത്. ഏതാണ്ട് ഒരുമണിക്കൂർ നീണ്ടുനിൽക്കുന്ന അരങ്ങുകേളി പത്തരയോടെ അവസാനിക്കുന്നു. തുടർന്ന് രണ്ടുപേർവന്ന് **'മുടിയേറ്റ്, ശ്രീദുർഗ്ഗ കലാലയം, കുന്നയ്ക്കാൽ'** എന്നെഴുതിയിരിക്കുന്ന തിരശ്ശീല പിടിക്കുന്നു. ശിവനും നാരദനും തിരശ്ശീലയുടെ പിന്നിൽവന്ന് അരങ്ങുവാഴ്ത്തുന്നതോടെ മുടിയേറ്റിന്റെ ആരംഭമായി.

#### 4.6.1 അരങ്ങുവാഴ്ത്തൽ

'ആ..... ആ...... ആ....... ആ........

........................................................

........................................................

വ്യസനം മാറ്റു മഹാദേവാശരണം പോറ്റീ. 'എന്ന സ്തുതിയാണ് അരങ്ങുവാഴ്ത്തലിന് ചൊല്ലുന്നത്. അരങ്ങുവാഴ്ത്തലിന്റെ അവസാനം ശിവനും നാരദനും തിരശ്ശീലയ്ക്കുമുന്നിൽവന്ന് പ്രദക്ഷിണംവെയ്ക്കുന്ന തോടെ ഒന്നാംരംഗം ആരംഭിക്കുന്നു.

#### 4.6.2 ശിവനാരദസംവാദം

ഒന്നാംരംഗമാണ് ശിവ-നാരദസംവാദം. ശിവനും നാരദനും തിര ശ്ശീലയുടെ മുന്നിലൂടെവന്ന് ശിവൻ തിരിച്ച് തിരശ്ശീലയുടെ പിന്നിലായി

ഇട്ടിരിക്കുന്ന പീഠത്തിൽകയറിനിൽക്കുന്നു. തിരശ്ശീലയുടെ മുകളിലൂടെ കാണത്തക്കവിധം ഒരു കാളത്തല ഒരാൾ പിന്നിൽനിന്ന് ഉയർത്തിപ്പിടിച്ചിരിക്കുന്നു. കൈലാസത്തിലിരിക്കുന്ന ശിവനും ശിവസന്നിധിയിൽ നിൽക്കുന്ന ശിവന്റെ വാഹനമായ കാളയെയുമാണ് നാം കാണുന്നത്. ഇപ്പോൾ ശിവ-നാരദസംവാദം നടക്കുന്നത് കൈലാസത്തിലാണ്. ശിവന്റെ കൈയിൽ ഒരു എഴുത്തോലയുണ്ട്. ഇത് രണ്ടുകൈകൊണ്ട് പിടിച്ചിരി ക്കുന്നു. കൂടാതെ ശിവന്റെ കൈയിൽ ശൂലം, കടുംതുടി എന്നിവയുമുണ്ട്.



**ശിവനാരദസംവാദം**

ശിവൻ കൈയിലിരിക്കുന്ന ഓലയിൽനോക്കിവായിക്കുന്ന രീതിയിൽ നിൽക്കുന്നു. ഈസമയം നാരദൻ പുഷ്പവൃഷ്ടിനടത്തുന്നതു പോലെ കൈയിലുള്ള കുരുത്തോല അരിഞ്ഞതും ചെത്തിപ്പൂവുംകൂടി മൂന്നുപ്രാവശ്യം ശിവന്റെമേൽ ഇട്ട്തൊഴുന്നു. പുഷ്പവൃഷ്ടിയോടെയാണ് ശിവന്റെ തിരുപ്പുറപ്പാട്. ചെമ്പടതാളത്തിലുള്ള ചില ചവിട്ടുകലാശങ്ങൾക്കു ശേഷം ശിവന്റെ വാഹനമായ കാളപ്പുറത്തിരിക്കുന്നതായി സങ്കൽപിച്ച് പീഠത്തിൽ നിൽക്കുന്നു. നാരദന്റെ കൈയിലും ഒരു കുരുത്തോലയുണ്ട്. കുരുത്തോല രണ്ടുകൈകൊണ്ടും നീട്ടിപ്പിടിച്ച് വായിച്ചുകേൾപ്പിക്കുന്ന

മട്ടിലാണ് നാരദന്റെ രംഗപ്രവേശം. ശിവന്റെയും നാരദന്റെയും കൈയി ലിരിക്കുന്ന കുരുത്തോല പഴയ താളിയോലയെ ഓർമിപ്പിക്കുന്നു. ശിവ-നാരദന്മാരുടെ സംഭാഷണം പിന്നണിയിലുള്ളവരാണ് പറയുന്നത്. ശിവന്റെ സംഭാഷണം ഇങ്ങനെ ആരംഭിക്കുന്നു :

' ആദിയിലങ്ങു പലരോടും

അരും തൊഴിലെല്ലാം ചെയ്ത്

.....................................................

വിവരമിന്നറിഞ്ഞുവാ ..... ..' എന്നുനിറുത്തിയതോടെ ദ്രുതതാളത്തിൽ മേളക്കാർ കലാശംകൊട്ടുന്നു. നാരദനാകട്ടെ മേളക്കാരുടെ മേളത്തിനൊപ്പിച്ച് ചാടിത്തൊഴുതുകൊണ്ട്,

'അറിവതു പണിയാകും സ്വാമിയേ' .... എന്നുപറഞ്ഞ് വണങ്ങുന്നു.

'അരയ്ക്കന്മാർ മായമെല്ലാം ......... കുറവില്ല..........

നിൻതിരുവടി വാണാർ പോറ്റീ............................. 'എന്ന് കൈയിലിരിക്കുന്ന ഓല പലപ്രാവശ്യം വളച്ചുയർത്തി ശിവനെ ഉഴിഞ്ഞുകൊണ്ട് ചാടിത്തൊഴുന്നു. ഈ സമയം മേളക്കാർ കലാശംകൊട്ടുന്നു. നാരദൻ തന്റെ സംഭാഷണസമയത്ത് കാൽപാദം ചെരിച്ചുചെരിച്ച് പതുക്കെനടക്കുകയും സംഭാഷണംതീരുമ്പോൾ ചാടിത്തൊഴുതു നിൽക്കുകയുംചെയ്യുന്നു. ശിവ-നാരദസംവാദം ഏതാണ്ട് അരമണിക്കൂർ നീളുന്നു. ഈ സമയത്തും കാവിന്റെ വടക്കുപടിഞ്ഞാറുള്ള ഐവർകളി ത്തട്ടിൽ പാട്ട്ഉയർന്ന്കേൾക്കാം. ഒപ്പം ചുവടുവെയ്ക്കുന്ന ശബ്ദവും. ദാരിക-ദാനവേന്ദ്രന്മാരുടെ ഉപദ്രവംകൊണ്ട് ദേവകൾക്കുണ്ടായ സങ്കടങ്ങളും മറ്റുവിഷമതകളും നാരദൻ ശിവസന്നിധിയിൽ ബോധിപ്പിക്കുന്നു. സ്വർഗം, ഭൂമി, പാതാളം എന്നുവേണ്ട എല്ലാലോകങ്ങളും ദേവന്മാരും സമസ്തജീവ

ജാലങ്ങളും ദാരികന്റെ വരുതിയിലായി എന്നു മാത്രമല്ല ദേവകൾ അവരവരുടെ സ്ഥാനങ്ങളിൽനിന്നുപോലും നിഷ്കാസിതരായെന്നും നാരദൻ അറിയിക്കുന്നു. ത്രിമൂർത്തികളുടെ ശക്തിയിൽനിന്നും സൃഷ്ടിച്ച സപ്ത മാതാക്കളെ ദാരികനിഗ്രഹത്തിനായി അയച്ചിട്ടുണ്ടെന്ന് ശിവൻ പറയുന്നു. അപ്പോൾ അവർ ദാരികനോട് പരാജയമടഞ്ഞെന്നും ദേവന്മാരെ രക്ഷിക്കാൻ വേറെമാർഗം കണ്ടെത്തണമെന്നും നാരദൻ അറിയിക്കുന്ന തോടൊപ്പം ശിവ-പാർവതിമാരെക്കൊണ്ട് വിടുപണിചെയ്യിക്കും എന്നുംമറ്റു മുള്ള ദാരികന്റെ അഹങ്കാരവാക്കുകളും അറിയിക്കുന്നു. ദേവകളുടെ സങ്കടത്തിന് ഉടനെതന്നെ ശാശ്വതമായപരിഹാരം കണ്ടെത്താമെന്ന് ശിവൻ അറിയിക്കുന്നു. ഇതിന്റെ ഫലമായി ശിവന്റെ തൃക്കണ്ണിൽനിന്നും ഉഗ്രമൂർത്തിയായ ഭദ്രകാളി ജന്മമെടുക്കുന്നു. ദാരികനിഗ്രഹംനടത്തി ദേവകളെയും ലോകവാസികളെയും രക്ഷിക്കുവാൻ ഭദ്രകാളിയോട് ശിവൻ ആവശ്യപ്പെടുന്നു. ഇതാണ് ശിവ-നാരദസംവാദത്തിന്റെ സംഗ്രഹം.

ശിവ-നാരദവേഷങ്ങൾക്ക് കാളി-ദാരികന്മാരെപ്പോലെ കാര്യമായ രീതിയിലുള്ള ചുട്ടിയോ തേപ്പോ മറ്റുവേഷവിധാനങ്ങളോ ഇല്ല. ബ്രാഹ്മണ വേഷധാരിയാണ് ശിവൻ. തലയിൽ ചന്ദ്രക്കലയുള്ള ചെറിയകിരീടവും കഴുത്തിൽ ആഭരണമായി പാമ്പും മാറിൽ ഭസ്മക്കുറിയും പൂണൂലും അണിഞ്ഞിരിക്കുന്നു. ശിവന്റെ വാഹനമായ കാളയുടെപുറത്ത് വരുന്നുവെന്ന സങ്കൽപത്തിൽ ഒരു കാളത്തലയും കാണാം. നാരദനാകട്ടെ വെളുത്ത താടിയും തലയിൽ ചെറിയൊരു കിരീടവും മാറിൽ ഭസ്മക്കുറിയും പൂണൂൽ ധരിക്കുന്നരീതിയിൽ ഉത്തരീയവും, ഒക്കെക്കൂടിക്കണ്ടാൽ മുനിയുടെ വേഷ മാണ്. ഭസ്മക്കുറിയും കണ്ണെഴുത്തും രണ്ടുപേർക്കും ഒരുപോലെയാണ്. ശിവനും നാരദനും വെളുത്തമുണ്ടാണ് ഉടുത്തിരിക്കുന്നത്. നാരദൻ ആഭര

ണമായി രുദ്രാക്ഷം അണിഞ്ഞിരിക്കുന്നു. മറ്റുവേഷഭൂഷാദികളൊന്നുമില്ല. ശിവ-നാരദസംവാദംകഴിയുന്നതോടെ ശിവൻ പീഠത്തിൽ നിന്നിറങ്ങി തിരക്ക് പുറത്തുവരുന്നു. തുടർന്ന് ശിവനും നാരദനും തിരക്കകത്തേയ്ക്ക് പോകുന്നു. മേളക്കാരുടെ താളത്തിനൊപ്പിച്ച് ചുവടുവെച്ച് ചാടിത്തൊഴുതുകൊണ്ടാണ് നാരദൻ പോകുന്നത്. ഇതോടെ ഒന്നാംരംഗം അവസാനിച്ചു.

**4.6.3 ദാരികന്റെ പുറപ്പാട്**

ഇനി ദാരികന്റെ തിരപ്പുറപ്പാടാണ്. ഈ സമയം തിരക്കുപിന്നിൽ ദാരികൻ എത്തിയിട്ടുണ്ട്. ശിവ-നാരദസംവാദത്തിനുശേഷം ഈ അരങ്ങ് ദാരികന്റെ കോട്ടയായിമാറുന്നു. ഇതാണ് രണ്ടാംരംഗം. തിരശ്ശീലയുടെ പിന്നിൽനിന്നുകൊണ്ട് ദാരികൻ ആദ്യം വിളക്കിനെയും തുടർന്ന് വാദ്യ ങ്ങളെയും വന്ദിക്കുന്നു. പിന്നീട് ചിട്ടയോടുകൂടിയ ചുവടുവെയ്പുകൾ. അസുര രാജാവിന്റെ എല്ലാ പ്രൗഢിയോടും അതിലേറെ അഹങ്കാരത്തോടെയുമാണ് ദാരികന്റെ വരവ്. വരബലത്താൽ എട്ടുദിക്കുകളും സമസ്തലോകവും തന്റെ അധീനതയിലാക്കി. ഇതിൽ അഹങ്കരിച്ചദാരികൻ തന്റെ രാജധാനിയിൽ ആനന്ദനൃത്തംചെയ്യുകയും എട്ടുദിക്കുകളിലും പൂജചെയ്യുകയുംചെയ്യുന്നു. തന്നെഎതിർക്കാൻ പതിന്നാലുലോകങ്ങളിലും ആരെങ്കിലുമുണ്ടോ എന്ന് വെല്ലുവിളിക്കുകയുംചെയ്യുന്നു. ഈരംഗത്തിൽ ദാരികന്റെ നൃത്തത്തിനും ചുവടുവെയ്പിനുമനുസരിച്ച് ഏകതാളം, ത്രിപുടതാളം, ഝംഭതാളം എന്നീ താളങ്ങളിലാണ് മേളക്കാർ കൊട്ടുന്നത്. ഇപ്പോൾ തന്റെ കൈയിലിരിക്കുന്ന ഉത്തരീയത്തിന്റെ അറ്റം തിരശ്ശീലയുടെ മുകളിൽകൂട്ടിപ്പിടിച്ച് മേളത്തിനൊപ്പിച്ച് ദാരികൻ ഇടത്തോട്ടും വലത്തോട്ടും ചലിക്കുന്നു. ഇടയ്ക്കിടയ്ക്ക് ദാരികൻ അലറുന്നുമുണ്ട്. ഈ അലർച്ച ക്ഷേത്രാങ്കണംമുഴുവൻ നിറഞ്ഞു നിൽക്കുന്നു. കരുത്തനും അഹങ്കാരിയുമായ അസുരരാജാവിന്റെ ധാർഷ്ട്യത്തിന്

ഉത്തമഉദാഹരണമാണ് ദാരികൻ. താൻ അജയ്യനാണെന്നുള്ളഭാവം ദാരികന്റെ നോട്ടത്തിലും ഭാവത്തിലും പ്രകടമാണ്. താളംമുറുകുന്നതനുസരിച്ച് തിരനോട്ടത്തിന്റെ വേഗതയുംകൂടുന്നു. ആരിലും ഭയംജനിപ്പിക്കത്തക്ക രീതിയിലാണ് ദാരികന്റെപ്രകടനം. ദാരികന്റെവേഷം കൈകാര്യം ചെയ്യുന്നതിന് കൂടുതൽ മെയ്‌വഴക്കവുംകഴിവും ആവശ്യമാണ്.

ദാരികന്റെ തിരനോട്ടസമയത്ത് മാറ്റിന്റെ മുകളിൽപിടിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതോടൊപ്പം ഇടയ്ക്കിടയ്ക്ക് മാറ്റ്പിടിച്ച് ശക്തിയായി താഴ്ത്തുകയുംചെയ്യുന്നു. എന്നാൽ തിരശ്ശീല ബലമായി പിടിച്ചിരിക്കുന്നതിനാൽ തിരശ്ശീല കൈയിൽനിന്നും വിട്ടുപോകുന്നില്ല. ഇങ്ങനെ തിരശ്ശീലയുടെ മുകളിലൂടെ പിടിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും പോവുകയും പിടിച്ചുതാഴ്ത്തുകയും ചെയ്യുന്നതിന് 'തിരക്കുതട്ടുക' എന്നാണ് പറയുക. തിരക്കുതട്ടുമ്പോൾ ദാരികൻ തിരശ്ശീലമാറ്റി പുറത്തുവരുവാൻ ശ്രമിക്കുന്നു. എന്നാൽ തിരശ്ശീല പിടിച്ചിരിക്കുന്നവർ ദാരികനെ തിരശ്ശീല കൂട്ടിപ്പിടിച്ച് ബലമായി പുറകോട്ടു വലിക്കുന്നു. അപ്പോൾ ദാരികൻ മേളത്തിനനുസരിച്ച് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയും 'പതിരി'[15] തിരിയുകയും ചെയ്യുന്നു. അനന്തരം തിരശ്ശീല വിരിച്ചുപിടിച്ച് ദാരികനെ തിരക്കകത്താക്കുന്നു (കാണികൾക്ക് കാണാൻപറ്റാത്തരീതിയിൽ). തുടർന്ന് ദാരികൻ തിരക്കകത്തുനിന്ന് താളത്തിനൊപ്പിച്ച് ചുവടുവെയ്ക്കുകയും തിരശ്ശീല മാറ്റുകയുംചെയ്യുന്നു. തിരനോട്ടം കഴിഞ്ഞതോടെ വേഷക്കാരനും തിരശ്ശീല പിടിച്ചവരും കുറച്ചുപുറകോട്ട് മാറുന്നു. മേളക്കാർ പുറകോട്ട് മാറുമ്പോൾ ദാരികൻ വിളക്കിനുമുമ്പിൽ എത്തുന്നു. തുടർന്ന് ദാരികൻ വിളക്കിനുചുറ്റും പ്രദക്ഷിണംവെയ്ക്കുന്നു. നാലുവശവുംവരുമ്പോൾ നിലത്തിരുന്ന് മുട്ടുകുത്തി ഏത്തമിടുന്നരൂപത്തിൽ കൈരണ്ടുംമടക്കിപ്പിടിച്ച് നമസ്കരിക്കുന്നു.

അതിനുശേഷം താളംമുറുകുമ്പോൾ ദാരികൻ വളരെ വേഗത്തിൽ ഇടത്തോട്ടും വലത്തോട്ടും 'പതിരി' തിരിയുകയുംചെയ്യുന്നു. ഈസമയം രംഗത്തിന് കൊഴുപ്പുകൂട്ടുന്നതിനായി തീപ്പന്തത്തിൽ ഇടയ്ക്കിടയ്ക്ക് 'തെള്ളി'യെറിയുന്നു. പതിരി തിരിയുന്നതിനിടയിൽ ഇടയ്ക്കിടയ്ക്ക് കൈയിലിരിക്കുന്ന ഉത്തരീയത്തിന്റെയറ്റത്ത് എന്തോ അന്വേഷിക്കുന്നമട്ടിൽ നോക്കുകയും വിളക്കിന് പ്രദക്ഷിണംവെയ്ക്കുകയും താളത്തിനൊപ്പിച്ച് രണ്ടുകൈയുമുയർത്തി ചാടുകയുംചെയ്യുന്നു. തുടർന്ന് വിളക്കിനുചുറ്റും സാവധാനം നടക്കുന്നു. കൈയുംകാലും ഇളക്കി പ്രത്യേക രീതിയിൽ താളത്തിനനുസരിച്ച് ചുവടുവെച്ചാണ് നടക്കുന്നത്. ഓരോ രീതിയിലുള്ള നടത്തവും ചുവടുവെയ്പും അവസാനിക്കുന്നത് വളരെ വേഗത്തിലുള്ള പതിരിതിരിയലിലാണ്. പതിരിതന്നെ മൂന്നു രീതിയിലുണ്ട്. ഒരു പതിരി, ഇരട്ടപ്പതിരി,[16] മലരി[17] എന്നിങ്ങനെ. ഇവമൂന്നും കഴിഞ്ഞാണ് താളവട്ടം. കാല് താളത്തിനനുസരിച്ച് പൊക്കിപ്പൊക്കി ചവിട്ടുന്നതാണ് താളവട്ടം. താളവട്ടത്തിനുശേഷമാണ് 'കൈകൾ'. ഇത് വിളക്കത്തുപൂജചെയ്യലാണ്. കൈകൾക്ക്വെയ്ക്കുന്ന ചുവടുകൾക്ക് പ്രത്യേകതയുണ്ട്. കാലുകൾ പരസ്പരം പിണച്ചുപിണച്ചുവെച്ചുകൊണ്ട് താളത്തിനൊപ്പിച്ച് വേഗത കൂട്ടിയുംകുറച്ചുമാണ് ചുവടുകൾവെയ്ക്കുന്നത്. കൈയുടെ മണിബന്ധത്തിൽ കെട്ടിയിരിക്കുന്ന പൂമാലയിൽനിന്നും പൂക്കൾ പറിച്ചെടുത്താണ് പൂജ ചെയ്യുന്നത്. ആദ്യം കിഴക്ക് പിന്നീട് പടിഞ്ഞാറ്, തെക്ക്, വടക്ക് എന്ന ക്രമത്തിലാണ് പൂജ. അതിനുശേഷം വിളക്കിനെയുഴിഞ്ഞ് പ്രാർഥിക്കുന്നു. ഈസമയം പിന്നണിയിൽനിന്നും ഒരാൾ ദാരികന്റെ രണ്ടുകൈയിലും ആയുധമായ ചുരിക കൊണ്ടുവന്ന് കൊടുക്കുന്നു. ചുരിക കൈയിൽ കിട്ടിയതും ദാരികൻ വീണ്ടുംവിളക്കിനുചുറ്റും 'പതിരി' തിരിയുന്നു. ഇപ്പോൾ

അരങ്ങിൽ ഒരു പീഠം കൊണ്ടുവന്നിട്ടു. ഇനിയാണ് ദാരികന്റെ പോരിനുവിളി. ദാരികൻ പീഠത്തിനുമുകളിൽ കയറിനിന്ന് കിഴക്കോട്ടുനോക്കിക്കൊണ്ട്,

കിഴക്കോ.......... ഓ................. ഓ......................

ഉദയനാ പർവതത്തിങ്കൽ നിന്നേ..... ഏ............

...... വീരമദ്ദളം അടിയടാ അടിപ്പീരേ...... ഏ........ എന്നും പടിഞ്ഞാറോട്ട് തിരിഞ്ഞുനിന്ന്,

പടിഞ്ഞാറോ....... ഓ............. ഓ ..

അസ്തമനാദി പർവതത്തിങ്കൽ നിന്നേ...... എന്നും വടക്കോട്ട് തിരിഞ്ഞുനിന്ന്,

വടക്കോ...................... ഓ............ഓ.................

മഹാമേരു പർവതത്തിങ്കൽ നിന്നേ............... എന്നും തെക്കോട്ട് തിരിഞ്ഞുനിന്ന്,

തെക്കോ.................... ഓ............ഓ ..

യമകൂടാ പർവതത്തിങ്കൽ നിന്നേ............... എന്നും പോർവിളി നടത്തുന്നു. തന്നോടെതിരിടാൻ കരുത്തുള്ളവരാരെങ്കിലുമുണ്ടെങ്കിൽ വരിക എന്ന ദാരികന്റെ അഹങ്കാരംനിറഞ്ഞ പോരിനുവിളികേട്ട കാളി പുറപ്പാടിനൊരുങ്ങുന്നു. ദാരികന്റെ പോർവിളി നടക്കുന്ന സമയമെല്ലാം വീക്കൻചെണ്ടമാത്രമേ താളത്തിനുപയോഗിക്കുന്നുള്ളൂ. പോർവിളി നടത്തിക്കഴിഞ്ഞ ദാരികൻ പീഠത്തിനുമുകളിലിരിക്കുന്നു. അഹങ്കാരിയാണെങ്കിലും അസ്വസ്ഥതനിറഞ്ഞമുഖമാണ് ഇപ്പോൾ ദാരികന്റേത്. ഇതോടെ രണ്ടാംരംഗം കഴിഞ്ഞു.



**ദാരികന്റെ തിരനോട്ടം**

ഈസമയവും ഐവർകളിക്കാരുടെപാട്ടും കളിയുടെശബ്ദവും കേൾക്കാം. അവിടെ കാഴ്ചക്കാരാരുമില്ലെങ്കിലും ഐവർകളിതുടർന്നു കൊണ്ടേയിരിക്കുന്നു. ഇപ്പോൾ അവിടെ ദാരികവധവുമായി ബന്ധപ്പെട്ട പാട്ടാണ് പാടുന്നത്.

**4.6.4 കാളിപുറപ്പാട്**

മൂന്നാംരംഗം കാളിപുറപ്പാടാണ്. ചന്ദനശ്ശേരിക്കാവിൽ കാളിപുറപ്പാട് കാലാകാലങ്ങളായി കാവിന്റെ വടക്കുഭാഗത്തുള്ള ഉയർന്നതും വൃക്ഷങ്ങൾ നിറഞ്ഞതുമായ ഭാഗത്തുനിന്നാണ് ആരംഭിക്കുന്നത്.ഇത് വടക്കനപ്പനായ ശിവന്റെ കൈലാസത്തിൽനിന്നുമുള്ള കാളിപുറപ്പാടിനെ അനുസ്മരിപ്പിക്കുന്നു. എന്നാൽ മിക്കക്ഷേത്രങ്ങളിലും ക്ഷേത്രനടയിൽ നിന്നാണ് കാളിപുറപ്പാട് ആരംഭിക്കുന്നത്. പന്തത്തിന്റെയും തെള്ളിയുടെയും കരിമരുന്നിന്റെയും അകമ്പടിയോടെയുള്ള കാളിപുറപ്പാട് കാഴ്ചക്കാരിൽ വേറിട്ടൊരനുഭവമാണ് സൃഷ്ടിക്കുന്നത്. കാളിപുറപ്പാടിനു മുൻപിലായി രണ്ടുപേർ വെളുത്തമാറ്റ് പിടിക്കുന്നു. ഇതിനുപുറകിലായിട്ടാണ് കാളി നിൽക്കുന്നത്. രണ്ടുപേർചേർന്ന് കാളിയുടെമുടി വട്ടംതാങ്ങിപ്പിടിച്ചിട്ടുണ്ട്.

കാളിവേഷക്കാരൻ രണ്ടുകൈയുടെയും മണിബന്ധത്തിൽ കെട്ടിയിരിക്കുന്ന പൂമാലയിൽനിന്നും പൂവ്പറിച്ച് ഭദ്രകാളിയെ സങ്കൽപിച്ച് 'മുടി'പൂജിക്കുന്നു. മുടിപൂജിച്ചുകഴിഞ്ഞ് മുടിയേറ്റുസംഘത്തിലുള്ള ഒരാൾ കാളിയുടെതലയിൽ മുടിവെച്ച് മുറുക്കുന്നു. 'മുടി' മുറുക്കുന്നസമയത്ത് കുരവയും ആർപ്പുവിളിയും കൊണ്ട് കാവുംപരിസരവും മുഖരിതമാകുന്നു. തുടർന്ന് ദാരികന്റെ പോരിനുവിളി കേട്ട കാളി,

'ഹരിയുടെ മുഖനും വാരണത്തോ.....

ഇതാപോകുന്നേ.....'

എന്നുപറഞ്ഞുകൊണ്ട് കാളിപുറപ്പാടാരംഭിക്കുകയായി. മേളത്തിന്റെയും ആർപ്പുവിളിയുടെയും അകമ്പടിയോടെ കാവിലേയ്ക്കുപുറപ്പെടുന്ന കാളിയെ പുഷ്പവൃഷ്ടിനടത്തി ആനയിക്കുന്നു. കാവിലേയ്ക്കുള്ളയാത്രയുടെ ഇടയ്ക്കിടയ്ക്ക് നിൽക്കുകയും മേളംമുറുകുകയുംചെയ്യുന്നു. ഈ സമയമൊക്കെ കാളിതന്റെ ആയുധമായവാൾ ഇളക്കികൊണ്ട് ദാരികനെ അന്വേഷിക്കുന്നമട്ടിൽ ചുവടുവെയ്ക്കുന്നു. ഇടയ്ക്കിടയ്ക്ക് 'പതിരി' തിരിയുകയുംചെയ്യുന്നുണ്ട്. കാളിയുടെവാക്കുകൾക്കുള്ള ദാരികന്റെ മറുപടി ഇപ്പോൾ മേളക്കാരുടെകൂട്ടത്തിലുള്ള ഒരാളാണ് പറയുന്നത്. മുടിയേറ്റ് നടക്കുന്ന അരങ്ങും കാളിപുറപ്പാടാരംഭിക്കുന്ന സ്ഥലവുംതമ്മിൽ ഏതാണ്ട് അഞ്ഞൂറു മീറ്ററിനുമേൽ ദൂരമുണ്ട്. മേളക്കാർ നിന്നുകൊട്ടുകയും കാളി പതിരിതിരിയുകയുംചെയ്യുന്ന സമയമൊക്കെ ഭക്തജനങ്ങളും മുടിയേറ്റു സംഘക്കാരും കാളിയുടെമേൽ കുരുത്തോലയരിഞ്ഞതും ചെത്തിപ്പൂവും വർഷിക്കുന്നു. തീപ്പന്തത്തിൽ തെള്ളിയെറിഞ്ഞ് അന്തരീക്ഷം കൂടുതൽ ഭക്തിസാന്ദ്രമാക്കുന്നു. ഈ പ്രക്രിയ അരങ്ങുവരെ നീളുന്നുണ്ട്. ഇടയ്ക്കിടയ്ക്ക് കാളി കോപംകൊണ്ട് അലറുകയും പല്ലുകടിക്കുകയും ചെയ്യുന്നു.



**കാളിപുറപ്പാട്**

ഈസമയമത്രയും കാളിയുടെമുഖത്തെ രൗദ്രഭാവം ആരിലും ഭയം ജനിപ്പിക്കുന്നു. കാവിലെത്തിയ കാളിയുംസംഘവും കാവിന് വലംവെച്ച് നടനേരെവന്ന് പൂജിക്കുന്നു. തുടർന്ന് അരങ്ങിലേയ്ക്കെത്തുന്ന കാളി അവിടെയുള്ള ദാരികന്റെനേരെ വാൾചുഴറ്റി ഓടിച്ചുകൊണ്ടാണ് പ്രവേശിക്കുന്നത്. പക്ഷെ മാറ്റ് മുൻപിൽപിടിച്ചിരിക്കുന്നതിനാൽ ദാരികന്റെ അടുത്തേയ്ക്ക് പോകാനാവുന്നില്ല. അരങ്ങിലെത്തിയ കാളി മാറ്റ്ഭേദിച്ച് മുന്നോട്ടുപോകാൻ പല പ്രാവശ്യം ശ്രമിക്കുന്നു. എന്നാൽ  മാറ്റ് പിടിച്ചിരിക്കുന്നവർ മാറ്റ് കൂട്ടിപ്പിടിച്ച് കാളിയെ തടഞ്ഞുനിർത്തുന്നു. ഇപ്പോൾ കാളി മാറ്റിനകത്തും ദാരികൻ മാറ്റിനുപുറത്തുംനിന്ന് ഏറ്റുമുട്ടുന്നു. താളം മുറുകുന്നതോടൊപ്പം പന്തത്തിൽ തെള്ളിയെറിയുകയുംചെയ്യുന്നു. കലിബാധിച്ചകാളി ദാരികന്റെ പിന്നാലെ പായുമ്പോൾ മാറ്റ് പിടിച്ചിരിക്കുന്നവർ നിയന്ത്രിക്കുന്നു. വിളക്കിനുചുറ്റും ഇടത്തോട്ടും വലത്തോട്ടും മാറിമാറി പ്രദക്ഷിണംവെച്ചുകൊണ്ടാണ് ഇതുചെയ്യുന്നത്. തുടർന്ന് വിളക്കിനപ്പുറവും ഇപ്പുറവുംനിന്ന് കാളിയുംദാരികനും തമ്മിൽ യുദ്ധംചെയ്യുന്നു. കാളിയെ തടഞ്ഞുനിർത്തുന്നതിനായി ഇപ്പോഴും മാറ്റ് പിടിച്ചിട്ടുണ്ട്. രണ്ടുപേരും പരസ്പരം കാണാത്തരീതിയിൽ ഇടയ്ക്കിടയ്ക്ക്

മാറ്റ് വിടർത്തിപ്പിടിക്കുന്നു. എന്നാൽ കലിവർധിച്ച കാളി മാറ്റ് പിടിച്ചുമാറ്റി ദാരികനുമായി നേരിട്ട് യുദ്ധംചെയ്യുന്നു. കാളി മാറ്റ് പിടിച്ചുമാറ്റുന്ന സമയത്ത് മേളം അതിന്റെ ഉച്ചസ്ഥായിയിലെത്തുകയും പന്തത്തിൽ തെള്ളിയെറിയുകയുംചെയ്യുന്നു. യുദ്ധത്തിൽ ഏറ്റുമുട്ടി പരാജയപ്പെട്ട ദാരികൻ രംഗത്തുനിന്നും ഓടിമറയുന്നു. ഇപ്പോഴും കാളിയുടെ കലിശമിക്കുന്നില്ല. ഈസമയം പന്തത്തിൽ തുടരെത്തുടരെ തെള്ളിയെറിയുകയും കാളിയ്ക്ക് പുഷ്പവൃഷ്ടി നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. അരമണിക്കൂറോളം നീണ്ടുനിന്ന യുദ്ധത്തിനുശേഷം ദാരികൻ രംഗത്തുനിന്നും ഓടിമറയുന്നു. പാഴൂർപോലുള്ള സംഘങ്ങളുടെ അവതരണത്തിൽ മൂന്നാംരംഗത്തിൽ കാളിദാരികന്മാർ പരസ്പരം കാണുകയോ യുദ്ധത്തിലേർപ്പെടുകയോ ചെയ്യുന്നില്ല. കാവിന്റെ വടക്കുപടിഞ്ഞാറുഭാഗത്ത് തട്ടിൽ ഐവർകളി തുടർന്നുകൊണ്ടിരിക്കുന്നു.

ദാരികൻ രംഗത്തുനിന്നുംപോയെങ്കിലും കലിയടങ്ങാത്ത കാളി വിളക്കിനുചുറ്റും ദാരികനെ അന്വേഷിക്കുന്നു. തുടർന്ന് കാളി വിളക്കത്ത് പതിരിയും ഇരട്ടപ്പതിരിയും മലരിയും താളവട്ടവും തുടർന്ന് വിളക്കിന്റെ നാലുവശത്തും കൈകളും താളത്തിനൊപ്പിച്ച്ചെയ്യുന്നു. ദാരികന്റെ പോലെതന്നെ വിളക്കിന്റെ കിഴക്കുവശത്ത് ആദ്യവും തുടർന്ന് പടിഞ്ഞാറ്, തെക്ക്, വടക്ക് എന്നീ ദിക്കുകളിലുമാണ് കൈകൾ (പൂജ) ചെയ്യുന്നത്. ഇപ്പോൾ വിളക്ക് ശിവനും വേദി കൈലാസവുമാണ്. താളവട്ടത്തിന് 1, 2, 3, 4 എന്നിങ്ങനെ ചുവടുകൾ ഉയർത്തിവെയ്ക്കുകയും പിന്നെകറക്കവുമാണ്. ഇവിടെയും പ്രദക്ഷിണം പൂർണമാകുന്നില്ല. പൂജകുറഞ്ഞത് അരമണിക്കൂർ എടുക്കും. പൂജയെല്ലാംകഴിഞ്ഞ് കാളി കൈയിൽ വാളുമേന്തി ദാരികനെ അന്വേഷിക്കുന്നു. ഈ സമയം പിന്നിൽനിന്നും ഒരു പീഠം അരങ്ങിൽകൊണ്ടു

വന്നിടുന്നു. തുടർന്ന് കാളിയുടെ പോരിനുവിളിയാണ്. കാളി പീഠത്തിനുമുകളിൽകയറിനിന്ന്

‘ വിണ്ണോർ ശരം കൊണ്ടു വായോ.....

വിണ്ണോർ വൈരികളെ ................ ’

എന്ന് ദാരികനെ പോരിനുവിളിക്കുന്നു. കാളിയുടെ പോരിനുവിളികേട്ട് പിന്നണിയിൽനിന്നും ഒരാൾ ദാരികൻ വിളിക്കുന്നതായി പറയുന്നു. കൂടാതെ ദാരികനുവേണ്ടി പിന്നണിയിൽ നിന്നും,

‘അടിയടി യുദ്ധം ചെയ്ത് ഇന്നു നാം മൗലീജകം മുടിച്ച്

മതികല മുടിക്കണമെങ്കിൽ മഹാദേവൻ തമ്പുരാൻ താൻ ’

എന്നിങ്ങനെ കാളിയെ ദാരികനും പോരിനുവിളിക്കുന്നു. കാളി നേരെയും ദാരികൻ മറഞ്ഞുനിന്നും പോരിനുവിളിക്കുന്നതായിട്ടാണ് അരങ്ങേറുന്നത്.

കാളിയുടെ പോരിനുവിളികഴിഞ്ഞ് കാളിപീഠത്തിൽനിന്നിറങ്ങി വിളക്കിന് പ്രദക്ഷിണംവെച്ചതിനുശേഷം പീഠത്തിലിരിക്കുന്നു. ഇതോടെ മൂന്നാംരംഗം അവസാനിക്കുന്നു. ഈസമയം ‘കോയിമ്പടനായർ’ പ്രവേശിക്കുന്നു.

### 4.6.5 കോയിമ്പടനായരുടെ രംഗപ്രവേശം

പീഠത്തിലിരിക്കുന്ന കാളിയുടെമുൻപിലേയ്ക്ക് കോയിമ്പടനായർ വന്ന് കൈയിലുള്ള വാളുംപരിചയും കൂട്ടിപ്പിടിച്ച് നമസ്കരിക്കുന്നു. സാധാരണ സംസ്കൃതനാടകാരംഭത്തിൽ സൂത്രധാരൻ പ്രവേശിച്ച് നാടകസന്ദർഭത്തെക്കുറിച്ചുംമറ്റും വിവരിക്കാറുണ്ട്. എന്നാൽ മുടിയേറ്റിൽ സൂത്രധാരന്റെ സ്ഥാനമുള്ള കോയിമ്പടനായർ (കോയിമ്മ എന്നും കോയിമ്പടാർ എന്നും പറയാറുണ്ട്) പ്രവേശിക്കുന്നത് ഈ അനുഷ്ഠാനനാടകത്തിന്റെ ആരംഭത്തിൽ അല്ല. നാലാംരംഗത്തിന്റെ

ആരംഭത്തിലാണ്. എന്നുമാത്രമല്ല ഈരംഗത്ത് പ്രധാനകഥാപാത്രമായ കാളിയുമായി സജീവമായി രംഗാവസാനംവരെ സംഭാഷണത്തിലേർപ്പെടുന്ന ഏകകഥാപാത്രം കോയിമ്പടനായരാണ്. സംഭാഷണങ്ങൾ 'കാളി-ദാരിക വധം' കഥയുടെ ഒഴുക്കിനെ സഹായിക്കുന്നില്ല എന്നുമാത്രമല്ല അവ പരസ്പര വിരുദ്ധവുമാണ്. ഇത് കഴിഞ്ഞരംഗങ്ങളിലുണ്ടായ ഗൗരവപൂർണമായ കഥാഗതിയ്ക്കും കാഴ്ചക്കാരുടെ മനസ്സിലുണ്ടായ പിരിമുറുക്കത്തിനും അൽപം അയവുവരുത്തുന്നു. സംഭാഷണമധ്യത്തിൽ 'കാളി-ദാരികവധം' കഥയുടെ സന്ദർഭവും പറയുന്നുണ്ട്. കൂടാതെ സാമൂഹ്യവിമർശനവും കടന്നുവരുന്നുണ്ട്. കാളിയുടെ കലി ഒട്ടൊക്കെ ശമിപ്പിക്കുന്നതിന് ഈ വിദൂഷകസാന്നിധ്യം സാധ്യമാക്കുന്നു. പിൽക്കാലത്തുണ്ടായ തുള്ളലിൽ കുഞ്ചൻനമ്പ്യാർ നടത്തുന്ന സാമൂഹ്യവിമർശനത്തിന് മുടി യേറ്റിലെ കോയിമ്പടനായരുടെയും സ്വാധീനം ഉണ്ടാകാം.

'നിന്നെ കൊന്നു നിന്റെ തലയും കൊണ്ട്

പോകുവോ.... കൈലാസം വണങ്ങുന്നേൻ........' എന്ന് ദാരികനോട് കാളി വളരെക്രോധത്തിൽ പറഞ്ഞുകൊണ്ടുനിൽക്കുന്ന അവസരത്തിലാണ് കോയിമ്പടനായരുടെ രംഗപ്രവേശം. ഇത്രമാത്രം ദേഷ്യപ്പെട്ടുനിൽക്കുന്ന കാളിയെ സരസമായസംഭാഷണത്തിലേയ്ക്ക് കൊണ്ടുവരാൻ കോയിമ്പട നായരെപ്പോലെയുള്ള ഒരു കഥാപാത്രത്തിനുമാത്രമേകഴിയൂ. സംഭാഷണ മധ്യത്തിൽ കൊട്ടിന്റെ തത്വവും തൗര്യത്രികവുംമറ്റും വിശദീകരിക്കുന്നത് ആരിലും ജിജ്ഞാസ ഉളവാക്കും.

തിരശ്ശീലയുടെ പിന്നിൽനിന്നുംവന്ന് കാളിയെ നമസ്കരിച്ചശേഷം കാളിയുടെ സമീപത്തുചെന്ന് പ്രത്യേകതാളത്തിൽ ചുവടുകൾവെച്ചുകൊണ്ട് വിളക്കിനുനേരെനടന്ന് സംഭാഷണംനടത്തുന്നു.

'പൂ...... പൂയ്........... കേമൻമാര് കേമൻമാര്-' എന്ന് പറയുമ്പോൾ കാളി 'എന്താടൊ ഇത്...? ' എന്നു ചോദിക്കുന്നു. ഇങ്ങനെതുടങ്ങുന്ന സംഭാഷണം കൈലാസത്തിൽനിന്നും യാത്രതിരിച്ച് സകലലോകവും ചുറ്റിക്കറങ്ങി കാളീസന്നിധിയിലെത്തുന്ന കോയിമ്പടനായർ മാർഗമധ്യേകണ്ടതും കേട്ടതുമായ കാഴ്ചകളും വാർത്തകളും അറിയിക്കുന്നു. ഇതിൽ ലോകദാരിദ്ര്യം, ഊരായ്മ, ഭരണരീതി, മേളക്കാർ എന്നീവിഷയങ്ങൾ കടന്നുവരുന്നു. കൂട്ടത്തിൽ ഗണപതിയുടെ ഉദ്ഭവകഥപറഞ്ഞ് ഗണപതിയെ സ്തുതിച്ചുകൊണ്ട് കോയിമ്പടനായർ അരങ്ങിൽനിന്നും പോകുന്നു.

ദാരികനെ വധിക്കുന്നതിനുവേണ്ടി കൈലാസത്തിൽനിന്നും പോന്ന കാളിയെ വളരെക്കാലമായിട്ടും കാണാതിരുന്നതിനാൽ വിവരങ്ങൾ അന്വേഷിക്കുന്നതിനും ലോകവാർത്ത കൃത്യമായി കാളിയെ ധരിപ്പിക്കുന്നതിനും വേണ്ടിയാണ് ശിവൻ കോയിമ്പടനായരെ അയയ്ക്കുന്നത്. തന്നെ ഏൽപിച്ചജോലി വളരെകൃത്യമായി നിർവഹിക്കുന്ന ഉത്തമഭക്തനായ ഭൃത്യനെയാണ് നാം കോയിമ്പടനായരിലൂടെ കാണുന്നത്.



**കോയിമ്പടനായരുടെ രംഗപ്രവേശം**

കാളിയെ യുദ്ധത്തിൽ സഹായിക്കുന്നതിനായി നന്ദികേശനെ വേഷംമാറ്റി അയച്ചതാണെന്നാണ് സങ്കൽപം. കാഴ്ചയിൽ വേലകളിക്കാരുടെ വേഷമാണ്. വെള്ളമുണ്ടും മുണ്ടിനുമുകളിലായി ഒരു ചുവന്നപട്ട്

കോണോടുകോൺ മടക്കി ഉടുത്ത് തലയിലും ഒരു ചുവന്നപട്ട് കെട്ടി ദേഹംമുഴുവൻ ഭസ്മക്കുറിവരച്ച് കൈയിൽ വാളുംപരിചയുമായിട്ടാണ് വരവ്. ഒരിടത്ത് നിന്നുകൊണ്ട് സംസാരിക്കുന്നരീതിയല്ല, അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടാണ് സംസാരം. എന്തുപറയുമ്പോഴും ഒരു വിധേയന്റെ ഭാവമാണ്. കോയിമ്പട നായരുടെ സംഭാഷണത്തിനകമ്പടിയായി മേളക്കാർ പ്രത്യേകരീതിയിലാണ് താളമിടുന്നത്. ഗണപതിസ്തുതിയും ഭദ്രകാളിസ്തുതിയുംകഴിഞ്ഞ് കോയിമ്പടനായർ അരങ്ങത്തുനിന്നും പോകുമ്പോൾ മേളക്കാർ കലാശം കൊട്ടുന്നു. കോയിമ്പടനായർ കൈയിലുള്ള വാളുംപരിചയും ഒരുമിച്ചുകൂട്ടി രണ്ടുകൈകൊണ്ടും വട്ടംപിടിച്ച് നമസ്കരിച്ചതിനുശേഷം ആ താളത്തിനനുസരിച്ച് ചുവടുവെച്ചുകൊണ്ടാണ് രംഗത്തുനിന്നുംപോകുന്നത്. ഇതോടെ നാലാംരംഗം അവസാനിക്കുന്നു. ഈ സമയവും ഐവർകളിനടക്കുന്നുണ്ട്.

**4.6.6 കൂളിപുറപ്പാട്**

കൂളിയുടെ രംഗപ്രവേശത്തോടെ അഞ്ചാംരംഗം ആരംഭിക്കുന്നു. നാടോടിനാടകത്തിന്റെ തനിമമുഴുവൻ നിറഞ്ഞുനിൽക്കുന്ന ഒരു രംഗമാണ് കൂളിപുറപ്പാട്. കാളിയ്ക്കുള്ളതുപോലുള്ള വരവേൽപ്പൊന്നും കൂളിയ്ക്കില്ല. അപ്രതീക്ഷിതമായി കാളിയുടെ പിന്നിലായിട്ടാണ് കൂളി ആദ്യം പ്രത്യക്ഷപ്പെടുന്നത്. കാളി-ദാരികയുദ്ധത്തിൽ കാളിയെ സഹായിക്കുന്ന തിനുവേണ്ടിയാണ് കൂളിവരുന്നത്. മറ്റുള്ള കഥാപാത്രങ്ങളിൽനിന്നും വേഷത്തിലും ഭാവത്തിലും പെരുമാറ്റത്തിലും വളരെയെറെ വ്യത്യസ്തത പുലർത്തുന്ന കഥാപാത്രമാണ് കാളിയുടെ സന്തതസഹചാരിയായ കൂളി (പൂതം). തികച്ചും അനുഷ്ഠാനപ്രധാനമായ മുടിയേറ്റിൽ സൃഷ്ടിക്കുന്ന

ഭയത്തിന്റെയും ഭീകരതയുടെയും അന്തരീക്ഷത്തിന് ഒരുപരിധിവരെ അയവുവരുത്തുവാൻ കൂളിയുടെ സാന്നിധ്യത്തിനും പെരുമാറ്റങ്ങൾക്കും കഴിയുന്നു. കൂളിഅരങ്ങിലെത്തുമ്പോൾമുതൽ അരങ്ങിൽനിന്നും പോകുന്നതുവരെ കാളിയെ യുദ്ധത്തിന് സഹായിക്കുന്നു. കാളിയുടെ കലി ശമിപ്പിക്കുന്നതിനാവാശ്യമായ ചേഷ്ടകളിലൂടെ കാളിയെയും കൂടാതെ ഭക്തജനങ്ങളുടെ മാനസികപിരിമുറുക്കത്തിന് അയവുവരുത്താനും ഒപ്പം വിനോദത്തിനും വഴിയൊരുക്കുന്നുണ്ടെങ്കിലും പ്രധാനകർത്തവ്യത്തിൽനിന്ന് കൂളി വ്യതിചലിക്കുന്നില്ല.

ഗൗരവക്കാരിയായകാളിയുടെ നേരേവിപരീതസ്വഭാവമാണ് കൂളിയുടേത്. അനുഷ്ഠാനകലയായ മുടിയേറ്റ് 'കല' എന്നനിലയിൽ ആസ്വദിക്കുന്ന ആസ്വാദകന്റെ മനസ്സിൽ നാടോടിനാടകത്തിന്റെ കെട്ടുംമട്ടും അനുഭവപ്പെടുത്തുന്നത് ഇത്തരം കഥാപാത്രങ്ങളുടെ സ്വഭാവംപോലെതന്നെ കൃത്യതയില്ലാത്ത വേഷവിധാനങ്ങളുമാണ്. കൂളിയുടെ മുഖത്തുതേപ്പു പോലും നർമംകലർന്ന രീതിയിലാണ്. കാഴ്ചക്കാരിൽ ചിരിയുണർത്തത്തക്ക രീതിയിലുള്ള വേഷവിധാനമാണ് കൂളിയുടേത്. അരയ്ക്കുതാഴെ മുട്ടിനു മുകളിൽ നിൽക്കത്തക്ക രീതിയിലുള്ള കറുത്തനിക്കറും അതിനുമുകളിലായി ചെറുതായികീറിയ കുരുത്തോലയും അരയിൽവെച്ചുകെട്ടിയിരിക്കുന്നു. സ്ത്രീകൾ മുടി മുകളിൽ വെച്ചുകെട്ടുന്നതുപോലെ കുരുത്തോലകൊണ്ട് മുടികെട്ടി അതിനുമുകളിൽ ചെത്തിപ്പൂവും മറ്റുപലതരം പൂക്കളുംകൊണ്ട് അലങ്കരിക്കുന്നു. മാറിൽ കറുത്തകുപ്പായവും ധരിച്ചിരിക്കുന്നു. ഉന്തിയവയറും തൂങ്ങിയസ്തനങ്ങളും ഉണ്ടെങ്കിൽക്കൂടി കാഴ്ചക്കാർക്ക് ലജ്ജയുണ്ടാക്കുന്ന രീതിയിലുള്ള വേഷവിധാനങ്ങൾ അല്ല എന്നത് എടുത്തുപറയേണ്ടതാണ്.



**കൂളിയുടെ തിരനോട്ടം**

പീഠത്തിലിരിക്കുന്ന കാളിയുടെ പുറകിൽ മാറ്റ് പിടിച്ചിരിക്കുന്നു. മാറ്റിന്റെ പിന്നിൽവന്ന് 'കൂയ്-കൂയ്' എന്ന് ശബ്ദമുണ്ടാക്കുന്ന കൂളിയെ കാളി തിരിഞ്ഞുനോക്കുന്നു. കൂളിയെ കണ്ടതോടെ കാളി പീഠത്തിൽനിന്നെഴുന്നേറ്റ് നിലവിളക്കിനടുത്തേയ്ക്ക്പോകുന്നു. തുടർന്ന് കൂളിയുടെ തിരനോട്ടം. കൂളി താളത്തിനൊപ്പിച്ച് പലപ്രാവശ്യം തിരക്കുതല്ലുകയും തിരപിടിച്ച് താഴ്ത്തുകയുമൊക്കെ ചെയ്യുന്നുണ്ട്. ഈ പ്രവൃത്തികളൊന്നും അത്രകൃത്യമായ രീതിയിലല്ല കൂളിചെയ്യുന്നത്. അവസാനം തിരപിടിച്ച് താഴ്ത്തുമ്പോൾ തിരയും കൂളിയുംകൂടി അലച്ചുതല്ലി വീഴുന്നു. വീണുകിടക്കുന്ന കൂളി അരങ്ങിൽനിന്നും മാറിനിൽക്കുന്ന ദാരിക-ദാനവേന്ദ്രന്മാരെ കാണുന്നു. വീണിടത്തുകിടന്നുകൊണ്ട് കൂളി, കാളിയെ കൈകൊട്ടിവിളിക്കുകയും (കൈകൊട്ടുമ്പോൾ കൈകൾ പരസ്പരംകൂട്ടിമുട്ടാതെ രണ്ടുവശത്തേയ്ക്ക് പോകുന്നു) ദാരിക-ദാനവേന്ദ്രന്മാരെ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതുകണ്ട കാളി തന്റെ കൈയിലിരിക്കുന്ന വാൾ കഴുത്തിനുനേരെ ഉയർത്തിക്കൊണ്ട് ദാരിക-ദാനവേന്ദ്രന്മാരുടെ കഴുത്തറുത്തെറിയും എന്ന് കൂളിയുടെ നേരെ ആംഗ്യം കാണിക്കുന്നു. ഇതുകണ്ട കൂളി, കാളി ഇങ്ങനെപറഞ്ഞെന്ന് ദാരിക-ദാനവേന്ദ്രന്മാരെ ആംഗ്യംകാണിക്കുന്നു. തുടർന്ന് കൂളി പുറകോട്ടുമാറുമ്പോൾ തിരപൊക്കുകയും ദാരിക-ദാനവേന്ദ്രന്മാർ

അരങ്ങിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നതോടെ ആറാംരംഗം ആരംഭിക്കുന്നു. മറ്റുമുടിയേറ്റുസംഘങ്ങളുടെ അവതരണത്തിൽ കൂളിയ്ക്ക് സംഭാഷണവും കൃത്യമായ പ്രവൃത്തികളും ഉണ്ട്. എന്നാൽ ഇവിടെ കൂളിയ്ക്ക് പ്രത്യേകം സംഭാഷണമോ മറ്റുസംഘങ്ങളിലേതുപോലെയുള്ള പ്രവൃത്തികളോ ഇല്ല.

ദാരിക-ദാനവേന്ദ്രന്മാർ അരങ്ങിൽ എത്തിയതോടെ മേളം മുറുകുകയും പന്തത്തിൽ തെള്ളിയെറിയുകയും തിരമാറ്റുകയുംചെയ്യുന്നു. ദാരിക-ദാനവേന്ദ്രന്മാരും കാളിയും കൂളിയുംകൂടി താളത്തിനനുസരിച്ച് വിളക്കത്ത് പതിരിതിരിയുന്നു. ഇതിനുശേഷം ദാരിക-ദാനവേന്ദ്രന്മാർ വിളക്കിന്റെ സമീപത്തുനിന്നും കുറച്ച് മാറിനിൽക്കുന്നു. കൂളിയാകട്ടെ കാളിയുടെ തലമുടിയിൽപിടിച്ചും 'മുടി'യിൽപിടിച്ചും പൊതിമാറ്റിൽ പിടിച്ചുവലിച്ചുമൊക്കെ പലതരത്തിൽ ശല്യംചെയ്തുകൊണ്ടിരിക്കുന്നു. കാളിയുടെ പുറകിൽവന്ന് വീണ്ടുംവീണ്ടും ശല്യംചെയ്യുമ്പോൾ കാളി കൂളിയുടെനേരെ വട്ടംതിരിഞ്ഞ് ദേഷ്യപ്പെടുന്നു. ഇതുകണ്ട് പേടിച്ച കൂളി ഓടി മറിഞ്ഞുവീഴുന്നു. വീണിടത്തുകിടന്ന് കൂളി കാളിയെ സഹായത്തിനായി വിളിക്കുന്നുണ്ടെങ്കിലും കാളി വരുന്നില്ല. അവസാനം കൂളി തനിയെ എഴുന്നേറ്റ് മുടന്തി നടന്നുവരുന്നു. കൈയിൽനിന്നും വീണുപോയ പച്ചിലത്തൂപ്പ് വിളക്കിനുസമീപംഇട്ടശേഷം കൂളിയും കാളി-ദാരിക-ദാനവേന്ദ്രന്മാരോടൊപ്പം പതിരിതിരിയുന്നു. പതിരിക്കുശേഷം നാലുപേരുംകൂടി വിളക്കിനുചുറ്റും പ്രദക്ഷിണംവെയ്ക്കുന്നു. ഈ സമയവും കൂളി കാളിയുടെ തലമുടി നേരെയാക്കുന്നമട്ടിൽ ഇടയ്ക്കിടയ്ക്ക് പിടിച്ചുവലിക്കുന്നു. ക്ഷമനശിച്ചകാളി കൂളിയുടെനേരെ വാൾകൊണ്ട് ഓങ്ങുന്നു. പേടിച്ച കൂളിവീണ്ടും മറിഞ്ഞുവീഴുന്നു. വീണിടത്തു കിടന്നുകൊണ്ട് കാളിയെ ചില ഗോഷ്ടികൾ കാണിക്കുന്നു. 'കൂയ് കൂയ് ' എന്ന് വിളിച്ചുകൊണ്ട്

തന്നെപിടിച്ചുയർത്തുന്നതിനായി കൈനീട്ടുന്നു. എന്നാൽ കാളി വരുകയോ സഹായിക്കുകയോ ചെയ്യുന്നില്ല. വാശിക്കെന്നതുപോലെ കൂളി ചാടി യെഴുന്നേറ്റ് ഓടിവന്ന് കാളി-ദാരിക-ദാനവേന്ദ്രന്മാർ പ്രദക്ഷിണം വെയ്ക്കുന്നതിന്റെകൂടെചേരുകയും വീണ്ടും കാളിയെ ശല്യംചെയ്യുകയും ചെയ്യുന്നു. തുടർന്ന് കാളിയുടെ കുപ്പായത്തിൽ പിടിച്ചുവലിച്ചുകൊണ്ട് ഓടുന്നു. കാളി വാൾഉയർത്തിപ്പിടിച്ച് കൂളിയുടെപുറകെ കാവിന്റെപ്രദേശം മുഴുവൻ ഓടുന്നു. കാളിയുടെ കോപംകണ്ട് ഭയന്നകൂളി വീണ്ടുംവീഴുന്നു. കൂക്കി വിളിച്ചുകൊണ്ട് കൂളി എഴുന്നേറ്റുവരുന്നു. ഈ സമയമൊക്കെ ചെണ്ട ഏകതാളത്തിലാണ്. പ്രദക്ഷിണം തീരാറായപ്പോൾ മേളംമുറുകുകയുംവീണ്ടും പതിരിതിരിയൽ ആരംഭിക്കുകയും ചെയ്യുന്നു. മേളംമുറുകുന്നതനുസരിച്ച് പതിരിയുടെവേഗത കൂടുന്നു.

**4.6.7 കുട്ടികളെ എടുക്കൽ**

പതിരി തീരുന്നതോടെ ഭക്തജനങ്ങൾ തങ്ങളുടെ കൊച്ചുകുട്ടികളെ കാളിയുടെ കൈയിൽ കൊണ്ടുവന്ന് കൊടുക്കുന്നു. കാളി കുട്ടികളെയെ ടുത്ത്ചുറ്റിക്കുന്നു[18]. ചുറ്റിച്ചുകഴിഞ്ഞ കുട്ടികളെ കാളിയിൽനിന്നും രക്ഷിതാക്കൾ ദക്ഷിണനൽകി തിരികെ വാങ്ങുന്നു. ഇതുകണ്ട കൂളി ഓടിപ്പോയി ഉറങ്ങി ക്കിടക്കുന്ന യുവാക്കളെയും കൂളി യുടെ ദൃഷ്ടിയിൽപ്പെടാതെ മറഞ്ഞി രിക്കുന്ന പുരുഷന്മാരെയും പൊക്കി യെടുത്തുകൊണ്ട് വട്ടംകറങ്ങുന്നു. കുട്ടികളെ കാളിയെക്കൊണ്ട് ചുറ്റി ച്ചാൽ പകർച്ചവ്യാധികളൊന്നും



**കുട്ടികളെ എടുക്കൽ**

പിടിക്കില്ലെന്നും കുട്ടിക്ക് ദീർഘായുസ്സും ഐശ്വര്യവുമുണ്ടാകുമെന്നുമാണ് വിശ്വാസം. പണ്ടുകാലത്തൊക്കെ ചന്ദനശ്ശേരിക്കാവിൽ കുട്ടികളെചുറ്റിക്കൽ മണിക്കൂറുകളോളം നീളുമായിരുന്നു എന്ന് ശ്രീ.നാരായണക്കുറുപ്പ് ഓർമിക്കുന്നു. മുടിയേറ്റിനുകിട്ടുന്ന തുച്ഛമായ പ്രതിഫലത്തിനുപുറമെകിട്ടുന്ന അധികവരുമാനമാണിത്. കൂളി തന്റെ കൈയിലിരിക്കുന്ന പച്ചിലത്തൂപ്പ് രണ്ടുകൈകൊണ്ടുപിടിച്ച് കാണികളെ ഉഴിയുകയും അവരിൽനിന്ന് ദക്ഷിണ സ്വീകരിക്കുകയും ചെയ്യുന്നു. കാവിന്റെ വടക്കുപടിഞ്ഞാറുവശത്തുള്ള തട്ടിൽ ഇപ്പോഴും ഐവർകളി നടക്കുന്നുണ്ട്. ഈസമയമെല്ലാം ദാരിക-ദാനവേന്ദ്രന്മാർ അരങ്ങിൽനിന്നും മാറിനിൽക്കുന്നു. കുട്ടികളെചുറ്റിക്കൽ കഴിയുന്നതോടെ ആറാംരംഗം അവസാനിക്കുകയും താളംമുറുകയും ചെയ്യുന്നു.

**4.6.8 കൂടിയാട്ടം**

താളംമുറുകുന്നതോടെ ദാരിക-ദാനവേന്ദ്രന്മാരും കാളിയും ഒരു പതിരിതിരിയുകയും അത് തീരുന്നതേടെ യുദ്ധം ആരംഭിക്കുകയുംചെയ്യുന്നു. ഇതിന് 'വെട്ടുംതടയും' എന്നുപറയുന്നു. അതായത് വെട്ടുകയും തടുക്കുകയും ചെയ്യുക. ഈ സമയവും കൂളി ആൾക്കാരെ എടുത്ത് ചുറ്റിക്കുകയാണ്. ഇത് അക്ഷരാർഥത്തിൽ ചുറ്റിക്കൽതന്നെയാണ്. കൂളി അടുത്തേക്കുവരുമ്പോൾ ആൾക്കാർ എഴുന്നേറ്റ് ഓടുകയും കൂളി ലക്ഷ്യംവെച്ച ആളിനെ എത്ര ഓടിച്ചിട്ടാണെങ്കിലും പിടിച്ചുകൊണ്ടുവന്ന് ചുറ്റിക്കുകയുംചെയ്യുന്നു. പലരേയും ചുറ്റിക്കൽകഴിഞ്ഞ് താഴെനിർത്തുമ്പോൾ അവർക്ക് നേരെനിൽക്കാൻ കഴിയുന്നില്ല. ഇതിനിടയിലും കൂളിഓടിവന്ന് കാളിയെ യുദ്ധത്തിൽ സഹായിക്കുന്നുണ്ട്. കൂളി ദാനവേന്ദ്രനുമായി യുദ്ധംചെയ്യുകയും ഇടയ്ക്കിടയ്ക്ക് രണ്ടുകൈയും വിടർത്തിപ്പിടിച്ച് ദാരികനെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. കൂളിയുടെകൈയിൽ തൂപ്പല്ലാതെ മറ്റായുധങ്ങൾ ഒന്നുമില്ല. കാളിയും

ദാരികനുംതമ്മിലുള്ള യുദ്ധത്തിനിടയ്ക്ക് ദാനവേന്ദ്രൻ വരാതിരിക്കാൻ കൂളി പ്രത്യേകം ശ്രദ്ധിയ്ക്കുന്നുണ്ട്. മേളത്തിന്റെശബ്ദവും ആയുധങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദവും കൂളിയുടെ 'കൂയ്-കൂയ്' വിളികളും കൊണ്ട് ഈ സമയം മുഴുവൻ അന്തരീക്ഷം നിറഞ്ഞിരിക്കുന്നു.



**കൂടിയാട്ടം**

യുദ്ധം മുറുകിനിൽക്കുമ്പോൾ അവർ നിൽക്കുന്നിടത്തുതന്നെ നിന്നുകൊണ്ട് നാലുപേരും താളത്തിനനുസരിച്ച് പതിരിതിരിഞ്ഞുകൊണ്ട് വിളക്കിനുസമീപം വരികയും വിളക്കിനുചുറ്റും പതിരിതിരിയുകയും ചെയ്യുന്നു. താളം അയയുമ്പോൾ പതിരിതീർന്ന് വിളക്കിനുചുറ്റും വേഗംനടക്കുന്നു. ഇതിനിടയിൽ തന്റെ പിന്നിലൂടെവരുന്ന ദാരികനെ കാളി തിരിഞ്ഞ്‌വെട്ടുന്നു. ഇതിന് 'വെട്ടിതിരിക്കുക' എന്നുപറയുന്നു. തുടർന്ന് വീണ്ടും യുദ്ധം. കാളി ദാരികനുമായി യുദ്ധംചെയ്യുമ്പോൾ കൂളി ഇടയ്ക്കുകയറി ദാനവേന്ദ്രനെ തടഞ്ഞുനിർത്തുകയും അങ്ങോട്ടോ ഇങ്ങോട്ടോ ദാരികൻ മാറിപ്പോയാൽ കൂളി ഓടിച്ചെന്ന് തന്റെകൈയിലുള്ള തൂപ്പുകൊണ്ട് ആംഗ്യംകാണിച്ച് ദാരികനെ വന്ന് കൊല്ലാൻ കാളിയോട് പറയുന്നു.

യുദ്ധംമുറുകുകയും കാളിയ്ക്ക് കലികയറുകയുംചെയ്യുമ്പോൾ ദാരിക-ദാനവേന്ദ്രന്മാർ ഓടിയൊളിക്കുന്നു. കാളി ദാരികന്മാരെ തെരെയുന്ന സമയത്ത് കൂളി ഓടിവന്ന് പലതരത്തിൽ ശല്യംചെയ്യുന്നു. കാളി, കൂളിയെ കാവിന്റെപരിസരംമുഴുവൻ ഇട്ടോടിക്കുന്നു.



**കാളി-ദാരിക യുദ്ധം**

ഈസമയവും യുദ്ധത്തിന് കൊട്ടുന്നതുപോലുള്ള മേളമാണ് കൊട്ടുന്നത്. കൂളി തിരിച്ചുവന്ന് കാളിയുടെ പൊതിമാറ്റും തലമുടിയും മുടിയുമൊക്കെ പിടിച്ചുവലിക്കുകയും ശല്യം ചെയ്യുകയുംചെയ്യുന്നു. ഈ പ്രവൃത്തികൾ ഇടയ്ക്ക് വിളക്കിനുചുറ്റും നടന്നുകൊണ്ടും ചെയ്യുന്നു. കാളി കൂളിയെ കാവിൽമുഴുവൻ ഇട്ടോടിക്കുമ്പോൾ ഇടയ്ക്ക് കാളിയെവെട്ടിച്ച് അരങ്ങിലിട്ടിരിക്കുന്ന പീഠമെടുത്ത് വിളക്കി നടുത്തുകൊണ്ടുവന്നിട്ട് അതിൽ ഇരുന്നുകൊണ്ട് കൈയിലുള്ള തൂപ്പിളക്കി 'ഇവിടെ വരൂ' എന്ന് ആംഗ്യംകാണിക്കുന്നു. കാളി സമീപമെത്തുമ്പോൾ കൂളി പീഠത്തിൽ നിന്നെഴുന്നേൽക്കുന്നു. കാളി, കൂളിയുടെനേരെ വാളുയർത്തിക്കൊണ്ട് ദാരികന്മാരെ ഈ ലോകത്തെവിടെയുണ്ടെങ്കിലും പിടിച്ചുകൊണ്ടു വരുന്നതിനുപകരം ഒരോഗോഷ്ഠിയും കാണിച്ച് നടക്കുകയാണോഎന്ന ഭാവത്തിൽ വഴക്കുപറയുന്നു. കൂളി തന്റെ കൈയിലുള്ള തൂപ്പുകൊണ്ട് അരങ്ങിൽ കിടക്കുന്ന പീഠംതുടച്ചിട്ട് കാളിയെ ഇരിക്കാൻ ക്ഷണിക്കുന്നു.

പക്ഷേ കാളി കൂളിയെ ഓടിക്കുന്നു. വീണ്ടുംകൂളി, കാളിയെ പീഠത്തിലിരിക്കാൻ ക്ഷണിക്കുന്നു. കാളി പീഠത്തിലിരിക്കുമ്പോൾ കൂളി ദാരികന്മാരെ കണ്ടുപിടിച്ചുകൊണ്ടുവരാമെന്നേൽക്കുന്നു.



**ദാരിക-ദാനവേന്ദ്രന്മാരെ**
**പിടിച്ചുകൊണ്ടുവരുന്ന കൂളി**

കൂളി വിളക്കിനുസമീപമിരുന്ന പന്തം എടുത്തുകത്തിച്ച് കാളിയുടെ സമീപംവന്ന് ഞാൻ ദാരിക-ദാനവേന്ദ്രന്മാരെ പിടിച്ചുകൊണ്ടുവരാമെന്നു പറഞ്ഞ് പന്തം ഊതിക്കെടുത്തുന്നു. തുടർന്ന് വീണ്ടുംപന്തംകത്തിച്ച് തലയ്ക്കുമുകളിൽപ്പിടിച്ച് എന്തോ അന്വേഷിക്കുന്നമട്ടിൽ പതുങ്ങിപ്പതുങ്ങി നടക്കുന്നു. കാണികളുടെയിടയിൽചെന്ന് ആ രണ്ടുപേരെകണ്ടോയെന്നും അവരെ കിട്ടിയാൽ കൊന്ന് രക്തംകുടിക്കുമെന്നും ആംഗ്യംകാണിക്കുന്നു. കൂളി പന്തം തലയ്ക്കുമുകളിൽപ്പിടിച്ച് പതുക്കെപ്പതുക്കെ അരങ്ങിലെത്തുന്നു. കാളി ഇരിക്കുന്ന പീഠത്തിനടിയിൽ ദാരിക-ദാനവേന്ദ്രന്മാരെ അന്വേഷിക്കുന്നതിനിടയിൽ പന്തം കാളിയുടെ കാലിൽമുട്ടുന്നു. കാലുപൊള്ളിയ കാളി കൂളിയെ ഓടിക്കുന്നു. കാളി കൈയിലുള്ള വാൾ കൂളിയുടെനേരെ ഓങ്ങുന്നു. ഈ സമയം കൂളി, അങ്ങോട്ടുമിങ്ങോട്ടും ചാടി പന്തംകൊണ്ട് തടുക്കുന്നു.

ഇതുകണ്ടാൽ ഇവർതമ്മിൽ യുദ്ധംചെയ്യുകയാണെന്ന് തോന്നും. കുറച്ചുസമയംകൂടി പന്തംപിടിച്ച് അന്വേഷണം നടത്തുന്നു. പെട്ടെന്ന് എന്തോ ഓർത്തിട്ടെന്നപോലെ പന്തം വിളക്കിനടുത്തു വെയ്ക്കുകയും തുടർന്ന് കാളിയുടെ കൈയിലിരിക്കുന്ന വാളിനു മൂർച്ചകൂട്ടിത്തരാം എന്നുപറഞ്ഞ് വാൾ കൈക്കലാക്കുകയുംചെയ്യുന്നു. അനന്തരം വാളിന് മൂർച്ചകൂട്ടുന്നതായിട്ട് അഭിനയിക്കുന്നു. ഈ സമയം മേളത്തിന് ചെണ്ടമാത്രമാണ് ഉപയോഗി ക്കുന്നത്. വാൾതേക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദംപോലെ ചെണ്ടക്കാരൻ ചെണ്ടയിൽ മനോധർമമനുസരിച്ച് വായിക്കുന്നു. അതിനുശേഷം മൂർച്ച കൂടിയോ എന്നറിയാൻ കാളിയുടെ കാലിൽ മുട്ടിച്ചുനോക്കുന്നു. ഇതിൽ ക്ഷുഭിതയായ കാളി കൂളിയെ ഓടിക്കുന്നു. കൂളി ഓടിപ്പോകുമ്പോൾ വിളക്കിനുസമീപം വെച്ചിരിക്കുന്ന പന്തവും എടുത്തുകൊണ്ടുപോകുന്നു. ഒരുകൈയിൽ വാളും മറുകൈയിൽ പന്തവുമായി കൂളി, ദാരിക-ദാനവേന്ദ്ര ന്മാരെ അന്വേഷിച്ചിറങ്ങുന്നു. കാവിനുപിന്നിൽനിന്നും ഇവരെ പിടിച്ചു കൊണ്ടുവന്ന് കാളിയുടെ മുൻപിൽ ഇട്ടുകൊടുക്കുന്നു. കൂളി തന്റെ കൈയിലിരുന്ന വാൾ കാളിയ്ക്ക് നൽകുന്നു. ദാരിക-ദാനവേന്ദ്രന്മാരോട് കാളി ഏറ്റുമുട്ടുന്നു. തുടർന്ന് നാലുപേരും കൂടി വിളക്കത്ത് പതിരിതിരിയുന്നു. കൂളിയുടെ ഒരുകൈയിൽ പന്തവും മറ്റേകൈയിൽ തൂപ്പുമുണ്ട്. ദാരിക-ദാനവേന്ദ്രന്മാരുടെ രണ്ടു കൈയിലും ചുരികയും കാളിയുടെ കൈയിൽ വാളുമാണുള്ളത്. ഇപ്പോൾ ഉച്ചത്തിലുള്ള മേളവും ആയുധങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദവും ഒപ്പം ദാരിക-ദാനവേന്ദ്രന്മാരുടെ അലർച്ചയും കൂളിയുടെ കൂക്കിവിളിയും കേൾക്കാം. യുദ്ധത്തിന് തീവ്രത വരുന്നസമയ മൊക്കെ ഇടയ്ക്കിടെ പന്തത്തിൽ തെള്ളിയെറിയുന്നുണ്ട്. വിളക്കിനുചുറ്റും

പതിരിതിരിയുകയും ഇടയ്ക്കിടയ്ക്ക് താളത്തിനനുസരിച്ച് ഘടികാരസൂചി ചലിക്കുന്ന ദിശയിലും വിപരീതദിശയിലും നടന്ന് യുദ്ധം ചെയ്യുന്നു.

യുദ്ധം മുറുകുന്നതോടെ ദാരിക-ദാനവേന്ദ്രന്മാർ യുദ്ധരംഗത്തു നിന്നും ഓടിപ്പോകുന്നു. കാളി അവരുടെ പുറകെചെന്ന് കാവിനുചുറ്റും ഇട്ടോടിച്ചതിനുശേഷം വീണ്ടും വിളക്കിനുസമീപം വരുന്നു. ഈ സമയമെല്ലാം ഒരുകൈയിൽ പന്തവും മറുകൈയിൽ തൂപ്പുംപിടിച്ച് കൂളി ഒപ്പമുണ്ട്. അരങ്ങിലെത്തി വീണ്ടും യുദ്ധം, തുടർന്ന് വിളക്കിനുചുറ്റും പതിരി, വീണ്ടും യുദ്ധം, ഇത് ഒന്നിടവിട്ട് ആവർത്തിക്കുന്നു. കലി കയറിയ കാളി, കൂളിയുടെ കൈയിലിരുന്ന പന്തംമേടിച്ച്, ഒരുകൈയിൽ പന്തവും മറ്റേകൈയിൽ വാളുമായി ദാരിക-ദാനവേന്ദ്രന്മാരോട് ഏറ്റുമുട്ടുന്നു. പന്തംചുഴറ്റിക്കൊണ്ടും വാളുകൊണ്ട് വെട്ടിയും മുന്നേറുന്ന കാളിയുടെ കലി വർധിച്ചു എന്നു മനസ്സിലാക്കിയ കൂളി പലതരത്തിൽ യുദ്ധത്തിനിടയ്ക്ക്കയറിയുംമറ്റും കാളിയുടെ ശ്രദ്ധതിരിക്കാൻ ശ്രമിക്കുന്നു. ഇതിൽ ക്ഷുഭിതയായ കാളി, കൂളിയുമായി ഏറ്റുമുട്ടുകയും കൂളിയെ ഓടിക്കുകയും ചെയ്യുന്നു.

### 4.6.9 മുടിപറിക്കൽ

പോർക്കലി ബാധിച്ച കാളി, ദാരിക-ദാനവേന്ദ്രന്മാരുമായി വീണ്ടും യുദ്ധം ചെയ്യുന്നു. കൂളി ഓടിവന്ന് വീണ്ടും ഇവർക്കിടയിൽ കയറുന്നു. ഈ സമയം കാളി, ദാരിക-ദാനവേന്ദ്രന്മാരെ പന്തംവീശി ഓടിക്കുന്നു. തുടർന്ന് പിന്നിൽനിന്നും രണ്ടുപേർവന്ന് കാളിയുടെ കൈയിൽനിന്നും പന്തംപിടിച്ചു വാങ്ങുന്നു. തുടർന്ന് നാലുപേരും കൂടി വിളക്കത്ത്പതിരി. താളവും പതിരിയും ഉച്ചസ്ഥായിയിൽ നിൽക്കുമ്പോൾ കൂളിവന്ന് കാളിയുടെ തലയിൽനിന്നും

‘മുടി’ എടുത്തുമാറ്റുന്നു. ഇതാണ് മുടിപറിക്കൽ. മറ്റുസംഘങ്ങളുടെ അവതരണത്തിൽ മുടിപറിക്കുന്നത് പിന്നണിയിൽ ഉള്ളവരാണ്.



**മുടി പറിക്കലിനുശേഷം കാളിയും കൂളിയും**

തുടർന്ന് കൂളി മുടി തലയിൽവെച്ച് തുള്ളുന്നു. മുടിപറിച്ചിട്ടും കലിശമിക്കാത്ത കാളി വാളുമായി ദാരിക-ദാനവേന്ദ്രന്മാരുടെ പുറകെ ഓടുമ്പോൾ മുടിയേറ്റുസംഘത്തിൽപ്പെട്ട ഒരാൾവന്ന് കാളിയുടെ കൈയിലിരിക്കുന്നവാൾ കാളിയെക്കൊണ്ട് നിലത്തുകുത്തിക്കുന്നു. കാളിയുടെ കലിശമിപ്പിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെചെയ്യുന്നത്. അരങ്ങിൽ വെച്ചിരിക്കുന്ന നിലവിളക്കിന്റെ നാലുവശത്തുമാണ് വാൾകുത്തിക്കുന്നത്. ഈസമയമെല്ലാം കൂളി കാളിയുടെ മുടിയും തലയിൽവെച്ച് താനാണ് കാളിയെന്നഭാവത്തിൽ കൈയുംകാലും എന്നുവേണ്ട ശരീരംമുഴുവൻ കുലുക്കിക്കൊണ്ട് പീഠത്തിലിരിക്കുന്നു. കൂട്ടത്തിൽ രണ്ടുകൈകൊണ്ടും തലമുടി വിടർത്തുന്നരീതിയിൽ ‘മുടി’യിലെ കുരുത്തോല (തലമുടി) കോതുന്നു.



**വാൾ കുത്തിച്ച് കാളിയുടെ കലിശമിപ്പിക്കുന്നു**

നാലുദിക്കിലും വാൾ കുത്തിച്ചശേഷം കാളിയെ പീഠത്തിനു സമീപം കൊണ്ടുവരുന്നു. ഈ സമയം കൂളി പീഠത്തിൽനിന്നും എഴുന്നേറ്റ് മാറുകയും കാളിയെ പീഠത്തിലിരുത്തുകയുംചെയ്യുന്നു. മുടിയിപ്പോഴും കൂളിയുടെ തലയിൽത്തന്നെയാണ്. കൂളിനിൽക്കുന്നിടത്തു നിന്നുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കുന്നു. പീഠത്തിൽ കാളിയെ പിടിച്ചിരുത്തിയിട്ടും ഉറച്ചിരിക്കാതെ എഴുന്നേറ്റുപോകാൻ ശ്രമിക്കുന്നതിനാൽ കാളിയെ ബലമായി പിടിച്ചിരുത്തിയിരിക്കുകയാണ്. കൂളിയാകട്ടെ മുടിവെച്ച് താളത്തിനനുസരിച്ച് അങ്ങോട്ടുമിങ്ങോട്ടും വളരെവേഗത്തിൽ തിരിയുന്നു. കാളിയുടെ കൈയിലിരുന്നവാൾ ബലമായി പിടിച്ചുവാങ്ങിക്കുമ്പോൾ കാളി കൈരണ്ടും തലയിൽവെച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും വെട്ടിത്തിരിഞ്ഞുനോക്കുന്നു. ഈസമയം മേളംമുറുകുന്നതനുസരിച്ച് കൂളിനിന്നിടത്തുനിന്നുകൊണ്ട് വട്ടത്തിൽ കറങ്ങുന്നു. ഈ കറക്കം കഴിഞ്ഞതോടെ പിന്നിൽനിന്നും ഒരാൾവന്ന് കൂളിയുടെ തലയിൽനിന്നും ‘മുടി‘ എടുത്തുമാറ്റുന്നു. തുടർന്ന് കൂളി രണ്ടുകൈയും തലയിൽവെച്ചുകൊണ്ട് താളത്തിനനുസരിച്ച് ചുവടുവെച്ച് പീഠത്തിലിരിക്കുന്ന കാളിയുടെ മുൻപിൽ വന്ന്സാഷ്ടാംഗംവീണ് നമസ്കരിക്കുന്നു. കാളിയുടെ മുൻപിൽ കൂളി മാപ്പ്

പറയുന്നതാണിത്. കൂളി എഴുന്നേറ്റ് നിലത്ത് തൊട്ടുവന്ദിച്ച് അരങ്ങിൽനിന്നും പോകുന്നു. കാളിയുടെ അംശാവതാരമായ കൂളി തന്റെ അവതാരോദ്ദേശ്യം പൂർത്തിയായതോടെ കാളിയിൽ ലയിക്കുന്നതാവാം.



**കാളിയുടെ മുൻപിൽ കൂളി സാഷ്ടാംഗം നമസ്കരിക്കുന്നു**

ഏഴാംരംഗം കൂടിയാട്ടം എന്നറിയപ്പെടുന്നു. ഏറ്റവും ദൈർഘ്യമുള്ള രംഗവും ഇതുതന്നെ. അരങ്ങത്തും വിളക്കത്തും പതിരി, പ്രദക്ഷിണം, വെട്ടുംതടയും, വെട്ടിത്തിരിക്കൽ, കാളിയും കൂളിയുംതമ്മിലുള്ള നർമ്മര സപ്രധാനമായ പ്രവൃത്തികൾ, മുടിപറിക്കൽ, എന്നിവയെല്ലാം ചേർന്നതാണ് കൂടിയാട്ടം. കുട്ടികളെചുറ്റിക്കൽ എന്നഅനുഷ്ഠാനപരമായ ചടങ്ങും ഈരംഗത്തിലാണ്. പതിരിതന്നെ കുറഞ്ഞത് മൂന്നുപ്രാവശ്യമെങ്കിലും ഉണ്ടാകും. സമയത്തിന്റെ ലഭ്യതയനുസരിച്ച് നാലോ അതിൽക്കൂടുതലോ പ്രാവശ്യം പതിരിതിരിയുന്ന അവസരങ്ങളും ഉണ്ടാകാറുണ്ട്. വിളക്കിനുചുറ്റും പ്രദക്ഷിണം, പതിരി, വെട്ടുംതടയും വെട്ടിത്തിരിക്കൽ എന്നിവ ഇടവിട്ടിടവിട്ട് കൂടിയാട്ടസമയത്ത് ആവർത്തിച്ചുകൊണ്ടിരിക്കും.

#### 4.6.10 പേശൽ, ദാരികവധം

കാളിയുടെ മുടി പറിക്കുന്നതോടെ താളംനിലയ്ക്കുന്നു. ഇപ്പോൾ അരങ്ങ് നിശബ്ദമാണ്. കൂളിയും രംഗത്തുനിന്ന് പോയതോടുകൂടി മുടിയേറ്റു സംഘത്തിൽനിന്നും ഒരാൾവന്ന് വീണ്ടുംകാളിയുടെതലയിൽ 'മുടി' ഉറപ്പിക്കുന്നു. ഇതോടെ അരങ്ങ് സജീവമാകുകയും താളം ആരംഭിക്കുകയും ചെയ്യുന്നു. ഈസമയം കാളി പീഠത്തിൽനിന്നും എഴുന്നേറ്റ് വിളക്കിനുസമീപം വരുന്നതോടെ ദാരിക-ദാനവേന്ദ്രന്മാരും വിളക്കിനുസമീപമെത്തുകയും മൂന്നുപേരുംകൂടി വിളക്കിന് പ്രദക്ഷിണംവെയ്ക്കുകയും ചെയ്യുന്നു. ഈ സമയത്താണ് ഇവർ തമ്മിലുള്ള വാക്കുതർക്കം (പേശൽ) നടക്കുന്നത്.

കാളി : 'ഹരി ഹര വിരിഞ്ചൻ തന്റെ അമരേന്ദ്രാതിയായി

പരിചൊടു ഒത്തുനിൽക്കും പാരാതെ ജയിക്കനീ....' എന്നു തുടങ്ങുന്ന വാക്കുതർക്കം.

' ........അഴകൊടു ഭഗവതിയമ്മ കൈയാൽ വധിക്കുന്നേൻ ' - എന്നു പറഞ്ഞ് ദാരികശിരസ്സറുക്കുന്നു. ഒരുകൈകൊണ്ട് ദാരികന്റെ 'മുടി'പിടിച്ച് മറുകൈയിലെ വാൾകൊണ്ട് അറുക്കുന്നരീതിയിൽ അഭിനയിച്ചുകൊണ്ടാണ് 'മുടി' എടുക്കുന്നത്. തുടർന്ന് ദാനവേന്ദ്രൻ ശൈലീകൃതഅഭിനയരീതിയിൽ തന്റെ മുടി ഊരിക്കൊടുത്തിട്ട് അരങ്ങിൽനിന്നും പോകുന്നു.



**ദാരികവധം**

ഇന്ദ്രാദിദേവകൾക്കും ത്രിമൂർത്തികൾക്കുപോലും ഭയം ഉണ്ടാകത്തക്കരീതിയിൽ പത്തുദിക്കിനേയും ജയിച്ച ദാരിക-ദാനവേന്ദ്രന്മാരെ കണക്കറ്റ് കളിയാക്കിക്കൊണ്ടാണ് കാളിയുടെ പോരിനുവിളി.

'വിരവൊടു പാതാളം വീണൊളിച്ചിരിക്കുന്നോരു

സരസനാകും ദാരികാ ദാനവേന്ദ്രാ വായടാ നീയും.......' - എന്നതിലെ 'സരസൻ' എന്ന പ്രയോഗത്തിന് 'കൗശലം' എന്നാണർഥം. സൂര്യാസ്തമയം കഴിഞ്ഞാൽ തങ്ങളെ വധിക്കാൻ കഴിയില്ല എന്നറിയാവുന്ന ദാരിക-ദാനവേന്ദ്രന്മാർ അതിനായിട്ടാണ് പാതാളത്തിലൊളിക്കുന്നത്. എന്നാൽ ഇതുമനസ്സിലാക്കിയ കാളിയും അതേകൗശലംതന്നെ പ്രയോഗിക്കുന്നു. തന്റെ കാരിരുൾ തലമുടികൊണ്ട് സൂര്യബിംബത്തെ മറയ്ക്കുകയും സൂര്യൻ അസ്തമിച്ചു എന്നുകരുതി പുറത്തുവരുന്ന ദാരിക-ദാനവേന്ദ്രന്മാരുമായിട്ടാണ് വാക്കുതർക്കത്തിലേർപ്പെടുന്നതും വധിക്കുന്നതും. കാളിയുടെ പോരുവിളിക്ക് കുറിക്കുകൊള്ളുന്ന മറുപടിയാണ് ദാരികനും ദാനവേന്ദ്രനും കൊടുക്കുന്നത്. വാക്കുതർക്കത്തിനൊടുവിൽ കാളി,

' ഹരനേയും തായും തായും തമ്പുരാനെ വരമേ

പിൻ പാരിലെല്ലാം പരം പരം നീയെയെന്ന്

ചൊല്ലും ശിവനുടെ വൈരിയാകും ദാരികന്റെ

ശിരസ്സതുപൊരുതരിഞ്ഞ് ദേവകൾ ശൂലമേന്തി

ശിവ ശിവ.... കാഴ്ചയിന്ന് തിരുമുൻപിൽ

ഞാനിതാകൊണ്ടുവന്നേൻ പൊരുതിന

കൂളിമാരും ഗണങ്ങളുമിണങ്ങിവന്ന്

യാവര മഖിലനാഥാ കരുമങ്ങളെല്ലാം

വീണ്ടും കരുത്തുകൾ അരുൾകപോറ്റീ.....'

എന്നുപറഞ്ഞുകൊണ്ട് ദാരികന്റെ മുടിയെടുത്ത് നാലുദിക്കിലേയ്ക്കും തിരിഞ്ഞ് ഉഴിയുകയും തുടർന്ന് മൂന്നുപ്രാവശ്യം വിളക്കിനെയും അതിനുശേഷം മുടിയുംപിടിച്ച് സ്വയം കറങ്ങുകയുംചെയ്തതിനുശേഷം ശിവന്റെ കാൽക്കൽ സമർപിക്കുന്നതായി സങ്കൽപിച്ചുകൊണ്ട് വിളക്കിനുമുൻപിൽ ഇട്ടിരിക്കുന്ന പീഠത്തിൽ സമർപിക്കുന്നു. ഒപ്പം കാളിയുടെ ആയുധമായ വാളും സമർപിക്കുന്നു. ഇതിൽ സന്തുഷ്ടനായ ശിവൻ,

‘ ഇന്നു നീ ചെയ്ത വേലയെത്രയും നന്നു നന്ന്
മല്ലനാം അസുരൻ തന്നെ കൊന്നതു നന്ന് നന്ന്
അതിനാൽ എൻ ബലവും കീർത്തിയും
നിനക്കായിരിക്കട്ടെ എൻ മകളെ കാളീ..............’

എന്ന് അനുഗ്രഹിക്കുന്നു. ഈസമയം മേളക്കാർ കലാശംകൊട്ടുന്നു. മേളം അവസാനിക്കുന്നതോടെ മുടികൾ അണിയറയിലേയ്ക്ക് കൊണ്ടുപോകുന്നു. ഇതോടെ മുടിയേറ്റിന്റെ രംഗാവതരണം അവസാനിക്കുന്നു.

പിതാവിന്റെ ആജ്ഞനിറവേറ്റുന്ന പുത്രിയാണ് കാളി. സംഹാര മൂർത്തിയായ പിതാവിന്റെ സംഹാരമൂർത്തിയായ പുത്രി. ഒപ്പം ദുഷ്ടനിഗ്രഹം വഴി ലോകരെ രക്ഷിച്ച കാളി. ആസുരഭാവത്തെ ആസുരഭാവം കൊണ്ടുനേരിട്ട് നിർവീര്യമാക്കിയ ബ്രഹ്മത്വം. ‘ഉഷ്ണം ഉഷ്ണേന ശാന്തി ’ എന്ന ആയുർവേദ സിദ്ധാന്തത്തിന് ആധ്യാത്മികഭാവം കൈവരിക്കുകയാണിവിടെ ചെയ്യുന്നത്.

മംഗളസ്വരൂപനായ ശിവനിൽനിന്നും ഉദ്ഭവിച്ച് തന്റെ കർമകാണ്ഡം ഭംഗിയായിപൂർത്തിയാക്കി തിരിച്ച് ശിവനിൽ ലയിക്കുന്നകാളി, ദുഷ്ട ശക്തികളിൽനിന്ന് മാലോകരെ സംരക്ഷിച്ച് ഇവിടം ‘ഭദ്ര’മാക്കുന്ന ഭദ്രകാളിയാണ്.

ദാരികവധാനന്തരം കാളി പിതാവായ ശിവന് പൂജചെയ്യുന്നു. ഒരു കിണ്ടിയിൽ വെള്ളം, വാഴയിലയിൽ അവിൽ, മലർ, നാളികേരം എന്നിവ വിളക്കത്തുവെച്ച് നാളികേരമുടച്ച് പൂജിക്കുന്നു. ആദ്യം കിണ്ടിയിലെ വെള്ളമെടുത്ത് കൈയും കാലും മുഖവും ശുദ്ധിചെയ്തതിനുശേഷം ദേവിയുടെ കൈയിലുള്ള വാൾ ഉപയോഗിച്ച് നാളികേരമുടച്ച് രണ്ടുമുറിയും നിരത്തിവെച്ചാണ് പൂജിക്കുന്നത്.



**കാളിയുടെ പൂജ**

ദേവിയുടെ കൈയിൽകെട്ടിയിരിക്കുന്ന പൂമാലയിൽനിന്നും പൂക്കൾ പറിച്ചാണ് പൂജിക്കുന്നത്. തുടർന്ന് മുടിയേറ്റിൽ പങ്കെടുത്ത എല്ലാഭക്ത ജനങ്ങളും കളിവിളക്കിന്റെ മുൻപിലായി അർധവൃത്താകൃതിയിൽ നിരന്നു നിൽക്കുന്നു. ആദ്യം ക്ഷേത്രത്തിന്റെ നടനേരെനിന്ന് പന്തംകൊണ്ട് ഉഴിഞ്ഞ തിനുശേഷം മുടിയിലും കൈയിലും അലങ്കരിച്ചിരിക്കുന്ന പൂക്കൾപറിച്ച് ശ്രീകോവിലിനെ പൂജിച്ചുഴിഞ്ഞ് പന്തത്തിലിടുന്നു. അനന്തരം പന്തംകൊണ്ട് ഭക്തജനങ്ങളെ ഉഴിഞ്ഞ് അവർക്ക് അരിയും പൂവുംകൊടുക്കുന്നു. അരിയും പൂവും ഭക്തജനങ്ങൾ അവരവരുടെ മുഖത്തുഴിഞ്ഞ് പന്തത്തിൽ ഇടുന്നു.

അവരവരുടെ ദോഷങ്ങൾ ആവാഹിച്ച് അഗ്നിയിൽ ഇടുന്നു എന്നാണ് സങ്കൽപം. തുടർന്ന് കാളി തലയിൽനിന്നും 'മുടി' എടുത്ത് വിളക്കിനെ ഉഴിഞ്ഞശേഷം ഭക്തജനങ്ങളെ ഉഴിയുന്നു. ഭക്തജനങ്ങൾ തങ്ങളുടെ കഴിവിന നുസരിച്ച് പണമായും വസ്ത്രമായും കാളിയ്ക്കുള്ള ദക്ഷിണ മുടിയുടെ പുറത്ത് വെയ്ക്കുന്നു. ഇത് 'മുടിപ്പുറത്ത്ദക്ഷിണ' എന്നപേരിൽ അറിയപ്പെടുന്നു. തുടർന്ന് അവിലും മലരും 'മുടി'യിൽനിന്നും അടർത്തി യെടുത്തപൂവും പ്രസാദമായി നൽകുന്നു.

പുലർച്ചെ മൂന്നുമണികഴിഞ്ഞതോടെ ഐവർകളിയുടെ അവസാന ചടങ്ങുകൾ തുടങ്ങിയതിനാൽ ദേവിയുടെ അനുഗ്രഹംനേടിയ ഭക്തജനങ്ങൾ ഐവർകളിനടക്കുന്ന തട്ടിനടുത്തേയ്ക്ക്പോയി. ഐവർകളിയുടെ ആശാൻ തട്ടിനുനടുക്കുവെച്ചിരിക്കുന്ന നിലവിളക്കിനടുത്ത് ഒരിലയിൽ അവിൽ, മലർ, തുടങ്ങിയവവെച്ച് പൂജചെയ്യുന്നു. അതിനുശേഷം ആശാൻ കോഴിയെ തലയ്ക്കുമുകളിലായി ഉയർത്തിപ്പിടിച്ച് ദാരികനിഗ്രഹം നടത്തിയതിന്റെ തോറ്റം പാടുന്നു. തുടർന്ന് കോഴിയുടെ തലയറുത്ത് അതിന്റെ രക്തം പൂജചെയ്ത സ്ഥലത്ത് ഒഴിക്കുന്നു. അതിനുശേഷം ആശാനും സംഘവും പുറകോട്ട് മുന്നുചുവടുവച്ച് തട്ടിൽനിന്നും തെക്കോട്ട് ഇറങ്ങി തട്ടിന്റെ ഒരുപലക തെക്കോട്ട് വലിക്കുന്നു. ഇപ്പോൾ സമയം പുലർച്ചെ മൂന്നരമണി.

അശ്വതിനാളിൽതുടങ്ങുന്ന മുടിയേറ്റിന്റെ ഏറ്റവുംപ്രധാനരംഗമായ ദാരികവധം ഭരണിനാളിലാണ്നടക്കുന്നത്. ഭരണിനാൾ പുലർച്ചെ മൂന്നു മണിയോടെ (സരസ്വതീയാമത്തിന് മുൻപായി) മുടിയേറ്റ് എന്ന അനുഷ്ഠാനകല പൂർത്തിയാകുന്നുണ്ടെങ്കിലും തുടർന്ന് വരുന്ന ദിവസങ്ങളിലെ അനുഷ്ഠാനങ്ങളും അനുഷ്ഠാനാവതരണങ്ങളും കൂടിച്ചേർന്നാൽമാത്രമേ ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റുത്സവം പൂർണമാകൂ.

മുടിയേറ്റും ഐവർകളിയും കഴിഞ്ഞതോടെ ഭക്തജനങ്ങൾ ക്ഷേത്രാങ്കണത്തിൽനിന്നും പോയശേഷം ക്ഷേത്രമേൽശാന്തിയും മറ്റുള്ളവരും അടുത്തുള്ള ക്ഷേത്രക്കുളത്തിൽ കുളിച്ച് നാലുമണിയോടെ ക്ഷേത്രത്തിൽ തിരിച്ചെത്തും. മുടിയേറ്റ്കഴിഞ്ഞാൽ കുളിച്ച് ശുദ്ധമായെ ക്ഷേത്രത്തിൽ പ്രവേശിക്കാവൂ എന്നാണ്‌വിശ്വാസം. ക്ഷേത്രത്തിലെ പതിവുപൂജകളും മറ്റ് വിശേഷാൽപൂജകളുംകഴിഞ്ഞ് പുലർച്ചെ ആറുമണിയോടെ മേൽശാന്തിയും കൂട്ടരും കലംകരിയ്ക്കൽ ആരംഭിക്കുന്നു. ആദ്യത്തെകലം മേൽശാന്തി ക്ഷേത്രത്തിനുള്ളിൽനിന്നും കരിച്ചുനൽകുന്നു. തുടർന്ന് കീഴ്ശാന്തിയും മറ്റുസഹായികളും ക്ഷേത്രത്തിന്റെ തെക്കുകിഴക്കു ഭാഗത്തായി തയ്യാറാക്കിയിരിക്കുന്ന വഴിപാട് കലങ്ങളിൽ അരി, നാളികേരം എന്നിവയിട്ട് കലം കരിക്കുന്നു. ഇത് ഉദ്ദേശം പതിനൊന്നുമണി വരെ നീണ്ടുനിൽക്കുന്നു.

## 4.7 കലംകരി

ഉർവരതാനുഷ്ഠാനവുമായി ബന്ധപ്പെട്ട് ദക്ഷിണകേരളത്തിലെ ദേവീക്ഷേത്രങ്ങളിൽനടക്കുന്ന ഒരുചടങ്ങാണിത്. കാസർകോഡ്ജില്ലയിലെ തീയസമുദായത്തിൽപ്പെട്ട പാലക്കുന്ന് കഴകത്തിൽ മകരമാസത്തിൽ നടത്തുന്ന ഒരു ഉത്സവാഘോഷമാണ് കലംകനിപ്പ് (വിഷ്ണുനമ്പൂതിരി, എം. വി., 2000(1) : 150). കലംകരി എന്നപേരിലാണ് മധ്യകേരളത്തിൽ ഇതറിയപ്പെടുന്നത്. വ്രതമനുഷ്ഠിച്ച സ്ത്രീകൾ പുതിയമൺകലത്തിൽ ഉണക്കലരിപ്പൊടിനിറച്ച് അതിനുമുകളിൽ വെറ്റില, പഴുക്ക, നാളികേരം, ശർക്കര എന്നിവയുമായി ക്ഷേത്രത്തിൽ സമർപിക്കുന്നു. ആയിരക്കണക്കിന് കലങ്ങളാണ് ഇങ്ങനെ ക്ഷേത്രത്തിലെത്തുക. കലത്തിലുള്ള പൊടി, ശർക്കര,

നാളികേരം എന്നിവ ഉപയോഗിച്ച് പിറ്റേന്നാൾ അടയുണ്ടാക്കി കലം കൊണ്ടുവരുന്നവർക്ക് കലത്തോടൊപ്പം പ്രസാദമായി നൽകുന്നു. പൊങ്കാലയുമായി ഇതിനു സാമ്യമുണ്ട്. പൊങ്കാലയിൽ ദേവിയ്ക്കുള്ള നിവേദ്യം അവരവർതന്നെ സമർപിക്കുമ്പോൾ കലംകരിയിൽ നിവേദ്യം ഭക്തർക്കുവേണ്ടി ക്ഷേത്രത്തിലെ മേൽശാന്തിയാണ് സമർപിക്കുന്നത്. കുംഭം, മീനം മാസങ്ങളിലെ ഭരണി, കാർത്തിക നാളുകളിലാണ് ഇത് നടത്തുന്നത്.



**കലംകരി**

ചന്ദനശ്ശേരിക്കാവിലെ ഉത്സവാരംഭത്തോടെ നൂറുകണക്കിന് സ്ത്രീകൾ പുതിയമൺകലം കൊണ്ടുവന്ന് ക്ഷേത്രത്തിലേൽപിക്കുന്നു. ഇവിടെ കലത്തോടൊപ്പം അരിപ്പൊടി, ശർക്കര തുടങ്ങിയവ സമർപിക്കാറില്ല. കലംകരിക്കുന്ന ഭക്തജനങ്ങൾ ദേവസ്വത്തിൽ അൻപത്തിയൊന്നുരൂപയുടെ രസീത് എഴുതിക്കണം. ഈ രസീതിലെനമ്പർ കലത്തിനുമുകളിലെഴുതി ക്ഷേത്രത്തിൽ കൊടുക്കുന്നു. ഭരണിനാളിൽ രാവിലെ അഞ്ചുമണിമുതൽ ക്ഷേത്രമേൽശാന്തിയും മറ്റുള്ളവരുംകൂടി കലംകരി ആരംഭിക്കുന്നു. ക്ഷേത്രത്തിൽനിന്ന് അരി, നാളികേരം എന്നിവയിട്ട് അടുപ്പിൽവെച്ച് വറ്റിച്ചെടുത്ത് പൂജിച്ച് ഭക്തർക്ക്നൽകുന്നു. 2011-ൽ എഴുന്നൂറിനുമുകളിൽ കലം ഇവിടെ കരിച്ചിട്ടുണ്ട്. ഈ കലത്തിലെ നിവേദ്യം ഭക്തർവീട്ടിൽക്കൊണ്ടു പോയി ഭക്ഷിച്ചശേഷം കലം ഭദ്രമായി സൂക്ഷിച്ചുവെയ്ക്കുന്നു. ഈകലത്തിൽ ദേവീചൈതന്യമുണ്ടെന്നും ഇത് ഇരിക്കുന്ന വീട്ടിൽ പകർച്ചവ്യാധികൾ

വരില്ലെന്നും വിശ്വസിക്കുന്നു. എന്നാൽ ചിലർ ഈ കലത്തിൽ സസ്യാഹാരങ്ങൾ പാകംചെയ്യുന്നതായും പറയപ്പെടുന്നു[19].

കലംകരി നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ പൂവക്കുളം ദേശത്തെ ചെറുപ്പക്കാർ ഭരണിയൂട്ടിനുള്ള വിഭവങ്ങൾ തയ്യാറാക്കുന്നു. ഈസമയം ക്ഷേത്രത്തിൽ പൊതുവെ തിരക്ക് കുറവാണെങ്കിലും എട്ടരയോടെ പൊങ്കാലയിൽ പങ്കെടുക്കുന്നതിനായി സ്ത്രീകളും കുട്ടികളും എത്തിച്ചേർന്നുകൊണ്ടിരിക്കും. ഒമ്പതുമണിയോടെ രാമകൃഷ്ണമാരാർ വലിയമ്പലത്തിൽ കളമെഴുത്ത് ആരംഭിക്കും. മുടിയേറ്റിനുമുൻപുവരച്ച അതേ കളംതന്നെയാണ് ഭരണിനാളിലും എഴുതുന്നത്. പുരാവൃത്തത്തിൽ ദാരികവധംകഴിഞ്ഞ് കോപം ശമിക്കാതെവരുന്ന കാളിയുടെ കോപം ശമിപ്പിക്കുന്നതിനുവേണ്ടിയാണ് മാർഗമധ്യേ ദേവീരൂപം വരച്ചിട്ടത്. ഇതിന്റെ പുനരാവിഷ്ക്കരണംതന്നെയാണ് ചന്ദനശ്ശേരിക്കാവിൽ ദാരികവധംകഴിഞ്ഞ് ഏതാനും മണിക്കൂറുകൾക്കുശേഷംനടക്കുന്ന കളമെഴുത്തുംപാട്ടും. ക്ഷേത്രത്തിലെത്തിയ ഭക്തജനങ്ങൾ ദേവീദർശനം കഴിഞ്ഞ് കളമെഴുതുന്നത് കണ്ട് തൊഴുതതിനുശേഷം പൊങ്കാലഇടുന്നതിനായി പോകുന്നു.

### 4.8 പൊങ്കാല

പ്രകൃത്യാരാധനയുമായിബന്ധപ്പെട്ട അനുഷ്ഠാനമാണ് പൊങ്കാല. തെക്കൻകേരളത്തിലും മധ്യകേരളത്തിലുമുള്ള ദേവീക്ഷേത്രങ്ങളിലാണ് പൊങ്കാലയ്ക്ക് പ്രാധാന്യം. ആറ്റുകാൽ 'മുടിപ്പുര ഭഗവതിക്ഷേത്ര'ത്തിലെ പൊങ്കാല പ്രസിദ്ധമാണ്. കുംഭമാസത്തിലെ ഭരണിനാളിൽ പ്രഭാതംമുതൽ പ്രദോഷംവരെ സ്ത്രീകൾ അടുപ്പുകൂട്ടി പുതിയമൺകലത്തിൽ അരി, നാളികേരം, ശർക്കര, പഴം എന്നിവചേർത്ത് പായസംവെയ്ക്കുന്നു. പൊങ്കൽ എന്നപദംകൊണ്ട് ഉദ്ദേശിക്കുന്നത് പൊങ്ങൽ എന്നാണ്. പൊങ്കാലക്കല

ത്തിലെ നിവേദ്യംതിളച്ചുപൊങ്ങി കലംകവിഞ്ഞൊഴുകുമ്പോൾ അതുപോലെ സമൃദ്ധിയും കവിഞ്ഞൊഴുകുമെന്നാണ് വിശ്വാസം. വിളവെടുപ്പുകഴിഞ്ഞ് (മകരക്കൊയ്ത്ത്) ദേവിയ്ക്ക്നേദിക്കുന്ന ഈ നിവേദ്യത്തിന്റെ (പൊങ്കൽ) ഉയർച്ചതാഴ്ച്ചയനുസരിച്ചാണ് വരുംവർഷത്തെ ഫലം.

ചന്ദനശ്ശേരിക്കാവിൽ ഈ വർഷം (2011-ൽ) ആദ്യമായിട്ടാണ് പൊങ്കാല സമർപ്പണം നടന്നത്. നൂറ്റിയമ്പതിനടുത്ത് സ്ത്രീകൾ ക്ഷേത്ര മുറ്റത്ത് അമ്മയ്ക്ക് പൊങ്കാല സമർപ്പിച്ചു. രാവിലെ ഒമ്പതുമണിക്ക് ശംഖ് വിളിഉയർന്നതോടെ ശ്രീകോവിലിൽനിന്ന് മേൽശാന്തി തെളിച്ചുകൊണ്ടുവന്ന വിളക്കിൽനിന്നും ശ്രീകോവിലിനുനേരെ ഒരുക്കിയിരുന്നപൊങ്കാല അടുപ്പിലേയ്ക്ക് അഗ്നിപകർന്നതോടെ പൊങ്കാലയ്ക്ക് തുടക്കമായി. തുടർന്ന് അവിടെനിന്നും മറ്റുള്ള അടുപ്പിലേയ്ക്കും തീപകർന്നു. പൊങ്കാല നിവേദ്യം തയ്യാറായിക്കഴിഞ്ഞപ്പോൾ ക്ഷേത്രമേൽശാന്തി ഒരുകിണ്ടിയിൽ ജലവും ഒരുതാലത്തിൽ പൂവുമായിവന്ന് പൊങ്കാലനിവേദ്യങ്ങൾ പൂജിക്കുന്നു. തുടർന്ന് ക്ഷേത്രത്തിനുനേരെ ഒരുക്കിയിരുന്ന ക്ഷേത്രംവക പൊങ്കാല നിവേദ്യം അവിടെ എത്തിച്ചേർന്ന ഭക്തജനങ്ങൾക്ക് വിതരണംചെയ്തു.



**പൊങ്കാല**

ഭക്തജനങ്ങളുടെ താൽപര്യപ്രകാരമാണ് ഇവിടെ പൊങ്കാല സമർപ്പണം ആരംഭിച്ചത്. ജാതിമതഭേദമെന്യേ എല്ലാസ്ത്രീകളും, പന്ത്രണ്ട് വയസ്സിൽ താഴെയുള്ള ആൺകുട്ടികളുമാണ് പൊങ്കാലയിടുന്നത്.

ഓരോരോവ്യക്തിയും തന്റെ ഇഷ്ടത്തിനനുസരിച്ച് ദേവിയ്ക്ക് നിവേദ്യം സമർപിക്കുന്നതാണ് പൊങ്കാല. മകരക്കൊയ്ത്തുകഴിഞ്ഞ് നല്ലവിളവുതന്ന തിന് നന്ദിസൂചകമായി ഭക്തർ ദേവിയ്ക്ക് സമർപിക്കുന്നതാണ് പൊങ്കാല. ഒപ്പം വരുംവർഷത്തെ നല്ലവിളവിനുള്ള അർഥനയുമാണിത്.

പൊങ്കാല സമർപണംകഴിഞ്ഞ് പന്ത്രണ്ടുമണിയോടെ ഭരണിയൂട്ട് ആരംഭിക്കും. ഇതിൽ പങ്കെടുക്കുന്നതിനായി ധാരാളം ഭക്തജനങ്ങൾ ക്ഷേത്രത്തിലേയ്ക്ക് എത്തിച്ചേരും.

## 4.9 ഭരണിയൂട്ട്

ഉത്സവത്തിന്റെ രണ്ടാംദിവസമായ ഭരണിനാളിൽ ഭക്തജനങ്ങളുടെ സഹായസഹകരണത്തോടെയാണ് ഭരണിയൂട്ട് നടത്തുന്നത്. ഇത് ഭദ്രകാളീ പ്രീത്യർഥംനടത്തുന്ന ഒരു ചട ങ്ങാണ്. ഈപ്രദേശത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും ഇതിൽപങ്കെടുക്കുന്നു. ഭരണിയൂട്ട് ഏതാണ്ട്ഉച്ചയ്ക്ക് പന്ത്രണ്ടുമണി യോടെ ആരംഭിക്കുന്നു. ഇതിന്



**ഭരണിയൂട്ട്**

വിളമ്പുന്ന വിഭവങ്ങൾ കഞ്ഞി, മാമ്പഴപുളിശ്ശേരി, പുഴുക്ക്, അച്ചാർ, പപ്പടം എന്നിവയാണ്. കഞ്ഞിയും മറ്റു വിഭവങ്ങളും തയ്യാറായിക്കഴിഞ്ഞാൽ ഒരുപാത്രത്തിൽ എല്ലാ വിഭവങ്ങളും വിളമ്പി ദേവിയ്ക്ക് സമർപിക്കുന്നു. അതിനുശേഷമാണ് ഭക്തജനങ്ങൾക്ക് വിതരണംചെയ്യുന്നത്. കഞ്ഞി കൊടുക്കുന്നതിനായി ക്ഷേത്രംവക പ്രത്യേകം പാത്രങ്ങൾ ഉണ്ട്. ഭരണിയൂട്ട് വഴിപാടായും നടത്താറുണ്ട്. വളരെ പണ്ടുമുതലെ ഈ ക്ഷേത്രത്തിൽ നിലനിന്നിരുന്ന ചടങ്ങാണിത്. എന്നാൽ എഴുപതുകൾക്കുശേഷം ഈ ചടങ്ങ്

നിന്നുപോയി. എങ്കിലും കഴിഞ്ഞ പതിന്നാലുകൊല്ലമായി പൂർവാധികം ശക്തിയോടെ ഇത് ഇവിടെ ആചരിച്ചുവരുന്നു.

മുടിയേറ്റിൽ കാളി-ദാരികയുദ്ധത്തിന് കാളിയെ സഹായിക്കുന്ന ഭടജനങ്ങളുടെ സ്ഥാനമാണ് ഭക്തജനങ്ങൾക്കുള്ളത്. ഭക്തജനങ്ങളെ സംതൃപ്തരാക്കുകവഴി ദേവീപ്രീതി കൈവരിക്കുകയാണുചെയ്യുന്നത്. ഇത് സാധ്യമാക്കുകയാണ് ഭരണിയൂട്ടിലൂടെ.

ഭരണിയൂട്ടുകഴിഞ്ഞാൽ രണ്ടുമണിയോടെ നടയടയ്ക്കും. പഠന വർഷത്തിൽ ഭരണിയൂട്ട് ആളോത്ത് ശശിധരമാരാർവക വഴിപാടായിട്ടാണ് നടന്നത്. ഭരണിയൂട്ടുകഴിഞ്ഞാൽ ക്ഷേത്രത്തിന്റെ തെക്കുവശത്തായി ഭക്തജനങ്ങൾക്ക് കരിച്ചകലം നൽകിത്തുടങ്ങും. നിവേദ്യത്തോടൊപ്പം കരിച്ചകലവുമായി ഭക്തജനങ്ങൾ നിറഞ്ഞ മനസ്സോടെ സ്വഗൃഹങ്ങളിലേയ്ക്ക് യാത്രയായി.

വൈകിട്ട് അഞ്ചുമണിക്ക് മേൽശാന്തി നടതുറന്നു. പതിവു പൂജകൾക്കുശേഷം അഞ്ചരയ്ക്ക് ഇളംപാനഎഴുന്നെള്ളിപ്പ് ആരംഭിച്ചു.

## 4.10 ഇളംപാനഎഴുന്നെള്ളിപ്പ്

ഭരണിനാളിൽ വൈകിട്ട് അഞ്ചരമണിയോടെയാണ് ഇളംപാന എഴുന്നെള്ളിപ്പ്. കാളി ആരാധനയിൽ പ്രധാനപ്പെട്ടഒന്നാണ് പാന. ദാരിക വധത്തിനുവേണ്ടി ദേവിയും പടയാളികളും യുദ്ധസന്നദ്ധരായി പോർക്കള ത്തിലേക്ക് പോകുന്നതാണ് ഇതിന്റെ പിന്നിലെ ഐതിഹ്യം.

എറണാകുളം, തൃശൂർ, പാലക്കാട്, വള്ളുവനാട്, പൊന്നാനി, ഏറനാട് തുടങ്ങിയ സ്ഥലങ്ങളിലെ ഭദ്രകാളീകാവുകളിൽ ദേവീപ്രീത്യർത്ഥം നടത്തുന്ന ഒരനുഷ്ഠാനം. വീക്കൻചെണ്ട, ചെണ്ട, ഇലത്താളം തുടങ്ങിയ വാദ്യഘോഷങ്ങളാണ് ഇതിനുപയോഗിക്കുന്നത്. പാണ്ടിമേളമാണ് ഇതിന്

കൊട്ടുക. ആനപ്പുറത്ത് ദേവിയുടെ തിടമ്പ്വെച്ച് അതിനുപിന്നിലായി രണ്ടുവരിയായി പാനക്കാർ നിരന്ന് ആർപ്പുവിളിയും അട്ടഹാസവുമായിട്ടാണ് പാനഎഴുന്നെള്ളിപ്പ്.

നാൽപ്പത്തിയൊന്നുദിവസത്തെ വ്രതാനുഷ്ഠാനത്തിനുശേഷം ക്ഷേത്രത്തിലെത്തി പാനക്കായി പാലക്കൊമ്പുകൊണ്ട് അറുപത്തിനാലു കാലുകളിൽ ഒരുക്കിയിരിക്കുന്ന പന്തലിൽ വെള്ളമുണ്ടുതറ്റുടുത്ത് അതിനുമുകളിൽ ചുവന്ന പട്ട്ചുറ്റി പാനക്കോല് (പാലക്കമ്പ്) പിടിച്ചു കൊണ്ടാണ് പാനക്കാർ നിൽക്കുക. ക്ഷേത്രത്തിന്റെസമീപമുള്ള ഒരു പാലമരത്തിന്റെ ചുവട്ടിൽനിന്നും പാനക്കാരെയും ദേവിയെയും വാദ്യമേളങ്ങളോടെ ക്ഷേത്രത്തിലേയ്ക്ക് ആനയിക്കുന്നതാണ് പാനയെ ഴുന്നെള്ളിപ്പ്. പാനയെഴുന്നെള്ളിപ്പിനുമുൻപായി പാനക്കാർ പാനപ്പുരയി ലെത്തുന്നു. ഇവരെ ആശാൻ പൂജചെയ്യുന്നു. ഒപ്പം ഇവരുടെ ആയുധവും പൂജിച്ചുകൊടുക്കുന്നു. തുടർന്ന് യുദ്ധത്തിനു പോകുന്നവർക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നു. അതാണ് പാനക്കഞ്ഞി. 36000 X 3 കോടി ഭടജനങ്ങളാണ് ദേവിയ്ക്കുള്ളത്. ഇവരുടെ പ്രതിനിധിയാണ് മുടിയേറ്റിലെ കോയിമ്പടനായർ.

കാളീപ്രീതിയ്ക്കായി നടത്തുന്ന ഏറ്റവും പ്രാചീനത അവകാശ പ്പെടാവുന്ന അനുഷ്ഠാനമാണ് 'പാന'. കാവുകളും ക്ഷേത്രങ്ങളും ഉണ്ടാകുന്ന തിനുമുൻപ് പ്രകൃതിപ്രതിഭാസങ്ങളെ ആരാധിച്ചിരുന്ന കാലഘട്ടത്തിന്റെ സന്തതിയായിരിക്കാം പാന. കാരണം 'പാന' എന്ന അനുഷ്ഠാനത്തിൽ 'പാല'യ്ക്കുള്ള പ്രാധാന്യം എടുത്തുപറയേണ്ടതാണ്. പ്രാക്തനകാലത്തെ വൃക്ഷാരാധനയുടെ ശേഷിപ്പാണ് 'പാന'.

എറണാകുളംജില്ലയിൽപ്പെട്ട കളമ്പൂർക്കാവിലെ പാനമഹോത്സവം വളരെ പ്രസിദ്ധമാണ്. ഇവിടെ പ്രായഭേദമെന്യെ പുരുഷന്മാർ തികഞ്ഞ വ്രതാനുഷ്ഠാനങ്ങളോടെയാണ് പാനയിൽ പങ്കെടുക്കുന്നത്. എല്ലാവർഷവും ഇവിടെ ഇത്തരത്തിലുള്ള മുന്നൂറ്റിയമ്പത്-നാനൂറ് പാനക്കാർവരെ ഉണ്ടാകാറുണ്ട്. പാനക്കഞ്ഞികുടികഴിഞ്ഞ് ഉച്ചയ്ക്കുശേഷം നാലുമണിയോടെ ക്ഷേത്രത്തിനുചുറ്റും വാദ്യമേളങ്ങളോടെ ദേവിയെയും പാനക്കാരെയും എഴുന്നെള്ളിക്കുന്നതാണ് ഇളംപാന. ചന്ദനശ്ശേരിക്കാവിൽ ഭരണിയൂട്ടു കഴിഞ്ഞ് വൈകിട്ട് അഞ്ചുമണിയോടെയാണ് ഇളംപാനഎഴുന്നെള്ളിപ്പ്. ദേവിയുടെ തിടമ്പേന്തിയ മേൽശാന്തി വീക്കൻചെണ്ടയുടെ അകമ്പടിയോടെ കാവിനുചുറ്റും പ്രദക്ഷിണംവെയ്ക്കുന്നു. പാഴൂരെപ്പോലെ വിപുലമല്ലെങ്കിലും ഇവിടെചടങ്ങുകൾ മുടക്കാറില്ല.

ഇളംപാനഎഴുന്നെള്ളിപ്പിനുശേഷം രാമകൃഷ്ണമാരാർ വീണ്ടും കളമെഴുത്തുതുടരും. കളമെഴുത്തുപൂർത്തിയായിക്കഴിഞ്ഞാൽ വെച്ചൊരുക്ക്, സന്ധ്യക്കൊട്ട് എന്നിവയ്ക്കുശേഷം ആറരയോടെ ദീപാരാധന ആരംഭിക്കും. ദീപാരാധനയ്ക്കുശേഷം എതിരേൽപ്, കളംഏറ്റുവാങ്ങൽ, കളംപൂജ, തിരി ഉഴിച്ചിൽ എന്നിവ മേൽശാന്തിയും കളംപാട്ട്, കളംമായ്ക്കൽ എന്നീ ചടങ്ങുകൾ കളംവരച്ച മാരാരും ആചാരാനുഷ്ഠാനങ്ങളോടെ നിർവ ഹിക്കുന്നു.

**4.11 മുടിയാട്ടം**

പുരാതനവും അപരിഷ്കൃതവുമായ ഒരു നാടൻകലാരൂപമാണ് മുടിയാട്ടം. മധ്യകേരളം, പ്രത്യേകിച്ച് കുട്ടനാട്, ആയിരുന്നു ഇതിന്റെ പ്രഭവസ്ഥാനം എന്നാണ് നാടൻപാട്ടുകാരി മറിയാമ്മച്ചേടത്തി[20]യുടെ

അഭിപ്രായം . കാർഷികസംസ്കാരവുമായി ബന്ധപ്പെട്ടതാണ് ഈകലാരൂപം. വർഷംമുഴുവൻ വയലിൽ പണിയെടുത്ത കർഷകർ തങ്ങളുടെ അധ്വാനത്തിന്റെഫലം സ്വർണവർണത്തിലുള്ള നെൽക്കതിരുകളായി വയലിൽനിറഞ്ഞു കിടക്കുന്നതുകാണുമ്പോൾ പണിയാളന്മാർ തങ്ങളുടെ സന്തോഷം നൃത്തരൂപത്തിലവതരിപ്പിച്ചതാണ് മുടിയാട്ടം എന്ന് എസ്.മോഹനചന്ദ്രൻ രേഖപ്പെടുത്തുന്നു (1994 : 8).



**മുടിയാട്ടം**

വടക്കൻതിരുവിതാംകൂറിലെ ഏതോകളരിയിൽ രാത്രികാലങ്ങളിൽ ഉയർന്നുവന്ന ഉടുക്ക്, തുടി, മദ്ദളം എന്നീവാദ്യങ്ങളുടെ മേളംകേട്ട് ആവേശ ഭരിതനായ ഒരുവീട്ടുകാരണവർ സ്വയംപാടുകയും തന്റെവീട്ടിലെ കന്യക മാരോട് ആ പാട്ടിനനുസരിച്ച് മുടിയാട്ടാൻ ആജ്ഞാപിക്കുകയും ചെയ്തു വത്രേ! അതുപിന്നീട് അയൽപക്കങ്ങളിലേയ്ക്കും പ്രചരിച്ചുവെന്നും അങ്ങ നെയിത് സാർവത്രികമായിയെന്നുമാണ് ഇതിന്റെ പിന്നിലെ ഉത്പത്തി ക്കഥയെന്ന് ശ്രീ. പന്തളം ഗോപാലകൃഷ്ണൻ നാടോടിദൃശ്യകലാസൂചി കയിൽ ചൂണ്ടിക്കാട്ടുന്നു (1978 : 207). എന്നാൽ സർപാരാധനയുമായി ബന്ധപ്പെട്ട പ്രാക്തനകലാരൂപമാണ് മുടിയാട്ടമെന്നു ചുമ്മാർ ചൂണ്ടൽ അഭിപ്രായപ്പെടുന്നു (1991 : 101). കാവിന്റെ അധിപതിയായ ദേവിയെ

പ്രീതിപ്പെടുത്താൻ മുടിയാട്ടം നടത്തിയാൽമതിയെന്നും അതുവഴി അനപത്യതാദുഃഖംപോലും ഇല്ലാതാകുമെന്നും മുടിയാട്ടകലാകാരന്മാരായ എം.സി. കുട്ടിയാശാനും ദാമോദരനാശാനും അഭിപ്രായപ്പെടുന്നു. പുലയ, പറയ എന്നീ സമുദായക്കാരാണ് പ്രധാനമായും മുടിയാട്ടം നടത്തുന്നത്. പുരുഷന്മാർ പാടുന്ന പാട്ടിനൊപ്പിച്ച് ചുവടുവെച്ച് സ്ത്രീകൾ അഴിച്ചിട്ട തലമുടിയോടുകൂടിയതല താളത്തിൽ വട്ടത്തിൽക്കറക്കുന്നു, ഇതാണ് മുടിയാട്ടം. ഇതിന് 'തലയാട്ടം' എന്നും പറയാറുണ്ട് കരു, മരം, ചേങ്കില, പറ തുടങ്ങിയ വാദ്യങ്ങൾ ഇതിനുപയോഗിക്കുന്നു. ദാരികവധത്തിനുശേഷം കലിയടക്കാനാവാതെ ഉറഞ്ഞുതുള്ളിയ കലിബാധയുടെ ആട്ടമാണ് മുടിയാട്ടം (രാജഗോപാൽ സി.ആർ., 2004 : 116). ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിനോടനുബന്ധിച്ചുള്ള മുടിയാട്ടത്തിന് മേൽപ്പറഞ്ഞ വിശദീകരണമാണ് കൂടുതൽ സ്വീകാര്യം.

ചന്ദനശ്ശേരിക്കാവിലെ ഉത്സവത്തിന്റെ രണ്ടാംദിനമായ ഭരണിനാളിൽ കാവിനുപുറത്തുള്ള ഇളംകാവിലാണ് മുടിയാട്ടം നടത്തിയിരുന്നത്. ഇരുപതുവർഷം മുൻപുവരെ ഇത് ഇവിടെ നടത്തിയിരുന്നു. സ്ത്രീകൾ സംഘമായി അവതരിപ്പിക്കുന്ന ഈ അനുഷ്ഠാനകല ചന്ദനശ്ശേരിക്കാവിൽ ചേരമർക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട പാറയിൽദേവസ്യയെന്ന ആളാണ് അവതരിപ്പിച്ചിരുന്നത്. ഇദ്ദേഹം ചേരമർക്രിസ്ത്യനാണെങ്കിലും പള്ളിയിൽ പോകുകയോ ക്രിസ്തുമതത്തിന്റേതായ ആചാരങ്ങളിൽ വിശ്വസിക്കുകയോ ചെയ്തിരുന്നില്ല. അദ്ദേഹത്തിന്റെ അനന്തരാവകാശികൾ മതംമാറിയതോടെ ഈ കല ഏറ്റെടുത്തുനടത്താൻ ആളില്ലാതായി. ഈ കാവിനടുത്തുള്ള കോഴിപ്പിള്ളിക്കാവിൽ ഇപ്പോഴും മുടിയാട്ടം നടത്തിവരുന്നു. മുടിയാട്ടത്തിനുപിന്നിൽ പലപുരാവൃത്തങ്ങളും പ്രചാരത്തിലുണ്ടെങ്കിലും അഹങ്കാ

രിയായ ദാരികൻ ദേവലോകം ആക്രമിക്കാൻവന്നപ്പോൾ നിദ്രയിലായിരുന്നശിവനെ ഉണർത്തുന്നതിനുവേണ്ടി ഭൂതഗണങ്ങൾ അവതരിപ്പിച്ചതാണ് മുടിയാട്ടം. അതിനാൽ മുടിയേറ്റ് അരങ്ങേറുന്ന ചന്ദനശ്ശേരിക്കാവിലെ മുടിയാട്ടം എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്നു.

മുടിയേറ്റുത്സവത്തോടനുബന്ധിച്ച് ക്ഷേത്രത്തിലുള്ള മറ്റുപൂജകൾ രാത്രി ഒമ്പതുമണിയോടെകഴിഞ്ഞെങ്കിലും നട അടയ്ക്കുന്നില്ല. രാത്രി രണ്ടുമണിയോടെ ചെണ്ടയുടെയും ചേങ്കിലയുടെയും തപ്പിന്റെയും അകമ്പടിയോടെ 'ഗരുഡൻപറവ' ക്ഷേത്രത്തിലേയ്ക്ക് എത്തിക്കൊണ്ടിരുന്നു. ഇതിനോടൊപ്പമുണ്ടായിരുന്ന പന്തവും തെള്ളിയും കരിമരുന്നുപ്രയോഗവും ഈ ഘോഷയാത്രയുടെ സൗന്ദര്യത്തിന് മാറ്റുകൂട്ടി. ചെറുപ്പക്കാരുടെ ആർപ്പുവിളിയുടെയും കരഘോഷത്തിന്റെയും ഇടയ്ക്ക് ചെറുതായികീറിയ കടലാസ് കഷണങ്ങൾ അന്തരീക്ഷത്തിലേയ്ക്ക് വാരിയെറിയുമ്പോൾ ചിറകുകളിളക്കിയുള്ള ഗരുഡന്റെ പ്രകടനംകണ്ടാൽ ഗരുഡൻ ക്ഷേത്രാങ്കണത്തിലേയ്ക്ക് പറന്നിറങ്ങുകയാണെന്നുതോന്നും.

## 4.12 ഗരുഡൻപറവ

ഭദ്രകാളീക്ഷേത്രങ്ങളിൽ ദേവിപ്രീതിയ്ക്കായി നടത്തുന്ന പ്രധാനപ്പെട്ട വഴിപാടുകളിൽ ഒന്നാണ് ഗരുഡൻ പറവ/ഗരുഡൻതൂക്കം. വൈക്കത്തിനടുത്ത് വടയാറിലെ ഇളങ്കാവ്, തലയോലപ്പറമ്പിനടുത്ത് അരയങ്കാവ്, പിറവത്തിനടുത്ത് കളമ്പൂർക്കാവ്, തൃപ്പൂണിത്തുറ തുടങ്ങിയ ക്ഷേത്രങ്ങളിൽ ഉത്സവവുമായി ബന്ധപ്പെട്ടും പത്താമുദയത്തോടനുബന്ധിച്ചും ഗരുഡൻപറവ നടത്തുന്നു. ആലപ്പുഴജില്ലയിലെ മങ്കൊമ്പ് ദേവിക്ഷേത്രം, കൈതത്തിൽക്ഷേത്രം തുടങ്ങി ധാരാളം ക്ഷേത്രങ്ങളിൽ

ഉത്സവവുമായി ബന്ധപ്പെട്ട് ഗരുഡൻതൂക്കവും ഗരുഡൻപറവയും അനുഷ്ഠിക്കന്നു. ഗരുഡൻപറവയ്ക്ക് ഗരുഡന്റെകൊക്ക് മുഖത്തുവെച്ചു കെട്ടിയും കഥകളിയുടേതുപോലുള്ള ഉടുത്തുകെട്ടുകളോടെയും കൈകളിൽ ചിറകുപിടിപ്പിച്ച് ക്ഷേത്രത്തിനുചുറ്റും പ്രദക്ഷിണംവെയ്ക്കുന്നതോടൊപ്പം നടനേരെയും നാലുവശത്തും നിന്നുകൊണ്ട് താളത്തിനനുസരിച്ച് പറക്കുന്നതുപോലെ കൈയിലെ ചിറകുകൾ ഇളക്കി ആംഗ്യംകാണിക്കുകയും കൊക്കുകൾവിടർത്തി കൊത്തുന്നരൂപത്തിൽ അഭിനയിക്കുകയുംചെയ്യുന്നു. എന്നാൽ ഗരുഡൻതൂക്കത്തിൽ താളത്തിനനുസരിച്ച് നൃത്തവുംചെയ്യുന്നു. ചെണ്ടമേളമാണ് ഇതിനുപയോഗിക്കുന്നത്.



**ഗരുഡൻപറവ**

ദാരികവധാനന്തരം കാളിയുടെ രക്തദാഹം ശമിപ്പിക്കുന്നതിനു വേണ്ടി മഹാവിഷ്ണു തന്റെവാഹനമായ ഗരുഡനെ കാളീസന്നിധിയിലേയ്ക്ക് അയയ്ക്കുന്നു. നൃത്തംചെയ്തുകൊണ്ട് കാളിയുടെ മുന്നിലെത്തിയ ഗരുഡന്റെ ഏതാനും തുള്ളിരക്തം ലഭിയ്ക്കുന്നതോടെ കാളിയുടെ കോപംശമിക്കുന്നു. ഗരുഡൻതൂക്കത്തിനും ഗരുഡൻപറവയ്ക്കും പിന്നിലുള്ള പുരാവൃത്തമിതാണ്.

വഴിപാടുനേർന്ന ഭക്തന്റെ വീട്ടിൽനിന്നും ആഘോഷമായിട്ടാണ് ഗരുഡൻ പുറപ്പെടുക. കരിമരുന്നിന്റെയും വാദ്യമേളങ്ങളുടെയും അകമ്പടി യോടെ താലപ്പൊലിയേന്തിയ സ്ത്രീകളും ആർപ്പുംകുരവയുമായി കരക്കാർ

മുഴുവനും ഇതിനെ അനുഗമിക്കുന്നു. ഗരുഡന്റെ വേഷമണിഞ്ഞവർ ചിറകും കൊക്കും താളത്തിനനുസരിച്ച് ചലിപ്പിച്ചുകൊണ്ട് നൃത്തംചെയ്യുന്നു. ഗരുഡന്റെ വേഷംകെട്ടുന്നവർക്ക് പ്രത്യേകം മെയ്വഴക്കമാവശ്യമാണ്. ക്ഷേത്രത്തിലെത്തുന്ന ഗരുഡൻ ക്ഷേത്രത്തിനുചുറ്റും പ്രദക്ഷിണം വെച്ചതിനുശേഷം പ്രത്യേകം സജ്ജമാക്കിയിരിക്കുന്ന തട്ടിൽ പയറ്റുനടത്തുന്നു. ഇതിന് 'തൂക്കപ്പയറ്റ്' എന്നാണ് പറയുന്നത് (വിഷ്ണു നമ്പൂതിരി,എം.വി., 2000(1) : 260–261).

ഗരുഡൻതൂക്കത്തേക്കാൾ അനുഷ്ഠാനാംശം കുറവാണ് ഗരുഡൻ പറവയ്ക്ക്. ഗരുഡൻതൂക്കവുമായി സാമ്യമുള്ളതാണ് ഗരുഡൻപറവ. ഇതിനെ ഗരുഡൻപയറ്റെന്നും പറയുന്നു. ചിറകുകൾവിടർത്തി പറക്കുന്നതുപോലെയും മറ്റും അഭിനയിച്ചുകാണിക്കുന്നു, ഗരുഡൻപറവ. ഇത് കൊക്കുകൊണ്ട് പഴവും മറ്റും കൊത്തിയെടുക്കുന്നു. ചെറിയകുട്ടികളാണ് ഈ വേഷംകെട്ടുന്നത്. ആലപ്പുഴ, എറണാകുളം ജില്ലകളിലാണ് ഇതിന് കൂടുതൽ പ്രചാരം.

പൊതുവെ ചന്ദനശ്ശേരിക്കാവിൽ ഒറ്റപ്പറവയായും ഇരട്ടപ്പറവയയും ഗരുഡൻപറവകൾ വരാറുണ്ട്. ഗരുഡൻപറവ ഭക്തർ ദേവിയ്ക്കുനൽകുന്ന വഴിപാടാണ്. ഭരണിനാൾ അർധരാത്രി കഴിഞ്ഞ് രണ്ടുമണിയോടുകൂടിയാണ് പറവ ക്ഷേത്രത്തിലെത്തുന്നത്. ഗരുഡൻ പറക്കുന്നതുപോലെ കൈകൾ ഇളക്കുമ്പോൾ ചെറുതായികീറിയ കടലാസുകഷണങ്ങൾ കൂട്ടത്തിലുള്ളവർ വാരിയെറിയുന്നു. ഇതുകാണികളിൽ ഗരുഡൻ പറക്കുന്നപ്രതീതി ഉളവാക്കുന്നു. കൂടാതെ പന്തത്തിൽ തെള്ളിപ്പൊടിയെറിഞ്ഞും അരങ്ങ് കൂടുതൽ കൊഴുപ്പിക്കുന്നു. ക്ഷേത്രപ്രദക്ഷിണംകഴിഞ്ഞ് നടനേരെനിന്ന് ചില പ്രകടനങ്ങൾകാണിച്ച് ഗരുഡൻ നമസ്കരിക്കുന്നു. മൂന്നരമണിയോടെ ഗരുഡൻപറവ എന്നഅനുഷ്ഠാനം പൂർണമാകുന്നു. ഗരുഡൻ പിൻവാങ്ങിയ

തോടെ ഈ സംഘത്തോടൊപ്പംതന്നെ അവിടെ ഉണ്ടായിരുന്നവരും ക്ഷേത്രത്തിൽനിന്നും തിരിച്ചുപോയി.

പുലർച്ചെ അഞ്ചുമണിമുതലുള്ള അനുഷ്ഠാനങ്ങൾക്കുശേഷം ഒമ്പതുമണിയോടെ വടക്കേനടയിൽ ഗുരുതി ആരംഭിച്ചു. മുടിയേറ്റുത്സവത്തോടനുബന്ധിച്ചുള്ള അവസാനത്തെ അനുഷ്ഠാനമാണിത്.

## 4.13 ഗുരുസി

ഗുരുസി, ഗുരുതി, കുരുതി, എന്നിങ്ങനെ പലപേരുകളിലും അറിയപ്പെടുന്നുണ്ടെങ്കിലും പദാർഥംകൊണ്ട് ഗുരുസിയാണ് ശരിയായപദം. '‘ഗു’ ശബ്ദമന്ധകാരം താൻ ‘രു’ ശബ്ദം തന്നിരോധകം ' എന്ന് ശ്രീകണ്ഠേശ്വരം വ്യക്തമാക്കുന്നു (1993 : 733). ഇവിടെ അന്ധകാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സാമുഹ്യദുരിതങ്ങളാണ്. ‘സി’ ശബ്ദത്തിന് സേചനാർഥമാണ്. അങ്ങനെയെങ്കിൽ സാമൂഹ്യദുരിതങ്ങളാകുന്ന അന്ധകാരം ദേവിയുടെ ഉയർത്തെഴുന്നേൽപ്പിലൂടെ നശിപ്പിക്കപ്പെടുന്നു. കുരുതി എന്ന വാക്കിന് ചോരയെന്ന് അർഥമുണ്ട് (അച്യുതമേനോൻ, ചേലനാട്ട്., 1943 : 54). കുരുതി കൊടുക്കുക എന്നതിന് ‘കൊല ചെയ്യുക’ എന്നും അർഥമുണ്ട്.

മന്ത്രവാദകർമങ്ങളിലും കാളീപൂജയിലുമാണ് ഗുരുതിനടത്തുക. ഭദ്രകാളീപ്രീത്യർഥം ദേവിയ്ക്ക് ആട്, കോഴിമുതലായവയെ ആദ്യകാലത്ത്



**ഗുരുസി**

കുരുതികൊടുത്തിരുന്നു. മുടിയേറ്റ്, തീയാട്ട്, കളമെഴുത്തുംപാട്ടും, പാന തുടങ്ങിയ അനുഷ്ഠാനങ്ങളുടെ അവസാനം ഗുരുസിയെന്ന ചടങ്ങുണ്ട്. ദാരികവധത്തിൽ ദാരികന്റെ (ശത്രുവിന്റെ) തലയറുത്ത് വേതാളത്തിന് രക്തംകൊടുക്കുന്ന ഉഗ്രരൂപിണിയായ കാളിയെ പ്രീതിപ്പെടുത്തുന്നതിനാണ് ഗുരുസി സമർപിച്ചിരുന്നത്. എന്നാൽഇപ്പോൾ ജീവനുള്ളവയെ ഗുരുസി കൊടുക്കുന്നതിനുപകരം പ്രതീകാത്മകമായി കുമ്പളങ്ങവെട്ടി മഞ്ഞളും ചുണ്ണാമ്പും കരിക്കിൻവെള്ളവും ശർക്കരയും ചേർത്തുണ്ടാക്കുന്ന ചുവന്നലായനിയാണ് ഉപയോഗിക്കുന്നത്.

ചന്ദനശ്ശേരിക്കാവിലമ്മയുടെനട ഉത്സവത്തിനായി അശ്വതിനാൾ പുലർച്ചെ തുറന്നാൽ ഭരണിനാൾ ഉച്ചകഴിഞ്ഞ് രണ്ടുമണിയ്ക്കാണ് അടയ്ക്കുക. തുടർന്ന് വൈകിട്ട് അഞ്ചുമണിയ്ക്ക് തുറക്കുന്നനട കാർത്തികനാളിൽ വടക്കേനടയിലെ ഗുരുതിക്കുശേഷമാണ് അടയ്ക്കുക. സദാസമയവും ഉണർന്നിരിക്കുന്ന ചന്ദനശ്ശേരിക്കാവിലമ്മ അഭീഷ്ടവരദായിനിയും ഭക്തജനപ്രിയയുമാണ്.

ചന്ദനശ്ശേരിക്കാവിൽ മുടിയേറ്റുകഴിയുമ്പോൾ ഐവർകളിത്തട്ടിൽ കോഴിയെഗുരുതികൊടുക്കുന്നു. കൂടാതെ കാർത്തികനാളിൽ ഉഷ:പൂജയ്ക്കുശേഷം വടക്കേ 'നടയിൽ ഗുരുതി' നടത്തുന്നു. ഇതിനായി ഉപയോഗിക്കുന്നത് ചുണ്ണാമ്പും മഞ്ഞളും കരിക്കിൻവെള്ളവും ശർക്കരയും ചേർത്തുണ്ടാക്കിയ ലായനിയാണ്. മൂന്നുവലിയചെമ്പുകളിൽ തയ്യറാക്കിവെച്ചിരിക്കുന്ന ഗുരുതിവെള്ളം പ്രത്യേകം തയ്യാറാക്കിയകളത്തിൽ തർപണംചെയ്യുന്നു. ഇതോടെ ചന്ദനശ്ശേരിക്കാവിൽ അമ്പത്തിയഞ്ചുമണിക്കൂർ നീണ്ടുനിൽക്കുന്ന മുടിയേറ്റുത്സവത്തിന്റെ ചടങ്ങുകൾ അവസാനിക്കുന്നു. ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന്റെ അവതരണക്രമവും സമയദൈർഘ്യവും ചിത്രരൂപത്തിൽ കൊടുക്കുന്നു.


അശ്വതി
ഭരണി
കാർത്തിക
am
pm
അവതരണക്രമം
മണിക്കൂർ
കളമെഴുത്തും പാട്ടും
ചുറ്റുവിളക്ക്
താലപ്പൊലി
ഐവർകളി
മുടിയേറ്റ്
കലംകരി
പൊങ്കാല
ഭരണിയൂട്ട്
ഇളംപാന
മുടിയാട്ടം
ഗരുഡൻപറവ
ഗുരുസി

ഇവിടുത്തെ മുടിയേറ്റ് എല്ലാവർഷവും ദേശമുടിയേറ്റായിട്ടാണ് അവതരിപ്പിക്കുന്നത്. കൂട്ടായ്മയുടെയും ഭക്തിയുടെയും സന്തോഷത്തിന്റെയും അനുഗ്രഹവർഷത്തിന്റെയും നിറച്ചാർത്തായ മറ്റൊരു മുടിയേറ്റുത്സവത്തിനു വേണ്ടി ഇവിടുത്തെ ജനം അടുത്ത ഉത്സവകാലത്തെ മുടിയേറ്റിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുന്നു. കുറുപ്പന്മാർ നടത്തുന്ന മുടിയേറ്റിന് മാരാരുടെ കളമെഴുത്തുംപാട്ടും, ചേരമർക്രിസ്ത്യൻ (പുലയ) വിഭാഗത്തിന്റെ മുടിയാട്ടം, ഈഴവസമുദായത്തിന്റെ ഐവർകളി, വ്യത്യസ്ത സമുദായങ്ങളുടെ വഴിപാടായി ക്ഷേത്രത്തിലെത്തുന്ന ഗരുഡൻപറവ, സ്ത്രീകളുടെ താലപ്പൊലി, ചുറ്റുവിളക്ക്, ഭരണിയൂട്ട്, കലംകരി, പൊങ്കാല, ക്ഷേത്രത്തിന്റെ വകയായി നമ്പൂതിരി നടത്തുന്ന ഇളംപാന, ഗുരുതി, മറ്റുപൂജകൾ തുടങ്ങിയവയുടെ കൂടിച്ചേരലാണ് ഇവിടുത്തെ മുടിയേറ്റ്. വ്യത്യസ്ത കൂട്ടായ്മകളുടെ പങ്കാളിത്തം ഇതര കാവുകളെ അപേക്ഷിച്ച് ഇവിടെ ശക്തമാണ്. ഓരോ കലയിലും വ്യത്യസ്ത സമുദായങ്ങൾക്കുള്ള പങ്കാളിത്തം രേഖാരൂപത്തിൽ കൊടുത്തിരിയ്ക്കുന്നു.

| | കളമെഴുത്തും പാട്ടും | മുടി യേറ്റ് | ഐവർ കളി | മുടിയാട്ടം | ഗരുഡൻ പറവ | കലംകരി | പൊങ്കാല | താല പ്പൊലി | ചുറ്റു വിളക്ക് | ഇളം പാന | ഗുരുതി |
|---|---|---|---|---|---|---|---|---|---|---|---|
| നമ്പൂതിരി | ✓ | ✓ | ✓ | | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| നായർ | | | | | ✓ | ✓ | ✓ | ✓ | ✓ | | ✓ |
| ഈഴവർ | | | ✓ | | ✓ | ✓ | ✓ | ✓ | ✓ | | |
| ക്രിസ്ത്യാനികൾ | | | | | | ✓ | ✓ | ✓ | ✓ | | |
| പുലയർ | | | | ✓ | ✓ | ✓ | ✓ | ✓ | ✓ | | |
| മാരാർ | ✓ | ✓ | | | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| കുറുപ്പ് | | ✓ | | | ✓ | | | | | | |
| വെളുത്തേടൻ | | ✓ | | | ✓ | ✓ | ✓ | ✓ | ✓ | | |
| വേലൻ | | ✓ | | | ✓ | ✓ | ✓ | ✓ | ✓ | | |
| ആശാരി | | ✓ | | | ✓ | ✓ | ✓ | ✓ | ✓ | | |
| കൊല്ലൻ | | ✓ | | | ✓ | ✓ | ✓ | ✓ | ✓ | | |
| കണിയാൻ | | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |

നാടിന്റെ ഐശ്വര്യത്തിനും നാട്ടാരുടെ സമൃദ്ധിക്കും ആരോഗ്യ ത്തിനും വേണ്ടിയാണ് ഭക്തർ ക്ഷേത്രങ്ങളിലും കാവുകളിലും മുടിയേറ്റ് വഴിപാടായി നടത്തുന്നത്. ഒരു കാലഘട്ടത്തിൽ പകർച്ചവ്യാധികൾ വ്യാപക മായി ജനസമൂഹത്തെ ഭയപ്പെടുത്തിയിരുന്നു. ഇതിൽനിന്നും രക്ഷനേടുന്നതിന് ഭദ്രകാളിയെ പ്രീതിപ്പെടുത്തിയാൽമതിയെന്ന് ജനം വിശ്വസിച്ചു. ഈ വിശ്വാസമാണ് ഭക്തജനങ്ങളെ മുടിയേറ്റുപോലുള്ള അനുഷ്ഠാനങ്ങൾ നടത്തുന്നതിന് പ്രേരിപ്പിച്ചത്. കേരളത്തിലെ ഉത്സവകാലമായ കുംഭം, മീനം മാസങ്ങളിലാണ് വായുവിലൂടെ പകരുന്ന പകർച്ചവ്യാധികൾ വ്യാപകമായി പടർന്നുപിടിക്കുന്നത്. ഉത്സവകാലത്തു പ്രയോഗിക്കുന്ന കരിമരുന്നിനും അനുഷ്ഠാനകലകൾക്കുപയോഗിക്കുന്ന കുരുത്തോല, തെച്ചി, തെള്ളിപ്പൊടി തുടങ്ങിയവയ്ക്കും അന്തരീക്ഷത്തെ ശുദ്ധീകരിക്കാനും രോഗപ്രതിരോധത്തിനും ശക്തിയുമുണ്ട്. അങ്ങനെ മാനസികസുരക്ഷയും ആരോഗ്യവും ഉറപ്പുവരുത്തുന്നതോടൊപ്പം, ശാരീരികവും പാരിസ്ഥിതികവുമായ വിമലീകരണപ്രക്രിയകൂടി മുടിയേറ്റിലൂടെ നിർവഹിക്കപ്പെടുന്നു.

മുടിയേറ്റ് കേരളത്തിന്റെ അനുഷ്ഠാനനാടകരൂപമായി ഇന്ന് പരക്കെ അറിയപ്പെടുന്നു. ചരിത്രപരമായി ഈരൂപത്തെ വിശ്വാസത്തോടെ ഉൾക്കൊ ള്ളുന്ന സമൂഹം ഇതിന്റെ അവതരണാവകാശം കുറുപ്പ്, മാരാർ എന്നീ സമുദാ യങ്ങൾക്കാണ് കൽപ്പിച്ചുനൽകിയിട്ടുള്ളത്. മേൽപ്പറഞ്ഞ സമുദായ ത്തിൽപ്പെട്ട അവതാരകരാണ് ഈപാരമ്പര്യം അവിഭാജ്യമായ ക്ഷേത്രങ്ങളിൽ അവതരിപ്പക്കുന്നത്. വിശ്വാസങ്ങളുടെയും ഓരോ ക്ഷേത്രപരിസ്ഥിതി കളുടെയും അടിസ്ഥാനത്തിൽ വിഭിന്നമായ അവതരണസ്വഭാവമാണ് വിവിധ സാംസ്കാരിക സാഹചര്യങ്ങളിൽ മുടിയേറ്റ് പ്രകടമാക്കുന്നത്. മുടിയേറ്റ് എന്ന

അനുഷ്ഠാനനാടകം അതിന്റെ വിവിധഅവതരണസാഹചര്യങ്ങളിലാണ് ധർമപരമായി നിലനിൽക്കുന്നത്. ഓരോക്ഷേത്രത്തിനും അതിന്റേതായ വിശ്വാസപ്രമാണമാണുള്ളത്. അത് പ്രാദേശികതയുമായും അവിടെ പ്രയോഗത്തിലുള്ള സാമൂഹികഘടനയുമായും ബന്ധപ്പെട്ടിരിക്കുന്നു. ഒപ്പം വിവിധസംഘങ്ങളുടെ അവതരണസ്വഭാവവും വ്യത്യസ്തമായിട്ടുള്ളതാണ്.

കേരളത്തിലെ അനുഷ്ഠാനനാടകപാരമ്പര്യത്തിൽ വളരെ ശ്രദ്ധേയമായ സ്ഥാനമാണ് മുടിയേറ്റിനുള്ളത്. കാളി-ദാരികപുരാവൃത്തത്തെ ആധാരമാക്കി രൂപംകൊണ്ടിട്ടുള്ള നിരവധി അവതരണരൂപങ്ങളിൽ മുടിയേറ്റ് വിവിധ ക്ഷേത്രങ്ങളിൽ വിവിധ അനുഷ്ഠാനസാഹചര്യങ്ങളിൽ അവതരി പ്പിക്കപ്പെടുന്നു. വിശകലനത്തിൽ ഓരോ സാഹചര്യവും അനന്യമായി ട്ടുള്ളതും വ്യത്യസ്ത അവതരണ മാതൃകകളെ നിർമിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ ഒരു പ്രത്യകചുറ്റുപാടിലുള്ള ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന്റെ അവതരണം പഠിക്കുന്നതിലൂടെ കൃത്യമായി ഒരു അവതരണ മാതൃകയെയും അതോടൊപ്പമുള്ള സങ്കീർണമായ പരസ്പരപൂരകബന്ധ ങ്ങളെയും പഠിക്കുന്നതിനും ഈ അവതരണ പ്രതിഭാസത്തെ സൂക്ഷ്മ വിശകലനം ചെയ്യുന്നതിനും സാധിക്കുന്നു.

ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ് ഒരു അവതരണചക്രത്തിനു ള്ളിലാണ് നിലകൊള്ളുന്നത്. അതിന്റെസാഹചര്യം, ചന്ദനശ്ശേരിനിവാസി കളുടെ വിശ്വാസം, അവിടെയുള്ള ജാതിഘടനനിർണയിക്കുന്ന മറ്റവതരണ രൂപങ്ങൾ, ഉത്സവസാഹചര്യത്തിൽമാത്രം വന്നുപെടുന്ന ആചാരങ്ങൾ എന്നിവയോടെല്ലാം ചേർന്നാണ് മുടിയേറ്റിന് ഇവിടെ പ്രസക്തി. ചുരുക്കിപ്പ റഞ്ഞാൽ മുടിയേറ്റിന് മുൻപും പിൻപുമുള്ള ആചാരാനുഷ്ഠാനങ്ങളില്ലാതെ മുടിയേറ്റ് ഇവിടെ നിലനിൽക്കുന്നില്ല. സാമൂഹികമായ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് ചിന്തിച്ചാൽ ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന് വിവിധ

ജാതികളിലെ പങ്കാളിത്തത്തെക്കുറിച്ചുള്ള വിശകലനത്തിൽ നിലവിലുള്ള ജാതിവ്യവസ്ഥയുടെ പ്രതിഫലനം കാണാൻ കഴിയുന്നു. ഇവ ഒരുവേള ചരിത്രത്തിന്റെ ആവർത്തനത്തിലൂടെ ആധുനികകാലത്തും പുലർത്തിപ്പോരുന്നതായിരിക്കാം. വ്യത്യസ്തസമുദായങ്ങളുടെ കൂട്ടായ്മയുടെ പങ്കാളിത്തമാണ് ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന്റെ പ്രത്യേകത. എങ്കിലും ഓരോ സമുദായവും അവരവരുടെ കലകൾ അവതരിപ്പിക്കുന്നത് ശ്രീകോവിലിൽ നിന്നും നിശ്ചിതമായ അകലം പാലിച്ചുകൊണ്ടാണ്. ഇത് ഒരു രേഖാചിത്രത്തിലൂടെ അവതരിപ്പിക്കുന്നു.




1. ബ്രാഹ്മണൻ (പൂജ)
2. മാരാർ (കളമെഴുത്ത്)
3. ബ്രാഹ്മണൻ (ക്ഷേത്രംവക പൊങ്കാല)
4. വ്യത്യസ്ത ജാതിക്കൂട്ടായ്മ (താലപ്പൊലി)
5. വ്യത്യസ്ത ജാതിക്കൂട്ടായ്മ (ഗരുഡൻ പറവ)
6. വ്യത്യസ്ത ജാതിക്കൂട്ടായ്മ (ചുറ്റുവിളക്ക്)
7. കുറുപ്പ് (മുടിയേറ്റ്)
8. ബ്രാഹ്മണൻ (കലംകരി)
9. വ്യത്യസ്ത ജാതിക്കൂട്ടായ്മ (പൊങ്കാല)
10. വ്യത്യസ്ത ജാതിക്കൂട്ടായ്മ (ഭരണിയൂട്ട്)
11. ബ്രാഹ്മണൻ, മാരാർ (ഗുരുസി)
12. ഈഴവർ (ഐവർകളി)
13. ദളിതർ (മുടിയാട്ടം)
14. കുറുപ്പ് (കാളിപുറപ്പാട്)

ഐവർകളി ഈഴവരുടെയിടയിൽ നിന്നെത്തുന്ന ഒരു അനുഷ്ഠാന കലയും മുടിയാട്ടം ദളിദ്സമൂഹത്തന്റെ അനുഷ്ഠാനകലയുമാണ്. കേരള ത്തിന്റെ അവതരണകലകളും അവയുടെ അവതരാണാവകാശവും പരിശോ ധിച്ചാൽ ചന്ദനശ്ശേരിക്കാവിൽ ഇവയുടെ അവതരണങ്ങൾ മുടിയേറ്റു ത്സവത്തിന്റെ അവിഭാജ്യഘടകമായി നിലകൊള്ളുന്നു. മുടിയേറ്റുത്സവത്തെ നിർമിക്കുന്നത് വിവിധ അവതരണങ്ങളുടെ നൈരന്തര്യത്തോടുകൂടിയ ശൃംഖലയാണ്. സ്വാഭാവികമായും ഈ ശൃംഖലയിലെ ഓരോഅവതരണവും അനുക്രമമായി പരസ്പരബന്ധിതമാണ്. വിവിധ അനുഷ്ഠാനസാഹചര്യങ്ങൾ ഒരുക്ഷേത്രത്തിലെ മുടിയേറ്റിന്റെ അവതരണത്തിന് നിയാമകമാകുന്നു എന്നതിനുതെളിവാണ് ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ്.

# കുറിപ്പുകൾ

1) 'കാളിം മേഘസമപ്രഭാം
   ത്രിനയനാം വേതാളകണ്ഠസ്ഥിതാം
   ഖഡ്ഗം ഖേടകപാലദാരികശിര:-
   കൃഷ്ണാ കരാഗ്രേഷു ച
   ഭൂതപ്രേതപിശാചമാതൃസഹിതാം
   മുണ്ഡ സൃജാലംകൃതാം
   വന്ദേ ദുഷ്ടമസൂരികാദിവിപദാം
   സംഹാരിണീംഈശ്വരീം ' എന്ന മൂലമന്ത്രം ജപിക്കുന്ന ക്ഷേത്രങ്ങൾ
2) ആവേദകൻ : കുഞ്ചരക്കാട്ടില്ലത്തെ നീലകണ്ഠൻനമ്പൂതിരി
3) ആവേദകൻ : രാമകൃഷ്ണമാരാർ
4) ഇത് വിഘ്നേശ്വരനുള്ള നിവേദ്യമാണ്
5) മുടിയേററ് നടക്കുന്ന ദിവസംചന്ദനശ്ശേരിക്കാവിലെ ദേവിയുടെ കൈയിലിരിക്കുന്ന വാളിലാണ് കാപ്പ്കെട്ടുന്നത്. മററ് ക്ഷേത്രങ്ങളിൽ ഇങ്ങനെ ഒരു ചടങ്ങില്ല
6) മുടിയേററും മുടിയേററിനോടനുബന്ധിച്ചുള്ള കളമെഴുത്തുംപാട്ടും നടക്കുന്നു എന്നതിന്റെ മുന്നറിയിപ്പ്
7) ആവേദകൻ : പുള്ളോലിക്കൽ ശ്രീധരൻ
8) ആവേദകൻ : പുള്ളോലിക്കൽ ശ്രീധരൻ
9) കളമെഴുതിയ വലിയമ്പലത്തിൽ തന്നെയായിരുന്നു ആദ്യകാലത്ത് കലാകാരന്മാർ ഒരുങ്ങിയിരുന്നത്
10) തലയിൽ വെയ്ക്കുന്ന ഭാഗത്ത് മുടിയിൽ കാണുന്ന ചുവന്നപട്ട്. മുടിവെയ്ക്കുമ്പോൾ ഇതു പുറകോട്ടുമാററിയിട്ടാണ് വെയ്ക്കുന്നത്
11) ചുവന്നപട്ടുകൊണ്ട് പൊതിഞ്ഞാൽ ഒരശുദ്ധിയും ഉള്ളിലേയ്ക്കേശില്ല
12) ഡബിൾമുണ്ട് ഞൊറിഞ്ഞുടുത്ത് ഒരുചാൺനീളത്തിൽ മടക്കി അരയിൽ കെട്ടി ഉറപ്പിച്ചശേഷം വിടർത്തിയെടുക്കുന്നു

13) കാളിവേഷംകെട്ടുന്ന ശ്രീ. നാരായണക്കുറുപ്പുമായുള്ള അഭിമുഖം

14) വരിക്കപ്ലാവിന്റെ കാതൽ കിരീടത്തിന്റെ ആകൃതിയിൽ കടഞ്ഞെടുത്ത് ഇതിൽ കൃഷ്ണമുടി ഉറപ്പിക്കുന്നു

15) സ്വയം വട്ടംതിരിഞ്ഞുകൊണ്ട് വിളക്കിന് പ്രദക്ഷിണംവെയ്ക്കുക

16) വിളക്കിന് 'പതിരി'തിരിഞ്ഞ് രണ്ടുപ്രാവശ്യം പ്രദക്ഷിണംവെയ്ക്കുക

17) പതിരിപോലെ വിളക്കിനുള്ള പ്രദക്ഷിണം പൂർണമാക്കാതെ വളരെ വേഗം തിരിച്ചും മറിച്ചും പ്രദക്ഷിണം. പിന്നീട് വേഗത കുറഞ്ഞുകുറഞ്ഞ് അവസാനം നിൽക്കുന്നിടത്തുതന്നെ നിന്ന് പതിരിതിരിയുന്നു

18) ചെറിയകുട്ടികളെ കൈയിലെടുത്ത് കാളി വിളക്കിനു ചുററും പതിരിതിരിയുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു

19) ആവേദകൻ : നീലകണ്ഠൻനമ്പൂതിരി

20) ആവേദക : മറിയാമ്മച്ചേടത്തി